വാല്യം 64

തൊടുപുഴ ബ്ലോക്ക്

(ഇടുക്കി ജില്ല)

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

"ഒൻപതാം പദ്ധതി ജനകീയ പദ്ധ

അധികാരം ജനങ്ങളിലേക്ക്

കുമാര മംഗലം ഗ്രാമ പഞ്ചായത്ത്

ജനകീയാസൂത്രണ വികസന

റിപ്പോർട്ട്

കുമാര മംഗലം ഗ്രാമ പഞ്ചായത്ത്

With best compliments from.

Cryptms

DELICIOUS CHOCOLATES

CRYPTMS FANTASSY CHOCOLATES

CRYPTM CONFECTIONERS (INDIA) PVT. LTD;

POST BOX No. 10
KANJIRAMPARA ROAD
THODUPUZHA -685584

TEL: (04862) 22079, 22880
FAX: (04862) 24715





"എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും
ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും."

മഹാത്മാ ഗാന്ധി

കുമാരമംഗലം
ഗ്രാമപഞ്ചായത്ത്
കുമാരമംഗലം പി.ഒ
ഇടുക്കി ജില്ല. Ph: 22687

പഞ്ചായത്തിന്റെ മാപ്പ്





സന്ദേശം

മുഖാരമംഗലം ഗ്രാമ പഞ്ചായത്ത് വികസന രേഖ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.

ഈ ജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും സമഗ്രവും അടിസ്ഥാനപരമായ മുന്നേറ്റം എന്ന വികസന നയ സമീപന തന്ത്രമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. മുറ ഏറെ റോഡുകളും പാലങ്ങളും നിർമ്മിക്കൽ മാത്രമാണ് വികസനം എന്ന ധാരണ മാറ്റി ഉൽപാദന ക്ഷമതയും നീതിപൂർവ്വമായ വിതരണവും കൂടിയാണ് വികസനമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടിരിക്കുന്നു.

വിവിധ വകുപ്പുകളുടെ ചുവപ്പു നാടയിൽ മുരുങ്ങി ശ്വാസം മുട്ടുന്ന വികസനത്തെ അഴലും പിടിയും മാറ്റി അഴിമതി രഹിതമായ സംവിധാനം ഒരുക്കുക എന്നുള്ളത് ക്ഷിപ്രസാദ്ധ്യമല്ല.


വിഭവങ്ങളില്ലാതെ വികസനം അസാദ്ധ്യമാണ്. സർക്കാർ ഫണ്ട് മാത്രം ആശ്രയിച്ചു കൊണ്ടുള്ള വികസനം പലപ്പോഴും അപൂർണ്ണമായിരിക്കും. അതുകൊണ്ട് വിഭവസമാഹരണത്തിന് മനുഷ്യാദ്ധ്വാനം അടക്കമുള്ള മേഖലകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയണം. ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മാത്രമേ ഈ ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയൂ. ഈ രീതിയിൽ ഒരു വികസന മുന്നേറ്റം നടത്തുവാൻ മുഖാരമംഗലം പഞ്ചായത്തിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

വിജയാശംസകളോടെ

പി. ജെ. ജോസഫ്.

അണിയറ ശിൽപികൾ

എഡിറ്റർ



വി.പി. ഗോപാലൻ മാസ്റ്റർ

എഡിറ്റോറിയൽ സ്റ്റാഫ്

ഷീല ജോസഫ്

എം.ടി. തങ്കച്ചൻ

ഡെയ്സി ജോർജ്ജ്

സ്മിയാച്ചൻ പി. ജോർജ്ജ്

ജോണി ജോസഫ്

വി.എ. മുഹമ്മദ്

മേരി വർമ്മി

ഒ. മൃഗ്നാമൂർത്തി

മുത്തപ്പൻ ചാത്തൻ

എസ്.ആർ. ഹരിദാസ്

വിലാസ ജോസ്

കുമാരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതി



ഷീലാ സ്റ്റീഫൻ
ജില്ല പ്രസിഡൻറ്




ഷീലാ ജോസഫ്
പ്രസിഡൻറ്



ഡെയ്സി ജോർജ്ജ്
ബ്ലോക്ക് മെമ്പർ




എസ്.ആർ. ഹരിദാസ്
വൈ. പ്രസിഡൻറ്




ജോബി ജോസഫ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ



സ്കറിയാച്ചൻ പി. ജോർജ്ജ്



വി.എ. മുഹമ്മദ്




കുഞ്ഞപ്പൻ ചാത്തൻ



ലീലമ്മ ജോസ്



മേരി വർക്കി



കെ.ജി. രാഘവൻ
സെക്രട്ടറി

സമർപ്പണം

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പടിവാതുക്കൽ ലോകം എത്തി നിൽക്കുമ്പോൾ സ്വാതന്ത്ര്യസമരത്തിന്റെ അൻപതാം വാർഷികത്തിൽ നാം എത്തി നിൽക്കുന്നു. ഈ കൊച്ചു കേരളം ജനകീയാസൂത്രണ പ്രസ്ഥാനം ലോകത്തിൽ സഹസ്ര സൂര്യതേജസ്സോടെ വർണ്ണരാജികൾ വിതറികൊണ്ട് പ്രയാണം ആരംഭിച്ചിരിക്കുന്നു.

ഇവിടെ സ്വപ്നങ്ങൾ ചിറകുവിരിച്ച് ദിഗന്തങ്ങൾക്കപ്പുറം സഞ്ചരിക്കുന്നു. യാഥാർത്ഥ്യബോധത്തിന്റെ എല്ലാ നൻമകളോടും കൂടി സമൂഹത്തെ തന്നിലേക്ക് ആവാഹിക്കുന്നു. ജനാതിപത്യം അർത്ഥപൂർണ്ണമാകുന്നു. രാഷ്ട്രപിതാവിന്റെ ആത്മാവ് സ്വപ്നസാക്ഷാൽക്കാരത്താൽ സായൂജ്യമടയുമ്പോൾ അകലെനിന്നും ഗ്രാമത്തിന്റെ പൊട്ടിച്ചിരിയും ഉണർത്തുപാട്ടും അടുത്തടുത്ത് വന്ന് ശ്രവണ മധുരമായ ജനകീയാസൂത്രണ ഗാനമായി അന്തരീക്ഷത്തിൽ അലിഞ്ഞുചേരുന്നു.

നൂറ്റാണ്ടുകൾ ചവിട്ടിയരച്ച ജനാതിപത്യത്തിന്റെ അർത്ഥതലങ്ങൾക്ക് അംഗീകാരം ലഭിക്കുന്നു. പട്ടിണിപ്പാവങ്ങളുടെ പരിശുദ്ധമനസ്സിൽ പറുദീസ ഇറങ്ങിവരുന്ന പ്രതീതി ജനിക്കുന്നു.

ചരിത്രത്തിന്റെ ദശാസന്ധിയിൽ ഒരു നിയോഗം പോലെ അധികാരം ജനങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നു. മലയാളക്കരയുടെ മഹത്വം മഹാമേരുവും കടന്ന് മാനസ സരസ്സിലെത്തുമ്പോൾ ഈ കുമാരമംഗലവും ആ മഹാ യജ്ഞത്തിൽ സന്ധിച്ചുകൊണ്ട് അനന്തമായ വികസനജ്യോതി തെളിച്ചുകൊണ്ട്, ഒരു പിടി സുഗന്ധപുഷ്പങ്ങൾ ഈ മണ്ണിൽ സമർപ്പിക്കുന്നു.

വികസന സമിതി.

✻ താളുകൾ മറിക്കുമ്പോൾ ✻

		പേജ്
1.	സമർപ്പണം	9
2.	ആമുഖം	13
3.	പഞ്ചായത്ത് പൊതുവിവരണം	14
4.	സാമൂഹിക സാംസ്കാരിക ചരിത്രം	15
5.	ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി	18
6.	സാമൂഹിക സാമ്പത്തിക മേഖലകൾ	23 -67
6 -1	കൃഷിയും ജലസേചനവും	23
6 -2	മൃഗസംരക്ഷണവും മത്സ്യകൃഷിയും	27
6 -3	വ്യവസായം	31
6 -4	വിദ്യാഭ്യാസം	35
6 -5	കുടിവെള്ളവും പൊതുജനാരോഗ്യവും	39
6 -6	ഗതാഗതം ഊർജ്ജം മാർക്കറ്റ്	45
6 -7	സംസ്ക്കാരം	49
6 -8	സഹകരണ മേഖല	51
6 -9	പാർപ്പിടവും സാമൂഹ്യക്ഷേമവും	54
6 -10	വനിത	63
6 -11	പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	65
6 -12	വിഭവ സമാഹരണം	67
7	ഉപസംഹാരം	73
8	പ്രവർത്തന രേഖ	75
9	കവിത -കെ.ജി. ഇടക്കോലി	77
10	വികസനരേഖ തയ്യാറാക്കിയവർ	79

ആമുഖം

ജനകീയാസൂത്രണ പ്രസ്ഥാനം എന്ത്? എന്തിന്?

ഭാരതം സ്വതന്ത്രമായിട്ട് അൻപതുവർഷം പൂർത്തിയാകുന്നു. ഈ കാലയളവിൽ നാം വിഭാവനം ചെയ്തപൊലെ ഭരണരംഗത്ത് വിജയിക്കാനായില്ല. ജനാതിപത്യം മതേതതം സോഷ്യലിസം എന്ന അടിസ്ഥാനപ്രമാണങ്ങൾക്ക് അതിന്റെ അന്തസത്ത പൂർത്തീകരിക്കാനായില്ല. ജനങ്ങൾക്ക്വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന ജനാതിപത്യത്തിന്റെ പൊരുൾ ഇനിയും നമുക്ക് കണ്ടെത്തേയിരിക്കുന്നു.

അധികാരവും ആസൂത്രണവും മുകൾത്തട്ടിൽനിന്നും താഴെത്തട്ടിലേക്ക് പ്രവഹിക്കുകയായിരുന്നു ഇതുവരെ. സാധാരണക്കാരന് അവന്റെ ജീവിത പ്രശ്നങ്ങളിൽ നേരിട്ട് ബന്ധപ്പെടാനും, അവന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അംഗീകരിക്കപ്പെടാനും, അങ്ങനെ ഭരണകാര്യങ്ങളിൽ പങ്കാളിത്തം വഹിക്കാനും ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ടു സാധിക്കുന്നു. മുൻധാരണയ്ക്ക് നേരെ വിപരീതമായ ഒരു ദിശാമാറ്റമാണ് ഇവിടെ വിഭാവനം ചെയ്യതിരിക്കുന്നത്. ഈ വികസന സംസ്കാരത്തിൽ ജാതി മത ഭിന്നതകൾക്കോ പ്രാദേശികതാത്തിനോ കക്ഷിരാഷ്ട്രീയത്തിനോ പ്രസക്തിയില്ല. മുൻഗണനാക്രമത്തിലുള്ള ജനങ്ങളുടെ ആവശ്യങ്ങൾക്കാണ് പ്രാധാന്യം.

ജനകീയ പദ്ധതിയായ ഒൻപതാം പദ്ധതി വികസന ചരിത്രത്തിലെ ഒരു നാഴികകല്ലാണ്. 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക് ലഭിക്കും. കേരളസർക്കാരിന്റെ മറ്റു ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളും സന്നദ്ധസംഘടനകളും വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ ജനകീയ സംഭാവനകൾ (പണം, വിഭവം, അദ്ധ്വാനം) തുടങ്ങിയ വികസന സ്രോതസ്സുകൾ വഴി ഇന്നനുഭവിക്കുന്ന വികസന പ്രശ്നസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഒരളവുവരെ പരിഹാരം കാണാൻ കഴിയുമെന്നത് വാസ്തവം തന്നെ. പദ്ധതി നടത്തിപ്പിൽ വരുന്ന കാലതാമസം, അഴിമതി, അശാസ്ത്രീയത തുടങ്ങിയ കാര്യങ്ങൾക്ക് വിരാമമിടാൻ ഗ്രാമസഭകൾക്ക് കഴിയും.

ത്രിതല പഞ്ചായത്തീരാജ് സംവിധാനം നടപ്പിൽ വരാൻ കഴിഞ്ഞതാണ് ഭരണരംഗത്ത് ഇത്തരം ഒരു ദിശാമാറ്റം ആരംഭിക്കാൻ പ്രചോദകമായത്. ഈ രംഗത്ത് ഇന്ത്യയ്ക്ക് മാതൃകയാകാൻ കേരളത്തിനു കഴിഞ്ഞത് ഇവിടുത്തെ ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയാണ് കാണിക്കുന്നത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്നും ഗ്രാമം ഉണർന്നാൽ ഇന്ത്യ ഉണർന്നെന്നും ഗ്രാമം നശിച്ചാൽ ഇന്ത്യ നശിച്ചെന്നും പ്രഖ്യാപിച്ച മഹാത്മജിയുടെ വാക്കുകൾ അനവർത്ഥമാകുന്നത് ഗ്രാമസഭകൾ സജീവമാകുമ്പോഴാണ്. അധികാരം ജനങ്ങളിലേക്കെന്ന ആപ്തവാക്യം ഇവിടെ അർത്ഥപൂർണ്ണമാകുന്നു. ജനകീയാസൂത്രണവും നിർവഹണവും യാഥാർത്ഥ്യമാക്കാൻ കാലം കാതോർത്തിരിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നിട്ടുള്ള ആഹ്ളാദത്തോടെ കുമാരമംഗലം പഞ്ചായത്തിന്റെ സമഗ്രവികസന രേഖ, നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ ഇന്നുതന്നെ പങ്കുചേരാനുള്ള ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

പഞ്ചായത്ത് പൊതുവിവരണം

പേര്	-	കുമാരമംഗലം പഞ്ചായത്ത്
വില്ലേജ്	-	കുമാരമംഗലം
ബ്ലോക്ക്	-	തൊടുപുഴ
താലൂക്ക്	-	തൊടുപുഴ
ജില്ല	-	ഇടുക്കി
അസംബ്ലിമണ്ഡലം	-	തൊടുപുഴ
പാർലമെൻറ്	-	ഇടുക്കി
വിസ്തീർണ്ണം	-	19.35 ച.കി.മീറ്റർ
വാർഡ്	-	8
ജനസംഖ്യ	-	13728 (1995 സെൻസസ്)
പുരുഷൻ	-	6903
സ്ത്രീ	-	6825
ച.കി.മീറ്ററിന് ജനസംഖ്യ	-	709
ആകെ വീട്	-	2610

അതിരുകൾ	-	കിഴക്ക്	കോടിക്കുളം പഞ്ചായത്ത്
		പടിഞ്ഞാറ്	കല്ലൂർക്കാട് മഞ്ഞള്ളൂർ പഞ്ചായത്ത്
		തെക്ക്	തൊടുപുഴ മുൻസിപ്പാലിറ്റി
		വടക്ക്	കലൂർപുഴ, പൈങ്ങോട്ടൂർ പഞ്ചായത്ത്

സാമൂഹിക സാംസ്കാരിക ചരിത്രം

കേരളചരിത്രത്തിലെ കീഴ്മലനാടിന്റെ തലസ്ഥാനമായിരുന്നു കാരിക്കോട്. കീഴ്മലനാടിന്റെ അതിര് മൂവാറ്റുപുഴ വരെ വ്യാപിച്ചിരിക്കുന്നു. കാരിക്കോട് നിന്ന് മധുരയ്ക്കും കൊടുങ്ങല്ലൂക്കും വാണിജ്യബന്ധമുണ്ടായിരുന്നു. കൊടുങ്ങല്ലൂർക്കുള്ള വഴി കുമാരമംഗലം പ്രദേശത്തുകൂടി കടന്നുപോയിരുന്നു. പ്രസിദ്ധമായ കോടിക്കുളത്തു നിന്നുള്ള വഴിയും ഇതിലെ തന്നെ ആയിരുന്നു. വള്ള്യനിക്കാടുശാസ്താവു റോഡും വള്ള്യാനിക്കാട് പുല്ലാപ്പള്ളികണ്ടം റോഡും ഇതിന്റെ തെളിവാണ്. ക്രിസ്തു വർഷം പത്താം ശതകം മുതൽ കീഴ്മലനാടിന്റെ ഒരു ശാഖ കുമാരമംഗലത്ത് താമസിച്ചിരുന്നതുകൊണ്ടാണ് കോയിക്കൽ എന്ന കുടുംബ പേര് ഇന്നും നിലനിൽക്കുന്നത്. കുമാര മംഗലം വള്ള്യാനിക്കാട്ടു ക്ഷേത്രത്തിന്റെ സ്ഥാപകർ ആ രാജകുടുംബം ആണെന്നു പറയപ്പെടുന്നു.

കുമരൻ എന്നു പേരുള്ള ഒരു രാജാവ് ക്ഷേത്രവും മഠങ്ങളും ഊട്ടുപുരകളും അഗതി മന്ദിരങ്ങളും മറ്റും സ്ഥാപിച്ച് ഇവിടെ സമംഗളം നാടുവാണിരുന്നു. കുമാരമംഗലം എന്ന പേര് ഇങ്ങനെ വന്നു ചേർന്നതാണെന്ന് വിശ്വസിക്കുന്നു. ഊട്ടുമറ്റം എന്ന സ്ഥലം കുമാരമംഗലത്ത് ഉണ്ട്. കാലക്രമേണ കുമാരമംഗലം കോരമംഗലം ആയും അറിയപ്പെട്ടിരുന്നു.

ബ്രാഹ്മണാധിപത്യം ഇവിടെയും നിലനിന്നിരുന്നു. പെരുമ്പതിക്കാട്ടുമനയ്ക്കായിരുന്നു ഈ പ്രദേശത്തിന്റെ ആധിപത്യം. ഏഴില്ലങ്ങൾ ചേർന്ന ഊരാണ് ഏഴല്ലൂർ എന്നു പറയുന്നു. ഈ കാലത്ത് തന്നെ കീഴ്മലനാട്ടിൽ പ്രസിദ്ധനായ ഒരു നായർ പ്രഭു ആയിരുന്നു നെടുമാക്കൽ പാണിക്കല്യാർ. മൈലക്കൊമ്പിൽ കാഞ്ഞിരക്കാട്ട് കാവ് സ്ഥിതിചെയ്യുന്ന സ്ഥലമാണത്. ഇടുക്കി ജില്ലയിലെ ഏറ്റവും പഴക്കമുള്ള പള്ളി മൈലക്കൊമ്പ് പള്ളിയാണ്. തൊള്ളായിരം വർഷത്തിലധികം പഴക്കം ആ പള്ളിക്കുണ്ട്. വലിയ വീട്ടിൽ പള്ളിയാണ് ഏറ്റവും പഴക്കമുള്ള മുസ്ലീം ദേവാലയം.

15 ാം ശതകം മുതൽ പ്രശസ്തരായ പല നായർ പ്രഭു കുടുംബങ്ങളും ഇവിടെ ഉണ്ടായിരുന്നു. പാഴൂർ നായർ, പുളിയമ്മനാൽ നായർ, വഴുതാലക്കാട്ടു നായർ, അരയനാൽ നായർ, ഏഴല്ലൂർ പടൈക്കാട്ടു പണിക്കർ, കലൂർ ഇഞ്ചിക്കാട്ടു പണിക്കർ തുടങ്ങിയവർ അക്കൂട്ടത്തിൽ പ്രശസ്തരായിരുന്നു.

പെരുമ്പതിക്കാട്ടു ഭട്ടതിരിയിൽ നിന്നും പാഴൂർ നായർ തറവാടിന്റെ പക്കൽ ഈ പ്രദേശത്തിന്റെ അവകാശം വന്നുചേർന്നു. അവരിൽനിന്നുമാണ് മലയാറ്റിൽ കുടുംബക്കാരുടെ കൈവശം ഇന്നത്തെ കുമാരംഗലം പ്രദേശത്തിന്റെ ഉടമസ്ഥത വന്നു ചേർന്നത്. സമീപ പ്രദേശങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഇന്നു കുമാരമംഗലം ഏറെ പ്രസിദ്ധമല്ലെങ്കിലും പ്രതാപൈശ്വര്യങ്ങളുടെ ഒരു ശതകാലചരിത്രം ഈ നാടിന്നുണ്ടായിരുന്നു.

പെരുമ്പള്ളിച്ചിറയും ഏഴല്ലൂരും കലൂരും ഈ കാലഘട്ടത്തിൽ പ്രസിദ്ധങ്ങളായ സ്ഥലങ്ങളായിരുന്നു. ഒരു കീഴ്മനനാട്ടു രാജാവ് തീർപ്പിച്ചതാണ് പെരുമ്പിള്ളിച്ചിറ. മീനച്ചിൽ താലൂക്കിൽ നിന്നു വന്നു താമസിച്ച മുണ്ടോത്തു വാര്യരുടെ പരമ്പരയാണ് ഇന്നിവിയെ താമസിക്കുന്ന പെരുമ്പിള്ളിച്ചിറ വാര്യർ കുടുംബം. പണ്ഡിതരും വൈദ്യശാസ്ത്ര വിശാരതരുമായിരുന്നു അവർ. അവിടെയുള്ള ശ്രീകൃഷ്ണക്ഷേത്രം അതിപുരാതനമാണ്.

തൊടുപുഴ ദേവസ്വം വക ഒരു ക്ഷേത്ര സമുച്ചയംതന്നെ ഏഴല്ലൂരിൽ ഉണ്ടായിരുന്നു. അതിന്റെ അവശിഷ്ടമായ ശാസ്താവുക്ഷേത്രം മാത്രമാണ് ഇന്നു നിലനിൽക്കുന്നത്.

സാംസ്കാരികരംഗം.

ചതുർവർണ്ണ്യ വ്യവസ്ഥയുടെ ഉൽപന്നമായ ജാതിവ്യവസ്ഥ ഇവിടേയും നിലനിന്നിരുന്നു. നാടുവാഴിത്തവും ജൻമി കുടിയാൻ അടിയാൻ ബന്ധങ്ങളും നിലനിന്നിരുന്നെങ്കിലും ഒരു പരിധിക്കപ്പുറം അതിന്റെ ക്രൂരത ഇവിടെ അനുഭവപ്പെട്ടിരുന്നതായി പറഞ്ഞുകേട്ടിട്ടില്ല. അയിത്തം നിലനിന്നിരുന്നു. ഓണക്കാലത്ത് ജൻമി പുലയർക്ക് കൊടുക്കുന്ന 'ഓണപ്പേറും' കുടിയാനും അടിയാനും ജൻമികൊടുക്കുന്ന ഓണക്കാഴ്ച്ചയും ഇവിടെ നിലനിന്നിരുന്നു. എല്ലാജാതി മതസ്ഥരും ഈ പ്രദേശത്തിണ്ടായിരുന്നുവെങ്കിലും മതസൗഹാർദത്തോടെ തന്നെ അന്നും ഇന്നും കഴിഞ്ഞു വരുന്നു.

സാമൂഹ്യ പരിഷ്കരണത്തിന്റെ ഒരു പ്രധാന ഘടകമാണല്ലോ അയിത്തത്തിനെ തിരായുള്ള പ്രവർത്തനങ്ങൾ. ആ രംഗത്തുനടന്ന ഏതാനും കാര്യങ്ങൾ പ്രത്യേകം പ്രസ്താവ്യ മാണ്. സവർണ്ണരുടെ കിണറ്റിൽനിന്നും അവർണ്ണരെ ആദ്യമായി വെള്ളംകോരാൻ അനുവദിച്ചത് വാഴയിൽ P. നാരായണൻ നായരും സമൂഹ സദ്യനടത്തിയത് മൂലമ്പുഴക്കാരും വള്ളിൽകുന്നേക്കാരുമാണെന്നു പറയപ്പെടുന്നു. അക്കാലത്ത് ഇതൊക്കെ വലിയ സംഭവങ്ങ ളായിരുന്നു.

കുമാരമംഗലത്തിന്റെ ഇന്നത്തെ സാമൂഹ്യ വളർച്ചക്ക് കാര്യമായ സംഭാവന നൽകിയിട്ടുള്ളതിൽ പ്രധാനികൾ മലയാറ്റിൽ കുടുംബക്കാരാണ്. പകുതികച്ചേരി സ്കൂൾ തുടങ്ങി പതിനൊന്ന് പൊതു സ്ഥാപനങ്ങൾക്ക് സ്ഥലം സൗജന്യമായി കൊടുത്തത് അവരാണ്, കൂടാതെ സാമ്പത്തിക സഹായവും.

ശ്രീമൂലം തിരുനാൾ പകുതികൾതോറും സ്കൂൾ അനുവദിച്ച കൂട്ടത്തിലാണ് കുമാരമംഗലത്തും ഒരു സ്കൂൾ അനുവദിച്ചത്. പഴയ കുമാരമംഗലം കല്ലൂർക്കാടും മഞ്ഞള്ളൂരും ഉൾപ്പെട്ട പ്രദേശമായിരുന്നു.

രസകരമായ സംഭവം

ഒരു എൽ.പി. സ്കൂൾ കുമാരമംഗലത്ത് അനുവദിച്ചതറിഞ്ഞ് ചില തൽപ്പരകക്ഷികൾ ഇവിടെ അനുവദിച്ച സ്കൂൾ വാഴക്കുളമട്ടത്തുള്ള വേങ്ങച്ചുവട്ടിൽ സ്ഥാപിച്ചു. ഇതറിഞ്ഞ് ഇവിടുത്തെ നായർ പ്രമാണിമാരായ വരാപ്പിള്ളിൽ ഗോവിന്ദൻനായരും കാരക്കുന്നേൽ കൃഷ്ണൻനായരും സംഘവും അവിടെച്ചെന്ന് സ്കൂൾഷെഡ് പൊളിച്ചുകളഞ്ഞ് സ്കൂൾ ഉപകരണങ്ങളുമായി കിമാരമംഗലത്തെത്തി. മാലയാറ്റിൽനിന്നും സംഭാവന നൽകിയ സ്ഥലത്ത് സ്കൂൾ സ്ഥാപിച്ചു. ഇത് 1917 ൽ ആണ്. അങ്ങനെ ഇവിടത്തെ ആദ്യത്തെ വിദ്യാലയം ഉയർന്നു. ഇന്ന് അതിന് 80 വയസ്സാകുന്നു. ഔപചാരിക വിദ്യാഭ്യാസം ഇവിടെ ആരംഭിച്ചത് ഇങ്ങിനെയാണ്.

വൈദ്യശാസ്ത്രം

ആയുർവേദ രംഗത്ത് പ്രശസ്തരായ ഭിഷഗ്വരൻമാർ ഇവിടെയുണ്ടായിരുന്നു. മഠത്തിൽ വൈദ്യൻ, വാര്യത്തു വൈദ്യൻ, കുന്നക്കാട്ടു വൈദ്യൻ തുടങ്ങിയവർ അന്യ നാട്ടിലും പ്രശസ്തരായിരുന്നു. ചേന്നാൽ വൈദ്യൻ എന്നറിയപ്പെട്ടിരുന്ന കെ.എൻ. കുമാരമംഗലത്തിന്റെ 'ഫ്രോഗ് ഇൻ വിറ്റ്' എന്ന രസായനം ഗവൺമെൻറിന്റെ സ്വർണ്ണമെഡലിന് അർഹമായിട്ടുണ്ട്.

സാഹത്യ കലാരംഗം.

വളരെ പ്രസിദ്ധരായ സാഹിത്യകാൻമാരോ കലാകാരൻമാരോ ഇവിടെ ഉണ്ടായിരുന്നില്ല. എങ്കിലും വള്ളിക്കുന്നേൽ ഗോപാലൻ നായർ, പി.ജി. രാമൻ എന്ന രാമച്ചൻ ആശാൻ തിടങ്ങി ഏതാനും പേരെ ഓർക്കേണ്ടതുണ്ട്. രാമച്ചൻ ആശാന്റെ നേതൃത്വത്തിൽ 70 വർഷം മുമ്പുമുതൽ ഒരു നാടകസംഘം ഇവിടെ പ്രവർത്തിച്ചിരുന്നു. സദാരാമാ, നല്ല തങ്കാൾ തുടങ്ങിയ നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. ഈ നാട്ടിലെ അന്നത്തെ ചെറുപ്പാക്കാരായിരുന്നു നടീനടൻമാർ. കഥകളി, കോൽകളി, പരിശുമുട്ടുകളി മുടിയാട്ടം തുടങ്ങിയ നാടൻ കലകൾ ഇവിടെ ഉണ്ടായിരുന്നു. അനുഷ്ഠാനകലകളായ മുടിയേറ്റും ഗരുഡൻതൂക്കവും വള്ളിയാനിക്കാട്ടുകാവിലെ ഉൽസവത്തിലെ പ്രധാന ഇനമായിരുന്നു. ഇന്നും അതു നടക്കുന്നുണ്ട്. മലയാറ്റിൽ കേശവൻ നായർ ഒരു ജോതിഷ പണ്ഡിതനായിരുന്നു.

ഗതാഗതം

1926 ലാണ് വെങ്ങല്ലൂർ കലൂർ റോഡ് നിർമ്മിക്കുന്നത്. അന്നുവരെ അതൊരു നടപ്പാതയായിരുന്നു. 1948 കാലത്താണ് ബസ് സർവ്വീസ്സ് ആരംഭിക്കുന്നത്. 1950 നു ശേഷമാണ് മെറ്റലിംങ്ങും ടാറുംങ്ങും നടക്കുന്നത്.

ദേശിയ പ്രസ്ഥാനവും കുമാരമംഗലവും.

സ്വാതന്ത്ര്യസമര പ്രസ്ഥാനം കേരളത്തിൽ വ്യാപിക്കുന്നതിനുമുമ്പ് തന്നെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനമാണ് ആരംഭിച്ചത്. ഇതും സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കാൽവയ്പുതന്നെ. എങ്കിലും കിറ്റ് ഇന്ത്യ സമരത്തോടെയാണ് സ്വാതന്ത്ര്യ സമരം ഒരു പുതിയ ഘട്ടത്തിലേക്ക് നീങ്ങുന്നത്. അതിനുമുമ്പുതന്നെ തൊടുപുഴയിലും കുമാരമംഗലത്തും കോൺഗ്രസ് പ്രവർത്തനം ഉണ്ടായിരുന്നു.

കോൺഗ്രസ്സുകാർ സോഷ്യലിസ്റ്റു കോൺഗ്രസ്സുകാരും അവരിൽ ചിലർ പിന്നീട് കമ്മ്യൂണിസ്റ്റുകാരുമായി മാറി. ഇത് ഇവിടെ മാത്രമുള്ള പ്രത്യേകതയല്ല. സഖാവ്. കെ.എൻ കുമാരമംഗലമാണ് ആ രംഗത്ത് പ്രാതസ്മരണീയൻ. കമ്മ്യൂണിസ്റ്റുകാർ സാമൂഹ്യ ദ്രോഹികളാണെന്ന് ചിലർ ചിത്രീകരിച്ചിരുന്ന കാലത്ത് ഏവരുടേയും ആദരവ് പിടിച്ചുപറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. കർഷകരേയും കർഷക തൊഴിലാളികളേയും സാധാരണക്കാരേയും സംഘടിപ്പിച്ച് ഇവിടെ ഒരു ജനകീയ മുന്നേറ്റം ഉണ്ടാക്കാൻ അദ്ദേഹത്തിനും സുഹൃത്തുക്കൾക്കും കഴിഞ്ഞിട്ടുണ്ട്. കോൺഗ്രസ്സ് പ്രവർത്തകരായും ഏതാനും പ്രാദേശിക നേതാക്കൻമാരുണ്ട്. എബ്രഹാം അടപ്പൂരാണ് എടുത്തുപറയേണ്ട കോൺഗ്രസ്സ് പ്രവർത്തകൻ. പി. നാരായണൻനായർ പേരേക്കാട്ടു ദാമോദരൻ നായർ, എം.ജെ. എബ്രഹാം അടപ്പൂർ. എം.കെ. കേശവൻ മൂലമ്പുഴ, ജി. രവീന്ദ്രൻ നായർ വരാപ്പിള്ളി, എസ്. രാഘവൻ നായർ വാഴയിൽ, കൊന്താലം റാവുത്തർ അറഞ്ഞനാൽ എന്നിവർ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവരാണ്. രണ്ടാം ലോകമഹായുദ്ധ കാലത്ത് പട്ടാളത്തിൽ സേവനമനുഷ്ടിച്ചിട്ടുള്ളവരും ഈ പഞ്ചായത്തിലുണ്ട്.

1946 ലാണ് 'ദേശ സേവിനി' എന്ന വായനശാല മലയാറ്റൂർ രാമചന്ദ്രൻമായർ ഇവിടെ സ്ഥാപിക്കുന്നത്. മരണംവരെ അതിന്റെ പ്രസിഡൻറ് അദ്ദേഹമായിരുന്നു. മലയാളത്തിലെ എണ്ണപ്പെട്ട കൃതികളുടെ ഒരു വൻ ശേഖരം ഈ ലൈബ്രറിയിലുണ്ട്. ധാരാളം കലാകാരൻമാരെ വാർത്തെടുക്കാൻ ഈ വായനശാലക്ക് കഴിഞ്ഞിരുന്നു. നഷ്ടപ്രതാപത്തെക്കുറിച്ചോർത്ത് നെടുവീർപ്പിടുന്ന ഒരവസ്ഥയാണ് ഇന്നാവായന ശാലക്കുള്ളത്.

1957 ലാണ് കല്ലൂരിൽ ഒരു സഹകരണസംഘം സ്ഥാപിച്ചത്. കൊട്ടാരത്തിൽ നാരായണപിള്ള സ്ഥാപകൻ. കാട്ടാങ്കോട്ടിൽ ചെറിയ ഐയ്പ്പനാണ് ആദ്യത്തെ പ്രസിഡൻറ്. ഇന്ന് മൂന്നു ബ്രാഞ്ചുള്ള സ്ഥാപനമാണിത്. 1964 ലാണ് ഒരു ഹൈസ്കൂൾ കുമാരമംഗലത്ത് സ്ഥാപിക്കുന്നത്. മലയാറ്റിൽ കേശവൻ നായർ മെമ്മോറിൽ സ്കൂളാണ് ഇത്. ഇന്ന് രണ്ട് ഹൈസ്കൂൾ ഉൾപ്പെടെ ഒൻപത് വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. പൈക്കുളം ഗേൾസ് ഹൈസ്ക്കൂളിൽ നല്ല വിജയ ശതമാനമാണ്. ബോർഡിംഗ് സൗകര്യമുണ്ട്. കുമാരമംഗലം H.S ന്റെ വിജയശതമാനം ഇന്നു മേശമാണ്. പഞ്ചായത്തിലെ നല്ലൊരു ശതമാനം കുട്ടികൾ തൊടുപുഴയിലുള്ള ഇംഗ്ളീഷ് മീഡിയം സ്കൂളിലുമാണ് പഠിക്കുന്നത്. കോളേജോ മറ്റു സാങ്കേതിക സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല.

1953- ൽ ആണ് കുമാരമംഗലം പഞ്ചാ?ത്തു രൂപീകരിക്കുന്നത്. ഇന്ന് ഇതൊരു സ്പെഷ്യൽ ഗ്രേഡു പഞ്ചായത്താണ്. ഏഴു ഭരണ സമിതികൾ പഞ്ചായത്തു രൂപീകരിച്ചതിനു ശേഷം നിലവിൽ വന്നിട്ടുണ്ട്. ശ്രീമതി ഷീലാ ജോസഫ് ആണ് ഇന്നത്തെ പഞ്ചായത്തു പ്രസിഡൻറ്.

ആദ്യകാല പ്രസിഡൻറുമാർ.

1. 1953 ശ്രീ. T.A. ജോർജ്ജ്. BABL തെക്കേക്കര
2. 1958 ശ്രീ. എം. ജെ. അബ്രഹാം അടപ്പൂർ.
3. 1966 ശ്രീ. കെ. ഒ. ജോസഫ് കല്ലൂർകുന്നേൽ
4. 1973 ശ്രീ. വി. ജെ. വർക്കി വെട്ടിക്കുഴി
5. 1983 ശ്രീ. എ. റ്റി. ജോൺ അമത്തുരുത്തിൽ
6. 1988 ശ്രീ. അഡ്വ. വി.വി ജോർജ്ജ്. ചിറമേൽ.

ഭൂപ്രകൃതി

മലനാടിന്റേറയും തീരഭൂമിയുടേയും ഇടയിൽ കിടക്കുന്ന ഇടനാടു പ്രദേശമാണ് കുമാരമംഗലം ഗ്രാമം. എന്നാൽ മലനാടിനോടാണ് കൂടുതൽ സാമിപ്യം. കീഴ്മല നാടെന്നാൽ മലക്കുകീഴെ സ്ഥിതിചെയ്യുന്ന നാട് എന്നർത്ഥം. കീഴ്മലനാടിന്റെ ഭാഗമായിരുന്നു കുമാരമംഗലം. പ്രകൃതിയുടെ പ്രതിഭാസമായ വലിയപുഴയോ കായലോ പർവ്വതമോ ഇതിനു അതിരുകളായി കൽപ്പിക്കാനില്ല.

ആകപ്പാടെ വീക്ഷിച്ചാൽ മനോഹരമായ പ്രദേശമാണ്. കളം വരച്ചപോലെയുള്ള കൊച്ചു കൊച്ചു പാടങ്ങൾ, വളഞ്ഞു പുളഞ്ഞൊഴുകുന്ന കൈത്തോടുകൾ. റമ്പർ, കമുക്, കുരുമുളക്, കാപ്പി, കന്നാരം, കരച്ചീനി തുടങ്ങിയ എല്ലാ വിളകൾക്കും വളരാവുന്ന സമ്മിശ്ര കാലാസ്ഥ. പാറക്കൂട്ടങ്ങൾ ക്രമരഹിതമായി ചെരിഞ്ഞുകിടക്കുന്ന ഭൂവിഭാഗം കൂടുതൽ തണുപ്പോ കഠിനമായ ചൂടോ അനുഭവപ്പെടാത്ത മിതശീതോഷ്ണ മേഖലയാണ് ഈ പ്രദേശം.

ഭൂപ്രകൃതിയനുസരിച്ച് കുമാരമംഗലത്തെ അഞ്ചു മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചെറു ചെരിവ്
3. ഇടത്തരം ചെരിവ്
4. സമതലം
5. താഴ്വാരം

ഭൂപ്രകൃതി	നിരപ്പ്	ചെറിയ ചരിവ്	കുന്നിൻ മുകൾ	കുത്തനെ ചെരിവ്	താഴ്വര	നിരപ്പ്
മണ്ണിനം	എക്കൽ മണ്ണ്	പാറക്കല്ല്	കരിങ്കൽ പാറ തരിശു		ചെളിമണ്ണ്	തെങ്ങ്
സസ്യവർഗ്ഗം	തെങ്ങ് ഇടവിള	റബർ	റബർ തെങ്ങ് കാപ്പി	റബർ	നെല്ല് കൊക്കോ	റബർ വാഴ
പരിസ്ഥിതി പ്രശ്നങ്ങൾ	കമുക് റബർ	കൊക്കോ പാറപൊട്ടിക്കൽ	മണ്ണൊലിപ്പ്	മണ്ണൊലിപ്പ്		നെല്ല്

മണ്ണിന്റെ ഘടന വിസ്തീർണ്ണം		
ചെമ്മണ്ണ്	1380	ഹെക്ടർ
ചെങ്കല്ലു ചേർന്ന മണ്ണ്	480	"
എക്കൽ മണ്ണ്	46	"
പാറകലർന്ന ഭൂമി	44	"
ചതുപ്പുനിലം	35	"
ചെളിമണ്ണ്	100	"
മറ്റിനം	234	"

ജനപ്രകൃതി

1995 സെൻസസ് പ്രകാരം ജനസംഖ്യ 13728 ആണ്. അതിൽ 6903 പുരുഷൻമാരും 6825 സ്ത്രീകളുമാണ്. സ്ത്രീകളെ അപേഷിച്ച് പുരുഷൻമാർ കകൂടുതലാണ്. പഞ്ചായത്തിന്റെ വിസ്തൃതി 19.35 ച.കി. മീറ്ററാണ്. ച.കി. മീറ്ററിന് ശരാശരി 723 പേർ താമസിക്കുന്നു. ഒരു വീട്ടിൽ ശരാശരി 6 താമസിക്കുന്നു. 1990 ലെ സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി 94% പേർ സാക്ഷരരായി എന്നാണ് കണക്ക്. തുടർ സാക്ഷരതാ പ്രവർത്തനം നടത്താതിരുന്നതുകൊണ്ട് അന്നത്തെ നവസാക്ഷരരിൽ പലരും വീണ്ടും നിരക്ഷരരായി എന്നതാണ് വാസ്തവം.

ഇടത്തരം കർഷകരും കർഷക തൊഴിലാളികളുമാണ് ജനങ്ങളിൽ ഭൂരിഭാഗവും. ഇന്ന് എല്ലാത്തുറകളിലും ആളുകൾ ജോലി ചെയ്യുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് വളർച്ചയുണ്ടെങ്കിലും മറ്റുപ്രദേശങ്ങൾക്കുള്ളത്ര പുരോഗതിയില്ല. കാരണം സാധാരണ വിദ്യാഭ്യാസ സ്ഥാപനങ്ങളല്ലാതെ കോളേജോ സാങ്കേതിക സ്ഥാപനങ്ങളോ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. ഉന്നത വിദ്യാഭ്യാസത്തിന് പുറം ലോകം തന്നെ ശരണം സ്കൂളുകളിലെ പഠനനിലവാരം മെച്ചമാണെന്ന് പറയാനാവില്ല. അതിനുകാരണമുണ്ട്. ഭേദപ്പെട്ട വീടുകളിലെ കുട്ടികൾ മിക്കവാറും പേർ പഞ്ചായത്തിനു പുറത്തുള്ള മീഡിയം സ്കൂളുകളിലും മറ്റും പോകുന്നു. രക്ഷാകർത്താക്കളേയും കുട്ടികളേയും ഇതിന് ആകർഷിക്കുന്ന ഘടകങ്ങൾ പലതാണ്.

വാർഡുതല ജനസംഖ്യ താഴെ ചേർക്കുന്നു.

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
പയ്യാവ്	868	848	1716
ഈസ്റ്റ് കല്ലൂർ	911	891	1802
ഏഴല്ലൂർ	865	845	1710
കരികുളം	849	829	1678
കുമാരമംഗലം ഈസ്റ്റ്	865	845	1710
കുമാരമംഗലം വെസ്റ്റ്	857	852	1694
പെരുമ്പിള്ളിച്ചിറ	870	852	1722
മൈലക്കൊമ്പ്	875	839	1696

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ വളരെ രുക്ഷമാണ്. വിദ്യാഭ്യാസ രംഗത്ത് ഒരു പുനർ ചിന്തനം ആവശ്യമാണ്. തൊഴിലതിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻത്തൂക്കം നൽകിക്കൊണ്ട് ഗുണ പരമായ ഒരു മാറ്റം അനിർവ്വാര്യമാണ്.

വ്യവസായിക രംഗം ഈ പഞ്ചായത്തിൽ വളരെ ദുർമ്പലമാണ്. എളുപ്പം നടത്താവുന്ന ഒരു വ്യവസായം പാറപൊട്ടിക്കൽ മാത്രമാണ്. മറ്റുപല കാരണങ്ങളാലും വ്യവസായരംഗത്തു വൈദഗ്ധ്യമുള്ളവരുടെ അഭാവത്താൽ വ്യവസായ രംഗം മോശമാണ്. എങ്കിലും ചെറിയ തോതിലുള്ള ഒരു കാൽ വെയ്പ്പ് ഈ അടുത്ത കാലത്ത് ആരംഭിച്ചിട്ടുണ്ട്.

ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമായ കാർഷികരംഗം ആദായകരമല്ലായതോടെ നാണ്യ വിളയായ റബർ, കൊക്കൊ, കന്നാരം തുടങ്ങിയ കൃഷിയലാണ് ആളുകൾ ശ്രദ്ധിക്കുന്നത്. കൃഷിപ്പണിയേക്കാൾ ആദായകരമായ കെട്ടിട നിർമ്മാണത്തിലേക്കും ചുമടു ചുമക്കുന്നതിലേക്കും തൊഴിലാളികൾ ആകർഷിക്കപ്പെടുന്നു. ഈ രംഗത്തും ആവശ്യത്തിനു തൊഴിൽ കിട്ടുന്നില്ല.

വിവിധ ജാതിമതസ്ഥർ ഇടകലർന്ന താമസിക്കുന്നപ്രദേശമാണിത്. മതപരമായ ഉച്ചനീചത്വങ്ങളുടെ പേരിൽ കലഹങ്ങളും നടന്നിട്ടില്ല, നടക്കുന്നുമില്ല. നാട്ടിൽ നടക്കുന്ന പെരുന്നാളുകളിലും ഉത്സവങ്ങളിലും എല്ലാ വിഭാഗം ജനങ്ങളും സംബന്ധിക്കുന്നുണ്ട്.

ജലപ്രകൃതി.

സാധാരണ ജൂൺ, ജൂലൈ, മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവു മഴ ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ്.

കായലോ, പുഴയോ, വലിയതോടോ ഇല്ലാത്ത ഈ പ്രദേശം മഴയെ ആശ്രയിച്ചു മാത്രമാണ് ജലത്തിന്റെ ആവശ്യം നിറവേറ്റുന്നത്. എന്നാൽ ഈ പഞ്ചായത്തിന്റെ നാലുവാർഡുകളിൽ കൂടി കടന്നു പോകുന്ന മലക്ങര കനാലിന്റെ പണി പൂർത്തീകരിച്ചാൽ ജലദൗലഭ്യം കുറെ പരിഹരിക്കാൻ കഴിയും. കനാൽ കടന്നു പോകുന്ന ഭാഗങ്ങളിലെ കിണറ്റിലേയും കുളങ്ങളിലേയും ജലം ഇപ്പോൾ വേഗം തന്നെ വറ്റിപ്പോകുന്നുണ്ട്. കാരണം കനാൽ വളരെ ആഴത്തിൽ പോകുന്നതുകൊണ്ടാണ്.

വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കുന്നത് കിണറുകളും കുളങ്ങളുമാണ്. കുന്നിൻ പ്രദേശങ്ങളിലെ കിണറുകളിൽ ഭൂരിഭാഗവും മാർച്ച്, ഏപ്രിൽ മാസത്തോടുകൂടി വറ്റിപ്പോകുന്നു. പിന്നെ രക്ഷ താഴ്വാരങ്ങളാണ്. ഒരു കിലോമീറ്റർ ദൂരം വരെ തലച്ചുമടായി വെള്ളം കൊണ്ടു വരുന്നവരും ഉണ്ട്. പിന്നെ ആശ്രയം അവിടവിടെ സ്ഥിചെയ്യുന്ന ഏതാനും കുളങ്ങളാണ്. പഞ്ചായത്തിൽ വറ്റാത്ത കുളങ്ങളുടെ എണ്ണം കുറവാണ്. ഈ അടുത്തകാലത്ത് കുഴകൽ കിണർ വഴി കറെ ജലക്ഷാമം പരിഹരിക്കുന്നുണ്ട്. എന്നാൽ അവിടെയും പ്രശ്നമുണ്ട്. പല കുഴൽ കിണറുകളിലും ആവശ്യത്തിനു ജലം ലഭിക്കുന്നില്ല.



6.1 കൃഷിയും ജലസേചനവും

കുമാരമംഗലം പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ചെറിയ കുന്നുകളും നെൽപാടങ്ങളും താഴ്വരകളും പാറക്കെട്ടുകളും അടങ്ങുന്നതാണ് ഈ പ്രദേശം. ഈ ഗ്രാമത്തിലെ 95% ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ജനങ്ങളിൽ ഭൂരിഭാഗവും ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവർ തന്നെ. കാർഷികരംഗത്ത് നമ്മുടെ ഗ്രാമം കഴിഞ്ഞകാലത്തിൽ ചിലമേഖലകളിൽ ഏടുത്തുപറയത്തക്ക നേട്ടം കൈവരിച്ചിട്ടുണ്ട് എങ്കിലും അത് നിലനിർത്തിക്കൊണ്ട് പോകാൻ കഴിയുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടി യിരിക്കുന്നു. കൃഷി ഒരു താഴ്ന്ന ഉപജീവന മർഗ്ഗമായി യുവജനങ്ങൾ കാണുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരണം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 13728 ഉം വിസ്തീർണ്ണം 19.35 സ്കയർ കിലോമീറ്ററും ആകുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൃഷിരീതിയാണ് പെതുവേ അനുവർത്തിക്കുന്നത്

മുഖ്യകൃഷികൾ

റബ്ബർ

ഈ പഞ്ചായത്തിൽ ഏകദേശം 1300 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി നടത്തിവരുന്നു. അത്യുൽപാദനശേഷിയുള്ള R.R 1. 105, R.R. I. M. 600, 238, 311, 260, GTI എന്നീ ഇനങ്ങലാണ് കൃഷിയ്ക്ക് ഉപോയോഗിക്കുന്നത് .

തെങ്ങ്

ഈ ഗ്രാമത്തിൽ 325 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിനിലവിൽ ഉണ്ട് എന്നാൽ വർഷം കഴിയുന്തോറും തെങ്ങ് കൃഷിയുടെ പരിധി കുറഞ്ഞുവരികയാണ്. വ്യാപകമായ രോഗങ്ങൾ നിമിത്തം ഈ കൃഷിനിലനിർത്തി ക്കൊണ്ടു പോകുവാൻ കഴിയാത്ത അവസ്ഥയാണ് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ ഉണ്ടെങ്കിൽ പോലും അവയൊന്നും രോഗവിമുക്തമായികാണുന്നില്ലാ. നാളികേരത്തിന് മതിയായവില ലഭ്യമല്ലാത്തതും ഈ കൃഷി ഉപേക്ഷിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നു. കേരവികസനത്തിന് ആവശ്യമായ സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഭലപ്രദമല്ല.

	സമിതിയുടെ പേര്	നൽകിയിട്ടുള്ള ഉപകരണങ്ങൾ
1.	കുമാരമംഗലം നെല്ല് ഉൽപാദന സമിതി	...
2.	ഏഴല്ലൂർ നെല്ല് ഉൽപാദന സമിതി	പവ്വർ, ടില്ലർ, മെതിയെന്ത്രം
3.	ഈസ്റ്റ് കല്ലൂർ നെല്ല് ഉൽപാദന സമിതി	പവ്വർടില്ലർ
4.	നമ്പ്യാപറമ്പിൽ പാടശേഖരസമിതി	ടാക്ടർ
5.	കേരവികസന സമിതി	തെങ്ങു കയറ്റ യന്ത്രം
6.	കുരുമുളക് സമിതി	10 നോക്കർ പമ്പുസെറ്റുകൾ

സമിതികളുടെ കൈവശമാണ്
മുഴുവൻ ഉപകരണങ്ങളും

നെൽകൃഷി

ഈ പഞ്ചായത്തിൽ 135 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ നെൽകൃഷി ചെയ്ത് വരുന്നു. മഴയെ ആശ്രയിച്ചാണ് കൃഷി നടത്തിവരുന്നത്. പണ്ടുകാലങ്ങളിൽ 3 കൃഷി ചെയ്തിരുന്ന നിലങ്ങൾ പോലും ജലത്തിന്റെ ലഭ്യതക്കുറവു മൂലം ഒരു പൂവും ഇരുപൂവുമായി ചുരുങ്ങുന്നു. കൃഷിച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനവും തൊഴിലാളികളുടെ ലഭ്യതക്കുറവും നിമിത്തം കർഷകരെ നെൽകൃഷി ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുന്നു. പാടശേഖരങ്ങൾ നിർത്തുന്ന പ്രവണത മറ്റ് കൃഷിക്കാരെ കൂടി നിരുൽസാഹപ്പെടുത്തുന്നു.

സാധാരണ കൃഷി ചെയ്യുന്ന വിത്തിനങ്ങൾ

1 ാം കൃഷി	2 ാം കൃഷി
ചെറുമണി, ജ്യോതി, ഭാരതി മുതലായവ	H- 4 ചുവന്ന I. R. 8 കുഞ്ഞിക്കുരുവി മുതലായവ
കാലാവധി	കാലാവധി
ഇടവം മുതൽ ചിങ്ങം വരെ	ചിങ്ങം മുതൽ മകരം വരെ

മറ്റ് കൃഷികൾ

ഒരു കാലഘട്ടത്തിൽ വ്യാപകമായി കൃഷി ചെയ്തിരുന്ന മരച്ചീനി ഇന്ന് നാമമാത്രമായി മാറിയിരിക്കുന്നു. റബ്ബർകൃഷിയുടെ തള്ളിക്കയറ്റത്തിൽ കൃഷി ചെയ്യുവാൻ അനുയോജ്യമായ ഭൂമി ഇല്ലാത്തതാണ് കാരണം. ഇപ്പോൾ 40 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷിചെയ്യുന്നു.

മറ്റു കൃഷികൾ

ഇനം	വിസ്തീർണ്ണം
ഇഞ്ചി	50 ഹെക്ടർ
മരച്ചീനി	40 ഹെക്ടർ
കന്നാര	40 ഹെക്ടർ
നേന്ത്രവാഴ	30 ഹെക്ടർ
നാടൻ വാഴ	30 ഹെക്ടർ
കൊക്കോ	60 ഹെക്ടർ

മണ്ണിന്റെ ഘടന

ഈ പഞ്ചായത്തിൽ ചെമ്മണ്ണു നിറഞ്ഞ പ്രദേശമാണ് ഭൂരിഭാഗവും. എക്കൽ നിറഞ്ഞതും ഫലഭൂയിഷടവുമായ ചതുപ്പുനിലങ്ങളും ഭലഭൂയിഷ്ടതകുറഞ്ഞ ചെങ്കല്ലു ചേർന്ന മണ്ണുമാണ്.

മണ്ണിന്റെ ഘടന സംബന്ധിച്ച
പട്ടിക ചുവടെ ചേർക്കുന്നു.

	മണ്ണിന്റെ ഘടന	വിസ്തീർണ്ണം
1	ചെമ്മണ്ണ്	1380 ഹെക്ടർ
2.	ചെങ്കല്ല് ചേർന്ന മണ്ണ്	480 ഹെക്ടർ
3.	എക്കൽ മണ്ണ്	46 ഹെക്ടർ
4.	പാറകലർന്ന ഭൂമി	44 ഹെക്ടർ
5.	ചതുപ്പ് നിലം	35 ഹെക്ടർ
6.	ചെളിമണ്ണ് നിലം	100 ഹെക്ടർ
7.	മറ്റിനം	234 ഹെക്ടർ

നേഴ്സറികൾ

തൈമറ്റത്തിൽ നേഴ്സറി, മാറാട്ടിൽ റബ്ബർ നേഴ്സറി എന്നീ രണ്ട് കാർഷിക നേഴ്സറികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കാർഷിക രംഗത്ത് ധനസഹായം നൽകുന്ന ധനകാര്യസ്ഥാപനങ്ങൾ

കുമാരമംഗലം സഹകരണബാങ്കിൽ, യൂണിയൻ ബാങ്ക്, തൊടുപുഴ കാർഷിക വികസന ബാങ്ക് എന്നിവടിങ്ങിളിൽ നിന്നും ഇവിടത്തെ എല്ലാ വിഭാഗം കൃഷിക്കാർക്കും കർഷക തൊഴിലാളികൾക്കും കാർഷിക വായ്പകൾ ലഭ്യമാണ് 90%. കൃഷിക്കാരും ധനകാര്യ സ്ഥാപനങ്ങളുടെ വായ്പകളെ ആശ്രയിച്ച് കൃഷി ചെയ്യുന്നവരാണ്.

കൃഷിരീതി

രാസവളത്തിന്റെ അമിത പ്രയോഗം കൃഷിനാശത്തിന് കളമെരുക്കുന്നു. മണ്ണിലുള്ള ജൈവാശം നഷ്ടപ്പെടുത്തു മണ്ണ് ഫലഭൂയിഷ്ടമല്ലാതായി തീർന്നു. സഹകരണ വളം ഡിപ്പോകളിൽ നിന്ന് കണക്കനുസരിച്ച് 85% ജനങ്ങളും അമിത രാസവളപ്രയോഗം നടത്തുന്നതായി കാണാൻ കഴിഞ്ഞു. മണ്ണിന്റെ ഘടന നോക്കിയല്ല കൃഷിക്കാർ വളപ്രയോഗം നടത്തുന്നത് ഇത് മൂലം വിള നാശവും സാമ്പത്തീക നഷ്ടവും ഉണ്ടാകുന്നു. ജൈവവളത്തെക്കുറിച്ച് കർഷകർ ബോധവാൻമാരല്ല. മണ്ണിര കമ്പോസ്റ്റ് വളനിർമ്മാണത്തിന് വിപുലമായ സാധ്യതകൾ ഉണ്ട്.

ജലസേചനം

പഞ്ചായത്ത് അതിർത്തിയിലുള്ള പൊതു കുളങ്ങളായ മൈലാടും ചിറ, മേക്കുന്നേൽ കുളം, മഠത്തിൽ കുളം, പെരുമ്പിള്ളിച്ചിറ, കുളങ്ങാട്ട് പാറ, മുണ്ടയ്ക്കാമറ്റം എന്നീ 5 ജലസംഭരണികൾ ഉണ്ടെങ്കിലും വേനൽക്കാലത്ത് കൃഷിക്കാർക്ക് ഉപയോഗം നൽകുന്ന ഒരു ജലസംഭരണികളും നിലവിൽ ഇല്ല. പലകുളങ്ങളും ശാസ്ത്രീയമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്നു. പ്രകൃതി ദത്തമായ ജലസംഭരണികൾ കുമാരമംഗലം പഞ്ചായത്തിൽ ഒരു പ്രദേശത്തുമില്ല.

മണ്ണിലെ ഈർപ്പം സംരക്ഷിക്കുന്നതിന് കൃഷിക്കാർ ഭൂമിയിൽ ഉയർച്ചതാഴ്ച്ചകൾ നോക്കി കയ്യാലകൾ നിർമ്മിക്കുകയാണ് ഇപ്പോൾ ചെയ്ത് വരുന്നത്. ഇത് മണ്ണു സംരക്ഷിക്കുന്നതിനും ഫലഭൂയിഷ്ടി നിലനിർത്തുന്നതിനും വളരെ അത്യുത്തമമാണ്.

കൃഷിഭവൻ

ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റൻറ്മാരും ഒരു ശിപായിയും അടങ്ങുനകൃഷി ഓഫീസ് പാറത്തലയ്ക്കൽ പാറയിൽ സ്ഥിതി ചെയ്യുന്നു. ഈ ഓഫീസ് വാടകകെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു. കൃഷി അസിസ്റ്റൻറ് മാർക്ക് താമസിക്കുന്നതിനുള്ള കെട്ടിടം രണ്ടാം വാർഡിൽ ഈസ്റ്റ് കല്ലൂർ പ്രദേശത്ത് ഉപയോഗ ശൂന്യമായി കിടക്കുന്നു.

കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ

കുളത്തിന്റെ പേര്	സ്ഥിതിചെയ്യുന്ന വാർഡ്
മഠത്തിക്കുളം	6 ാം വാർഡ് കുമാരമംഗലം
കുളങ്ങാട്ടുപാറ പെരുമാക്കണ്ടം	2 ാം വാർഡ്, ഈസ്റ്റ് കല്ലൂർ
മൈലാടും ചിറ	"
മുണ്ടയ്ക്കാമറ്റം കുളം	"
മേക്കുന്നേൽ കുളം	6 ാം വാർഡ് കുമാരമംഗലം
പെരുമ്പിള്ളിച്ചിറ	7 ാം വാർഡ് പെരുമ്പിള്ളിച്ചിറ
അമ്പലച്ചിറ	7 ാം വാർഡ് പെരുമ്പിള്ളിച്ചിറ
ആരമ്പള്ളിക്കുളം	4 ാം വാർഡ് കടുവാക്കുഴി

കൃഷി ആവശ്യങ്ങൾക്ക് ഈ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള പമ്പ് സെറ്റുകൾ

വർഷം	എണ്ണം
1993-94	21
1994-95	22
1995-96	35
1996-97 (വിതരണംചെയ്യാൻ ഉദ്ദേശിക്കുന്നത്)	50

തോടുകളുടെ വിവരം

1 ാം വാർഡ്	തഴുവുംചിറ പൂക്കോട്ട് തോട്
2 ാം വാർഡ്	എരപ്പനാൽ തോട്
3 ാം വാർഡ്	ഏഴല്ലൂർതോട്
5 ാം വാർഡ്	പാലമല,കൊണ്ടൂർ, നടുത്തോട്
6 ാം വാർഡ്	വല്യാമ്പടം, കാരിക്കുഴി തോട്
7 ാം വാർഡ്	മൈലക്കൊമ്പ് തോട്

നിർദ്ദേശങ്ങൾ

1. കുമാരമംഗലം പഞ്ചായത്തിൽ ജലസേചനം മെച്ചപ്പെട്ടാൽ മാത്രമേ കൃഷി വിജയകരമാകു ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന വലതുകനാൽ കഴിയുന്നതും വേഗം പൂർത്തിയാക്കി ലിഫ്റ്റ് എറിഗേഷന്റെ അടിസ്ഥാനത്തിൽ സഹകരണ ജലസേചന പദ്ധതിയിലൂടെ കോതാനത്തണ്ടിന്റെ മുകളിൽ വെള്ളം കയറ്റി ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വിതരണം നടത്തുക.
2. തോടുകളുടെയും കുളങ്ങളുടെയും സംരക്ഷ ണഭിത്തികൾ പൂർത്തിയാക്കി കുളങ്ങളുടെ ആഴം വർദ്ധിപ്പിച്ച് ജലം സംഭരിക്കുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.
3. കാർഷികോൽപന്നങ്ങളുടെ അടിസ്ഥാനവില നിർണ്ണയിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് വിശാലമായ കാഴ്ചപാട് ഉണ്ടാകണം. ചെലവിന്റെ അടിസ്ഥാനത്തിൽ വേണം അടിസ്ഥാനവിലകൾ നിർണ്ണയിക്കാൻ.
4. നിർബന്ധമായും മണ്ണ് പരിശോധന നടത്തി വളപ്രയോഗം നിർണ്ണയിക്കുന്നതിന് കൃഷിക്കാരെ ബോധവാൻമാർ ആക്കണം.
5. ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ ഊർജ്ജി തപ്പെടുത്തണം
6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹകരണാ ടിസ്ഥാനത്തിൽ മൽസര ബുദ്ധിയോടുകൂടി പച്ചക്കറി കൃഷി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. അത്യുൽപാദശേഷിയുള്ള വിത്തിനങ്ങളും അവയ്ക്ക് ആവശ്യമായ വളങ്ങളും യഥാസമയം വിതരണം നടത്തുക.
7. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ സംസ്ക്കരണവും വിപണനവും പഞ്ചായത്ത് തലത്തിൽ നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
8. ഇടവിളകൃഷിചെയ്യുന്നതിന് കർഷകർക്ക് ബോധവത്ക്കരണം നടത്തുക.
9. വീടുകളിൽ പച്ചക്കറി കൃഷിയും പുഷ്പകൃഷിയും വ്യാപിപ്പിക്കുന്നതിനുവേണ്ട മാർഗ്ഗം ആരായുക.
10. ക്ഷീരോത്പാദനവും അതിനുവേണ്ട സങ്കേതിക വിദ്യകളും സമിതികൾ മുഖാന്തരം നടപ്പിലാക്കുക.
11. ഫലഭൂയിഷ്ടി ഇല്ലാത്ത ഭൂമിയിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.

12. കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ വിളമത്സരങ്ങൾ പഞ്ചായത്തു തലത്തിൽ നടത്തുകയും വിജയിക്കുന്നവർക്ക് സമ്മാനങ്ങളും അവാർഡുകളും ഏർപ്പെടുത്തുകയും ചെയ്യുക.

13. കൃഷിക്കാർക്ക് വേണ്ടി കാർഷിക പരിശീലന ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുക.

14. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ ദീർഘകാലടിസ്ഥാനത്തിൽ കൃഷിക്കാർക്ക് വായ്പാ പദ്ധതികൾ അനുവദിക്കുക.


15. കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തുക.

16. നോമിനേറ്റ് സമതികളിൽ കൃഷിക്കാർക്ക് മുൻതൂക്കം നൽകുക.

17. കൃഷി ഇടങ്ങളിൽ തീരാക്കട പദ്ധതി നടപ്പിലാക്കുക.

18. പഞ്ചായത്തിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ സ്ഥാപിക്കുക.

കാർഷിക രംഗം മുരടിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആസൂത്രണത്തിൽ ഒന്നാം സ്ഥാനം കാർഷിക മേഖലയ്ക്ക് നൽകിയിരിക്കുന്നത് തന്നെ ഏറ്റവും ഉചിതമായിരിക്കുന്നു. ജനങ്ങൾ ഈ സമീപനത്തെ ആത്മാർത്ഥമായി സ്വീകരിച്ചാൽ നമ്മുടെ നാട് പുരോഗമിക്കുമെന്നകാര്യത്തിൽ സംശയത്തിന് അവകാശമില്ല.



"ഏഴുന്നേൽക്കുക!
ധീരരാവൂ !
ശക്തരാവൂ !
ഭാവിയെ സ്വയം ശക്തമാക്കൂ"

സ്വാമി വിവേകാനന്ദൻ

6.2 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. എരുമകളുടേയും കാളകളുടേയും സ്ഥിതി നാമമാത്രമാണ്. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. താറാവിന്റെ എണ്ണം വളരെ തുച്ഛം തന്നെ. മുയൽ വളർത്തലും നാമമാത്രമായുണ്ട്. 95% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. എന്നാൽ വ്യവസായികാടിസ്ഥാനത്തിൽ കോഴി വളർത്തൽ ഈ പഞ്ചായത്തിൽ ഇല്ല.

നെൽ കൃഷി കുറഞ്ഞത് കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. മേച്ചിൽസ്ഥലങ്ങൾ കൃഷി സ്ഥലങ്ങളായി. കാലിത്തീറ്റയ്ക്ക് തീ പിടിച്ച വിലയും. പാടങ്ങൾ പലതരത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന്നു. നെൽകൃഷി വിട്ട് നാണ്യവിളയിലേക്ക് കർഷകർ മാറി. അതുകൊണ്ട് കാളകൾ നാട്ടിൽ ഇല്ലെന്ന് തന്നെ പറയാം. വീട്ടാവശ്യത്തിനു മാത്രം പാൽ ഉല്പാദിപ്പിക്കുന്നവരാണ് കൂടുതൽ.

പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണ സംഘം മാത്രമാണ് ഇപ്പോൾ കാരികുളത്ത് പ്രവർത്തിക്കുന്നത്. അവിടെ പ്രതിദിനം കിട്ടുന്ന പാൽ 40 ലിറ്ററാണ്. കിഴക്കൻ കലൂർ കോതമംഗലം ഡയറിയുടെ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നു. ഈ നില തുടർന്നാൽ അതും നിലനിൽക്കുന്ന കാര്യം സംശയമാണ്.

പാലിന്റെ ഉല്പാദനച്ചെവനുസരിച്ച് വില മിൽമ കൊടുക്കാത്തതുകൊണ്ട് ഗ്രാമത്തിൽ മിച്ചം വരുന്ന പാൽ പുറത്തുള്ള ചായക്കടകളിലും ഹോട്ടലുകളിലും കൊടുക്കുന്നു. നിരന്തരമായുണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തുന്നു.

പ്രശ്നങ്ങൾ

1. ആടുമാടു വളർത്തൽ ഒരു പ്രധാന ജീവിതമാർഗ്ഗമായി ഇവിടുത്തെ ജനങ്ങൾ സ്വീകരിച്ചിട്ടില്ല.
2. അത്യുത്പാദന ശേഷിയുള്ള പശുക്കളേയും ആടുകളേയും ആവശ്യത്തിന് കിട്ടുന്നില്ല.
3. കാലിത്തീറ്റ കോഴിത്തീറ്റ ഇവകളുടെ ക്രമാതീതമായ വിലവർദ്ധനവ്; അതനുസരിച്ച് പാലിന് വില ലഭിക്കുന്നുമില്ല.
4. കാലിവസന്തയും കോഴിവസന്തയും ഉടമകളെ ബുദ്ധിമുട്ടിക്കുന്നു.
5. ആവശ്യത്തിന് പരിചരണം മൃഗാശുപത്രികളിൽ നിന്നും ലഭിക്കുന്നില്ല. ആവശ്യത്തിന് മരുന്നില്ല. ജീവനക്കാർ സജീവമല്ല.
6. പേപ്പട്ടി ശല്യം ചിലപ്പോഴൊക്കെ ഉണ്ടാകാറുണ്ട്.
7. കാലികളെ വളർത്താൻ സാമ്പത്തികസഹായം ലഭിക്കാൻ പ്രയാസം.
8. കോഴി വളർത്തൽ ആദായകരമാകണമെങ്കിൽ അതിനുള്ള സാങ്കേതികസഹായവും സാമ്പത്തിക സഹായവും എളുപ്പം ലഭിക്കാൻ കഴിയണം.

പരിഹാരമാർഗ്ഗം

1. ഓരോ വാർഡിലും ഒരു പാൽസംഭരണ കേന്ദ്രം ആരംഭിക്കുക.

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി
1.	ദഹനസംബന്ധം	240	25	10	–	–	–
2.	ശ്വാസകോശസംബന്ധം	75	10	15	–	–	–
3.	ഉപാപചയ സംബന്ധം	20	5	10	–	–	–
4.	ത്വക്ക് രോഗ സംബന്ധം	60	12	16	25	–	–
5.	ധാതുലവണങ്ങളുടെ അഭാവം	–	–	–	–	–	–
6.	പരാദരോഗങ്ങൾ	80	10	20	–	–	–
7.	പ്രത്യുത്പാദനപരം	15	5	10	–	–	–
8.	വന്ധ്യത	60	12	25	–	–	–
9.	അകിടുവീക്കം	36	8	12	–	–	–

2. വിതരണത്തിനു ശേഷം മിച്ചം വരുന്ന പാൽ ഉപയോഗിച്ച് പാൽ ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

3. ക്ഷീര സഹകരണസംഘം വഴി കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക.

4. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യ മായി കൊടുക്കുക.

5. പഞ്ചായത്തിലെ മൃഗാശുപത്രി പരിഷ്കരിക്കു കയും ഓരോ വാർഡിൽ ഒന്നു വീതമെങ്കിലും I.C.D.P. സബ് സെൻററുകൾ സ്ഥാപിക്കുകയും, ആവശ്യത്തിന് മരുന്നും മറ്റു ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

6. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു കോഴികുഞ്ഞുൽപാദന കേന്ദ്രം ആരംഭിക്കുകയും തെരഞ്ഞെടുത്ത 1000 വീടുകളിൽ കോഴി വളർത്തൽ ആരംഭിക്കുവാനുള്ള പ്രവർത്തനം നടത്തുകയും ചെയ്യുക.

7. വസന്തരോഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തുക.

8. ജലസംഭരണികൾ ഉള്ള സ്ഥലങ്ങളിൽ താറാവ് വളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

9. മുയൽ വളർത്തലും പന്നി വളർത്തലും മറ്റൊരു വരുമാന മാർഗ്ഗമാക്കാം. ഇന്ന് പന്നി വളർത്തൽ ഒരു വരുമാന മാർഗ്ഗമായി ഈ പഞ്ചായത്തിൽ 15% പേരെങ്കിലും നടത്തുന്നുണ്ട്. സബ്സിഡികളും മറ്റു സഹായങ്ങളും വർദ്ധിപ്പിക്കുയും പന്നിമാംസ സംസ്കരണശാല ആരംഭിച്ചാൽ കുറെ ആളുകൾക്ക് തൊഴിലും ഉണ്ടാക്കാൻ കഴിയുന്ന മേഖലയാണത്.

10. അത്യുത്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നടത്തുക.

11. അസുമിച്ചുകൊണ്ടിരിക്കുന്ന നാടൻ പശു വളർത്തലും പ്രോത്സാഹിപ്പിക്കാവുന്നതാണ്. താരതമ്യേന രോഗ പ്രതിരോധശേഷി കൂടുത ലുള്ളവയാണ് നാടൻ പശുക്കൾ.

12. പേപ്പട്ടിശല്യം ഒഴിവാക്കൽ ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും നശിപ്പിക്കുക.

മത്സ്യബന്ധനം

സമുദ്രസാമീപ്യമോ പുഴയുടെ സാമീപ്യമോ ഇല്ലാത്ത ഒരു ഗ്രാമമാണല്ലോ കുമാരമംഗലം. അതുകൊണ്ട് തന്നെ മത്സ്യബന്ധനവുമായി ആരും ഈ പഞ്ചായത്തിനകത്ത് ജോലി ചെയ്യുന്നില്ല.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഏകദേശം 40 കിലോമീറ്റർ ചെറുതോടുകളുണ്ട്. ചെറുതും വലുതുമായ 28 കുളങ്ങളുണ്ട്. ആവശ്യമെങ്കിൽ കുളങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും കഴിയും. കൂടാതെ പാറമടകൾ ബണ്ടുകെട്ടി സംരക്ഷിച്ചാൽ ധാരാളം ജലം മഴക്കാലത്ത് സംഭരിക്കാനും കഴിയും. അതുപോലെ 2 - ാം വാർഡിലും 4-ാം വർഡിലും മറ്റു പല സ്ഥലങ്ങളിലും തടയണകൾ കെട്ടി ജലസംഭരണികൾ ഉണ്ടാക്കാൻ കഴിയും. കൂടാതെ പഞ്ചായത്തിന്റെ ഉള്ളിൽക്കൂടെ 4 കിലോമീറ്റർ ദൂരം കനാൽ കടന്നുപോകുന്നുമുണ്ട്. ആ സാധ്യതകൾ വേണ്ടവണ്ണം ചൂഷണം ചെയ്താൽ ശുദ്ധ ജല മത്സ്യകൃഷി ആദായകരമാക്കിത്തീർക്കാൻ കഴിയും.

ഇന്ന് പച്ചക്കറിയേക്കാൾ കൂടുതൽ പുറമേനിന്ന് വാങ്ങുന്ന ഉല്പന്നമാണ് മത്സ്യം. മിക്കവാറും കടൽമത്സ്യം തന്നെ ശരണം. പണ്ടൊക്കെ നാടൻ മത്സ്യങ്ങൾ മഴക്കാലത്ത് സുലഭമായി ലഭിച്ചിരുന്നു. ഇന്ന് തോടുകളിൽ മത്സ്യങ്ങൾ വളരെ കുറവാണ്. കീടനാശിനി പ്രയോഗിച്ചുതുടങ്ങിയതിനുശേഷമാണ് മത്സ്യസമ്പത്ത് ഇത്രമാത്രം കുറഞ്ഞത്. മാത്രമല്ല ഉൗത്തക്കാലത്ത് മത്സ്യങ്ങൾക്ക് കയറി ഒളിക്കുവാനുള്ള ഇടവുമില്ല. കാലാവസ്ഥ വ്യത്യാസവും ഇതിനൊരു കാരണമായി ചൂണ്ടിക്കാണിക്കാം. ഭൂമിയുടെ ഉറവ വറ്റുന്നു.

പ്രശ്നങ്ങൾ

1. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷിക്ക് സാധ്യതകളുണ്ടെങ്കിലും ആ രംഗത്ത് യാതൊരുവിധ പ്രോത്സാഹനവും ലഭിക്കുന്നില്ല.

2. മത്സ്യകൃഷിയെ സംബന്ധിച്ചും വിപണന സാധ്യതകളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.


3. പ്രോത്സാഹനമെന്ന നിലയിൽ സന്നദ്ധരായ വ്യക്തികൾക്കോ സംഘടനകൾക്കോ 50% സബ്സിഡിയോടുകൂടി സഹായം നൽകുക.

4. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മലങ്കരകനാലിൽ മീൻ വളർത്തുവാനുള്ള നടപടികൾസ്വീകരിക്കുവാൻ കഴിഞ്ഞാൽ ഈ രംഗത്ത് ഒരു മുന്നേറ്റം തന്നെ നമുക്ക് നടത്താൻ കഴിയും.

പരിഹാരം

1. മത്സ്യകൃഷി വളർത്തുന്നതിന് ഒരു സഹകരണ സംഘം സ്ഥാപിക്കുക.
2. മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി ആവശ്യക്കാർക്ക് നൽകുക.
3. മത്സ്യരോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.
4. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് മീൻ അച്ചാർ നിർമ്മിക്കുന്ന യൂണിറ്റുണ്ടാക്കുക.
5. ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതികൾ തയ്യാറാക്കുക.
6. 50% സബ്സിഡി നൽകി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
7. പെരുമ്പിള്ളിച്ചിറയിലും കുളങ്ങാട്ടുപാറയിലുമുള്ള ജലാശയങ്ങളിൽ മീൻ വളർത്താൻസർക്കാർ സഹായം നൽകുക.

ശ്രദ്ധിച്ചു കൈകാര്യം ചെയ്താൽ; ഏറെ അവഗണിക്കപ്പെട്ട ഈ മേഖല കുറഞ്ഞ ചെലവിൽ കൂടുതൽ നേട്ടം കൊയ്യാനും നമ്മുടെ പഞ്ചായത്തിന് കഴിയുന്നതാണ്. ആഗ്രഹവും അർപ്പണബോധവും ജനശക്തിയും കൈകോർത്ത് നിൽക്കണമെന്ന് മാത്രം.



"വികസിക്കാൻ ശ്രമിക്കൂ
ജീവന്റെ ലക്ഷണം
ചലനവും വികാസവു
മാണെന്നോർക്കുക."

സ്വാമി വിവേകാനന്ദൻ

6.3 വ്യവസായം

ഒരു നാടിന്റെ സാമ്പത്തിക വളർച്ചയിൽ വ്യവസായങ്ങൾക്ക് വലിയ പങ്കുണ്ട്. എന്നാൽ ഒരു കാർഷിക മേഖലയായ കുമാരമംഗലം പഞ്ചായത്തിൽ വ്യവസായ രംഗം വളരെ ശുഷ്കമാണ്. ഭൂപ്രകൃതി, സ്വഭാവം, ഗതാഗതത്തിന്റെ അഭാവം, അസംസ്കൃത വസ്തുക്കളുടെ കുറവ്, വൈദ്യുതി ക്ഷാമം, സാങ്കേതിക പരിജ്ഞാനക്കുറവ്, വിപണന ലൗകര്യക്കുറവ് ഇതെല്ലാം വ്യാവസായിക രംഗത്തിന്റെ വളർച്ചക്ക് തടസ്സമായി നിൽക്കുന്നു.

നാമമാത്രമായ ഏതാനും വ്യവസായങ്ങൾ ഈ അടുത്ത കാലത്തായി പൈങ്കുളത്തും കിഴക്കൻ കല്ലൂരും ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടയോ റബ്ബോഴ്സ് കുമാരമംഗലം ആരംഭിക്കാൻ പോകുന്നു. ഇലക്ട്രോണിക് ഉൽപന്നങ്ങളുടെ പായ്ക്കിംഗിന് ആവശ്യമായ പ്ലാസ്റ്റിക്ക് കെയ്സുകൾ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് പാറയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ ഇഷ്ടിക നിർമ്മാണം, ധാന്യങ്ങൾ പൊടിക്കുകയും കുത്തുകയും ചെയ്യുന്ന മില്ലുകൾ, ഫർണിച്ചർ യൂണിറ്റുകൾ, ലെയ്ത്ത് വർക്ക്, ഷട്ടർ നിർമ്മാണം തുടങ്ങി നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്.

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമനമ്പർ	ഇനം	തോഴിലാളികളുടെ എണ്ണം		
		പു.	സ്ത്രീ	ആകെ
1.	സിഫോം ഇൻഡസ്ട്രീസ്	5	2	7
2	റേബാൻഡ് ഇൻഡസ്ട്രീസ്	5	15	20
3.	ടയോ റബ്ബേഴ്സ്	10	2	12
4.	ഭാരത് ഇൻഡസ്ട്രീസ്	8		8
5.	ഭാരത് ഫർണിച്ചർ മാർട്ട്	5		5

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിലോ പോതുമേഖലയിലോ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. 1986 ൽ സർക്കാരിന്റെ മൂലധന പങ്കാളിത്തത്തോടെ കുമാരമംഗലം കേന്ദ്രമാക്കി ഒരു വ്യവസായ സഹകരണ സംഘം രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ മണക്കാട് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുകയാണുണ്ടായത്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ ഏറെയുള്ള ഈ പഞ്ചായത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട് നാമമാത്രമായ തൊഴിൽ അവസരങ്ങൾ മാത്രമാണുണ്ടായിട്ടുള്ളത്.

വ്യവസായ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം.

ഈ പഞ്ചായത്തിൽ വനിതാ വ്യവസായ സംരംഭങ്ങൾ വളരെക്കുറവാണ്. സാങ്കേതിക വിദ്യയുടെ ലഭ്യത ക്കുറവും നൂതന വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും ഇത്തരം സംരംഭങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ പ്രവർത്തനമില്ലായ്മയും ആണ് ഇതിന് പ്രധാന കാരണം. എങ്കിലും വിപണന സാദ്ധ്യത കൂടുതലുള്ള റെഡിമെയ്ഡ് യൂണിറ്റുകൾ പോലുള്ള വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വ്യവസായതത്തിന് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, ഗതാഗതം തുടങ്ങിയ സൗകര്യങ്ങൾ ചുരുങ്ങിയ വർഷങ്ങൾക്കുമുപാണ് ഉണ്ടായത്.

2. വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള ബോധവൽ ക്കരണത്തിന്റെ അഭാവവും, വ്യവസായ സംരംഭകത്വ പരിശീലനം നൽകുന്ന 'സിഡ്ക്കോ' പോലുള്ള ഏജൻസി കളുടെ പ്രവർത്തനം ലഭ്യമാകാത്തതും മുഖ്യ കാരണങ്ങളാണ്.

19.35 ച.കി.മീ. വിസ്തീർണ്ണവും 2610 വീടുകളും 13728 ജനസംഖ്യയും പഞ്ചായത്തിൽ ഉണ്ട്. മുഖ്യമായും കാർഷിക മേഖലെ ആശ്രയിച്ചുകൊണ്ടുള്ള തൊഴിൽ മാർഗ്ഗങ്ങളാണ് നിലനിൽക്കുന്നത്. കാർഷികാധിഷ്ഠിതങ്ങളായ വ്യവസായ വികസനത്തിലൂടെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടത് അനിവാര്യമാണ്. ജനസംഖ്യ വർദ്ധനവിൽ കൃഷിഭൂമിയുടെ

ദൗർലഭ്യം സംഭവിക്കാമെന്നുള്ളതുകൊണ്ട് പഞ്ചായത്തിലെ കാർഷിക രംഗത്തെ വളർച്ചയ്ക്ക് വിലങ്ങുതടിയാകാൻ സാധ്യതയുണ്ട്. സാങ്കേതിക വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിച്ച് വ്യവസായ വളർച്ചക്ക് വഴി തെളിച്ചാൽ ഈ പഞ്ചായത്തിന്റെ സമ്പത്ഘടനയെ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ കഴിയും. ഈ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ പങ്കെടുപ്പിച്ച് വ്യവസായങ്ങൾ ആരംഭിച്ചാൽ പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് പരിഹാരം കാണുവാൻ കഴിയും.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കാത്തതിന്റെ കാരണങ്ങൾ

1. വിപണന സാധ്യതയുള്ള വ്യവസായങ്ങൾ കണ്ടെത്തുന്നതിനുള്ള പരിജ്ഞാനക്കുറവ്.
2. പഞ്ചായത്തിൽ ആരംഭിക്കുവാൻ കഴിയുന്ന വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അഭാവം.
3. സാങ്കേതിക സാമ്പത്തിക കാരണങ്ങളാലും വൈദഗ്ധ്യക്കുറവ് മൂലവും അടച്ചുപൂട്ടേണ്ടി വന്നിട്ടുള്ള വ്യവസായസംരംഭങ്ങൾ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആളുകളെ നിരുത്സാഹപ്പെടുത്തുന്നു.
4. സാമ്പത്തിക സഹായം നൽകുന്ന ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
5. പരമ്പരാഗത കൈത്തൊഴിലുകൾ വിപണന വരിമിധിമൂലം ഉപേക്ഷിക്കപ്പെടുന്നു.
6. വിപണന സാധ്യതകളുള്ള വ്യവസായങ്ങൾക്ക് ആരംഭിക്കുന്നത് നേരിടേണ്ടിവരുന്ന നിയമപരമായ നൂലാമാലകൾ
7. വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന ഏജൻസികളുടെ പ്രവർത്തനമില്ലായ്മ.
8. ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം പഞ്ചാത്തിൽ ലഭ്യമല്ല. അതുമൂലം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അറിയില്ല.

സാദ്ധ്യതകൾ

സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി മാനുഷികാധ്വാനം ഫലപ്രദമായി വിനിയോഗിക്കുവാൻ ശേഷിയുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാരും കർഷകരും ഉള്ള പഞ്ചായത്താണ് കുമാരമംഗലം. കൂട്ടായ്മവഴി രൂപികൃതമാകുന്നവ്യവസായസഹകരണ സംഘങ്ങൾ വഴി വിജയകരമായി വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയും. വിപണ സാധ്യത മെച്ചപ്പെടുത്തുക വഴി പരമ്പരാഗത കൈത്തൊഴിൽ വ്യവസായങ്ങൾ പുനരുജ്ജീവിക്കുവാൻ കഴിയും. പഞ്ചായത്തിൽ ലഭ്യമാകുന്ന കാർഷികോത്പന്നങ്ങളെ അടിസ്ഥാനമാക്കി ചെറുകിട കുടിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധരായിട്ടുള്ള ആളുകൾ ധാരാളം ഉണ്ട്. അവർക്ക് ആവശ്യമുള്ള സാങ്കേതിക വിദ്യ ലഭ്യമായാൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയും.

തെങ്ങിൽനിന്നും കിട്ടുന്ന ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ

പഞ്ചായത്തിലെ മുഖ്യ നാണ്യവിളകളിൽ ഒന്നായ തെങ്ങിൽ നിന്നും കിട്ടുന്ന അസംകൃത സാധനങ്ങളായ ഈർക്കിൽ, ചിരട്ട, ചകിരിനാര്, എന്നിവ ഉപയോഗിച്ച് നിരവധി വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയും. അതുപോലെ കൊപ്ര സംസ്കരണ ഫാക്ടറിക്കും വിപുലമായ സൗകര്യങ്ങളുണ്ട്. ഇങ്ങനെ തെങ്ങിൽ നിന്നും കിട്ടുന്ന ഉത്പന്നങ്ങൾ പരമാവധി ഉപയോഗിക്കപ്പെടുമ്പോൾ കർഷകർക്ക് നാളികേരത്തിന് ന്യായവില പ്രാദേശിക അടിസ്ഥാനത്തിലായാൽ പോലും ഉറപ്പു വരുത്തുവാൻ കഴിയും.

റബ്ബർ

നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റബ്ബർ തടി സംസ്കരിച്ച് ഉപയോഗിക്കുവാൻ കഴിയുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക വഴി പ്രകൃതി ദത്ത റബ്ബറിന്റെ ഉത്പാദനം കൂട്ടുവാനും കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുവാനും കഴിയും.

തെങ്ങ്

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വ്യാപകമായിക്കോണ്ടിരിക്കുന്ന പൈനാപ്പിൾ കൃഷി,

പൈനാപ്പിൾ നാര്, പഴം എന്നിവ ഉപയോഗിച്ച് നിരവധി വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയും.

കൊക്കോ സംസ്കരണ കേന്ദ്രം

ഈ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ധാരാളം കൊക്കോ ഉത്പാദിക്കപ്പെടുന്നുണ്ട്. വിപുലമായ സൗകര്യങ്ങൾ ഉള്ള പഞ്ചായത്തിൽ ഒരു കൊക്കോ സംസ്കരണ ഫാക്ടറിക്ക് സാധ്യതയുണ്ട്.

പ്ലാസ്റ്റിക്ക് അധിഷ്ഠിത വ്യവസായം

നമ്മുടെ നാട്ടിൽ അനുദിനം ഉപയോഗം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് പ്ലാസ്റ്റിക്ക് കവറുകൾ മുതലായവ. ഉപയോഗശേഷം വലിച്ചെറിയപ്പെടുന്ന ഇവ സംസ്കരിക്കുവാൻ നമ്മുടെ സംസ്ഥാനത്ത് പോലും വ്യവസായ ശാലകൾ ഇല്ല. ഇങ്ങനെ പുറംതള്ളപ്പെടുന്ന ഇത്തരം സാധനങ്ങൾ അന്തരീക്ഷ പരിസ്ഥിതി മലിനീകരണങ്ങൾക്ക് ഇടയാകുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ വിപുലമായ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു പ്ലാസ്റ്റിക്ക് റീപ്രോസസിംഗ് ആരംഭിക്കുവാൻ കഴിഞ്ഞാൽ അതൊരു വിജയലും വിപുലവുമായ തൊഴിൽ സാധ്യതകൾ ഉറപ്പ് നൽകുവാൻ കഴിയുന്നതുമായ ഒരു വ്യവസായ സംരംഭമായിരിക്കും.

ഇഷ്ടിക, തടി വ്യവസായങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ധാരാളമായുള്ള പാറ, മണൽ, തടി, എന്നിവ ഉപയോഗിച്ച് സിമൻറിഷിക, ഫർണീച്ചർ യൂണിറ്റ്, കരകൗശല ഉത്പന്നങ്ങൾ, തുടങ്ങി നിരവധി വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയും.

വസ്ത്ര നിർമ്മാണ യൂണിറ്റ്

പഞ്ചായത്തിൽ ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായ ഒരു സംരംഭമാണ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ. ധാരാളം സ്ത്രീകൾ ആ രംഗത്തേക്ക് കടന്നു വരുന്നുണ്ട്. വിപണന സാധ്യതകൾ ഏറെയുള്ള ഈ രംഗത്തെക്ക് ഇനിയും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയും.

മിനി വ്യവസായ എസ്റ്റേറ്റ്

പഞ്ചായത്തിന്റെ സമഗ്രമായ വ്യവസായ വികസനത്തിന് ഉപകരിക്കുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള സ്ഥലം ജനപങ്കാളിത്തത്തോടെയോ വ്യവസായവികസന ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ കണ്ടെത്തി വ്യവസായങ്ങൾ ആരംഭിക്കുവാൻ തയ്യാറുള്ള സംരംഭകർക്ക് വാടകയ്ക്കോ മറ്റുതരത്തിലോ നല്കി വ്യവസായ ഗ്രാമ തന്നെ സൃഷ്ടിച്ചെടുക്കുവാനുള്ള വിപുലമായ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സാങ്കേതിക വിദഗ്ധരായിട്ടുള്ള ആളുകൾ ധാരാളം ഉള്ള പഞ്ചായത്ത് ആണ് ഇത് അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണ്.

നിർദ്ദേശങ്ങൾ

1. ആവശ്യമായ ബോധവൽക്കരണം നടത്തുക.
2. വ്യവസായ വികസന കോർപ്പറേഷൻ, ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം പഞ്ചായത്തിൽ ലഭ്യമാക്കുക.
3. നൂതന സാങ്കേതിക വിദ്യകളും മാർഗ്ഗ നിർദ്ദേശങ്ങളും സംരംഭകർക്ക് ലഭ്യമാക്കുക.
4. ധനകാര്യ സാമ്പത്തിക സ്ഥാപനങ്ങൾ വ്യവസായ വികസനത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കുക.
5. വ്യവസായ സംരംഭകത്വ പരിശീലന പരിപാടികൾ നടപ്പിലാക്കുക.
6. വ്യവസായസഹകരണസംഘങ്ങൾ രൂപീകരിച്ച് കൂട്ടായസംരംഭങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുക.
7. വ്യവസായ സംരംഭകരെ പിൻതിരിപ്പിക്കുന്ന നിയമപരമായ നൂലാമാലകൾ ലഘൂകരിക്കുക.
8. വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് വിവിധ വ്യവസായ യൂണിറ്റുകളെ ഒരു കുടക്കീഴിൽ സ്ഥാപിച്ച് പ്രോത്സാഹനം നൽകുക.
9. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.
10. പീഡിത വ്യവസായങ്ങളെ പുനരുജീവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആവിഷ്കരിക്കുക.

"നമ്മുടെ മാതൃഭൂമിക്കു വേണ്ടത് ഉത്സാഹവും ശാസ്ത്രീയ ബുദ്ധിയുമാകുന്നു."

സ്വാമി വിവേകാനന്ദൻ

6.4 വിദ്യാഭ്യാസം

സ്വാതന്ത്ര്യസമരപ്രസ്ഥാനം ശക്തിയാർജിച്ചു വരുന്നതിനുമുൻപ് തന്നെ വിദ്യാഭ്യാസ രംഗത്ത് കുമാരമംഗലം ഗ്രാമം ശ്രദ്ധിക്കപ്പെട്ടിരിന്നു. പ്രഗൽഭരായ നാട്ടാശ്ശാൻമാർ കളരികൾ സ്ഥാപിച്ച് അനൗപചാരിക വിദ്യാഭ്യസം ആരംഭിച്ചിരിന്നു. കലാസാഹിത്യരംഗത്ത് താല്പര്യമുള്ള കുറെ ആളുകൾ ഇവിടെ ഉണ്ടായിരുന്നു.

ക്രിസ്തുവർഷം 1917 ൽ കുമാരമംഗലത്ത് സ്ഥാപിച്ച ഗവൺമെൻറ് എൽ. പി. സ്കൂൾ ആണ് ഔപചാരിക വിദ്യാഭ്യാസരംഗത്തെ പ്രഥമ വിദ്യാലയം. മലയാറ്റിൽ കുടംബക്കാർ സംഭാവന ചെയ്ത സ്ഥത്താണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. രണ്ടാമത്തെ സ്കൂൾ മൈലക്കൊമ്പ് പള്ളിവക സെൻറ് തോമസ് എൽ. പി. സ്കൂൾ ആണ്. 1964 ൽ ഒരു ഹൈസ്കൂൾ കുമരമംഗലത്ത് ആരംഭിച്ചതും മലയാറ്റിൽ കുടംബക്കാരാണ് . ഇന്ന് ഈ പഞ്ചായത്തിൽ 4 എൽ. പി. സ്കൂളും 2 യു. പി. സ്കൂളും 2 ഹൈസ്കൂളും ഉണ്ട്.

വിദ്യാലയങ്ങളുടെ സ്ഥിതി വിവരണക്കണക്ക്

			വിദ്യാർത്ഥികൾ			അദ്ധ്യാപകർ			
ക്രമ നമ്പർ	സ്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ			അക്കാഡമിക് നിലവാരം
			ആൺ	പെൺ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	
1.	S. R. H. S. പൈങ്കുളം	✓	-18	509	627		-22	22	100%
2.	S. S. U.P. S. ഏഴല്ലൂർ	✓	151	165	316	1	13	14	
3.	M. K. N. M. H. S. കുമാരമംഗലം	✓	39	25	64	5	4	9	30%
4.	സെൻറ് തോമസ് L. P. S. മൈലക്കൊമ്പ്	✓	173	160	333	12	12		
5.	പഞ്ചായത്ത L. P. S. പെരുമ്പിള്ളിച്ചിറ		52	56	108	3	2	5	
6.	ഗവൺമെൻറ് L. P. S. കുമാരമംഗലം		44	46	90	4	2	6	
7.	ഗവൺമെൻറ് L. P. S. കലൂർ		37	31	68	1	4	5	

ആകെയുള്ള സ്കൂളുകളിൽ 2 എൽ. പി. സ്കൂളുകൾ മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്. ബാക്കി ഉള്ളതിൽ ഒരു എൽ. പി. സ്കൂൾ പഞ്ചായത്തിൻേറതായിട്ടുണ്ട് ബാക്കി സ്കൂളുകൾ എല്ലാം മനോജ് മെൻറിൻെറ ആണ്. കൂടാതെ സന്ദീപതി എന്ന പേരിൽ ഒരു അൺ എയിഡഡ് എൽ. പി. സ്കൂളും പെരുമ്പിള്ളിച്ചിറയിൽ സ്ഥാപിച്ചിട്ടുണ്ട്.

മോശമല്ലാത്ത ഭൗതീകസാഹചര്യമാണ് എല്ലാ സ്കൂളുകളിലും നിലനിൽക്കുന്നത്. കർഷകരുടെയും കർഷക തൊഴിലാളികളുടെയും കുട്ടികളാണ് ഭൂരിഭാഗവും തൊഴിലാളികളുടെ കുട്ടികളെ സംബന്ധിച്ച് പൊതുവേ പറഞ്ഞാൽ രക്ഷകർത്താക്കളുടെ അജ്ഞതയും സാമ്പത്തിക പരാധീനതയും അശ്രദ്ധയും വിദ്യാഭ്യാസനിലവാരത്തെ ബാധിക്കുന്നുണ്ട്. നിലവാരത്തകർച്ച മിക്കസ്കൂളുകളേയും ബാധിച്ചിട്ടുണ്ട്. 2 ഹൈസ്കൂൾ ഉള്ളതിൽ കുമാരമംഗലം ഹൈസ്കൂളിൽ കുട്ടികളുടെ എണ്ണം വളരെ കുറവാണ്, വിജയശതമാനവും വളരെതാഴെതന്നെ മുൻ കാലങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ ആയിരുന്നു. മെച്ചപ്പെട്ട വിജയശതമാനവും കലാകായിക രംഗത്ത് മികവും പുലർത്തുന്ന ഹൈസ്കൂൾ ആണ് സെൻറ് റീത്താസ് എച്ച്. എസ്. പൈങ്കുളം.

5 മുതൽ 7 വരെ ക്ലാസ്സിൽ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്നുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ പെൺകുട്ടികൾ മാത്രമാണുള്ളത്. കുട്ടികൾക്ക് താമസിച്ച് പഠിക്കുവാൻുള്ള ബോർഡിംഗ്ഗ് സൗകര്യവും ഇവിടെ ഉണ്ട്. എല്ലാവിഭാഗം കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട് എങ്കിലും ഇടത്തരക്കാരുടെ കുട്ടികളാണ് അധികവും

പഠനനിലവാരം മെച്ചമാണെന്നാണ് വർഷങ്ങളായി നിലനിൽക്കുന്ന എസ്. എസ്. എൽ. സി. വിജയശതമാനം കാണിക്കുന്നത്

S. S. L. C. വിജയശതമാനം താഴെ കാണിക്കുന്നു.

സ്കൂളിന്റെ പേര്	വിജയശതമാനം				
	91-92	92	-93 -94	94-95	95-96
എം. കെ. എൻ. എം. എച്ച്. എസ്. കുമാരമംഗലം		37%	25%	16%	30%
സെൻറ് റീത്താസ് എച്ച്. എസ്. പൈങ്കുളം	97%	95%	99%	98%	100%

പട്ടിക 1

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

സ്കൂളിന്റെ പേര്	എൽ. പി.				യു. പി.				എച്ച്. എസ്.			
	ആകെ	SC/ST		%	ആകെ	SC/ST		%	ആകെ	SC/ST		%
		ആൺ	പെൺ			ആൺ	പെൺ			ആൺ	പെൺ	
സെൻറ് റീത്താസ് പൈങ്കുളം					14	4	10	4.5	3		9	2.85
M. K. N. M. H. S. കുമാരമംഗലം					7	3	4	33.33	12	10	2	27.9
ഗവ. എൽ. പി. എസ് കുമാരമംഗലം	20	8	12	22.2								
പഞ്ചായത്ത് എൽ. പി. എസ് പെരുമ്പിള്ളിച്ചിറ	8	3	5	7.4								
സെൻറ് തോമസ് എൽ. പി. എസ് മൈലക്കൊമ്പ്	18	10	8	6.2								
സെൻറ് സെബാസ്റ്റ്യൻ യു. പി. എസ്. ഏഴല്ലൂർ	18	6	12	12.6	2	15	11	16				
ഗവ. എൽ. പി. എസ്. ഈസ്റ്റ് കലൂർ	5	4	1	7.4								
സെൻറ് ജോസഫ്സ് പെരുമ്പിള്ളിച്ചിറ	1		1	1.2								
ആകെ	70	31	39		47	22	25		21	10	11	

ഈ പഞ്ചായത്തിലെ നല്ലൊരുവിഭാഗം കുട്ടികൾ പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന നാഗപ്പുഴ, കലൂർ, മുതലക്കോടം, കോടിക്കുളം, തൊടുപുഴ തുടങ്ങിയ സ്ഥങ്ങളിലുള്ള സ്കൂളുകളിൽ ചേർന്ന് പഠിക്കുന്നുണ്ട് താരതമ്യേന നിലവാരമുള്ള സ്കൂളുക ളാണവ. അതുകൊണ്ട് തന്നെ പഞ്ചായത്തിനുള്ളിൽ വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞു. നിലവാരത്തകർച്ചക്കും അത് ഒരു കാരണമാണ്.

ഭൂരിഭാഗം ജനങ്ങളും പൊതുവിദ്യാലയത്തിൽ ചേർന്ന് പഠിക്കുവാൻ താല്പര്യമുള്ളവർ ആണെങ്കിലും തൊടുപുഴയിൽ സ്ഥിതി ചെയ്യുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ധാരാളം കുട്ടികളിൽ പഠിക്കുന്നുണ്ട്. വിദ്യാഭ്യസത്തെ വരേണ്യവൽക്കരിക്കാൻ നടക്കുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ ഇടത്തരക്കാരായ നാട്ടിൻ പുറത്തുകാരിലും വലിയ സ്വാധീനം ചെലുത്തുന്നുണ്ട് മാതൃഭാഷയിൽ കൂടി വിദ്യാഭ്യാസം ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഇനിയും എല്ലാവർക്കും ബോധ്യപ്പെടേണ്ടതുണ്ട്.

ഉന്നവിദ്യാഭ്യസ സ്ഥപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല. സാങ്കേതിക വിദ്യാഭ്യാ സത്തിന് ഒരു ടൈപ്പ് സെൻറർ മാത്രമാണ് ഇവിടെ പ്രവർത്തി ക്കുന്നത്. കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട് നേഴ്സറി സ്കൂളുകൾ 4 എണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തി ക്കുന്നുണ്ട്. എല്ലാ മലയാളം മീഡിയം തന്നെ.

1. ഏഴല്ലൂർ അസ്സീസി നേഴ്സറി
2. പൊരുമ്പിള്ളിച്ചിറ നേഴ്സറി
3. മൈലക്കൊമ്പ് നേഴ്സറി
4. കുമാരമംഗലം നേഴ്സറി
5. സാന്ദീപനി വിദ്യാമന്ദിർ

അങ്കൻ വാടികൾ 18 എണ്ണം ഈ പ്രവർത്തി ക്കുന്നുണ്ട്.

മുസ്ലീം സമുദായത്തിന്റെ മതപഠനസ്ഥാപനമായ 4 മദ്രസകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

4 മുസ്ലീം പള്ളികളും, 3 ക്രിസ്ത്യൻ പള്ളികളും, 5 ക്ഷേത്രങ്ങളും നിലവിലുണ്ട്.

സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതുകൊണ്ട് നവസാക്ഷരർ ക്രമേണ നിരക്ഷരരായി തീർന്നിട്ടുണ്ട് 94 % ആയിരുന്നു. ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക്.

വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്ത് ഇടപെടാൻ തുടങ്ങിയതോടെ സ്കൂൾ കോപ്ലക്സുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എസ്. എസ്. എൽ. സി. വിജയശതമാനവും പഠനനിലവാരവും ഉയർത്തുക എന്നതാണ് സ്കൂൾ കോപ്ലംക്സിന്റെ ലക്ഷ്യം. ഡി. പി. ഇ. പി. യുടെ പ്രവർത്തനവും പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട് പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് വേൾഡ് ബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഡിപ്പാർട്ട് പ്രൈമറി എജ്യൂക്കേഷൻ പ്രോഗ്രം.

ഗ്രമസഭകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ ക്രിയാത്മകങ്ങളായിരുന്നു.

1. സ്കൂളിന്റെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക.
2. അദ്ധ്യാപകർ കുറെക്കൂടി അർപ്പണ ബോധമുള്ള വരാകുക. പുതിയ വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കുന്നതിന് അവർക്ക് ഇൻ സർവ്വീസ് കോഴ്സുകൾ കൊടുക്കുക.
3. സ്കൂൾ പി. റ്റി. എ. സജീവമാക്കുക.
4. ലൈബ്രറി, ലാബ്രട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
5. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
6. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.
7. ഉച്ചക്കഞ്ഞി വിതരണതിന്റെ ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.
8. സ്കൂളുകളുടെ അറ്റകുറ്റപണി നടത്തുക. ആകർഷ കമായ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുക.
9. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
10. നിലവിലുള്ള സ്കൂളുകൾ നിറത്തൽ ചെയ്യാതെ നന്നാക്കാൻ ശ്രമിക്കുക. ഗ്രാമസഭകൾ സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്താൻ സാഹായിക്കുക.
11. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹി പ്പിക്കുവാൻ ഒരു വൊക്കേഷണൽ ഹയർസെക്കൻണ്ടറി സ്കൂൾ ഈ പഞ്ചായത്തിൽ അനുവധിക്കുക.
12. പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിക്കണം.
13. എല്ലാ എൽ. പി. യൂപി. ഹൈസ്കൂളുകളിലും കലാകായിക രംഗത്തുള്ള അദ്ധ്യാപകരെ നിയമിക്കുക.
14. മാതൃസംഗമങ്ങളും ക്ലാസ് പി. റ്റി. എ. യും സജീവ മാക്കണം.

ഡിപ്പാർട്ടുമെൻറിന്റേയും ഗ്രാമസഭകളുടെയും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായാൽ പൊതു വിദ്യാഭ്യസരംഗം മെച്ചപ്പെടുത്താൻ കഴിയും.

ഒരു ജനതയുടെ ആരോഗ്യപരിപാലനത്തിൽ കുടിവെള്ളത്തിന് ഏറെ പ്രാധാന്യമുണ്ട്. രോഗം വന്നിട്ട് ചികിൽസിക്കുന്നതിനെക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുന്നതാണ് നല്ലതെന്ന് ആരോഗ്യ ശാസ്ത്രം പറയുന്നു. ശുദ്ധവായുവും ശുചിത്വമുള്ള വീടും പരിസരവും ആരോഗ്യത്തെപരിപോഷിപ്പിക്കുന്നു.

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും വേനൽക്കാലത്ത് ഏറെ വിഷമിക്കുന്നത് കുടിവെള്ളത്തിനാണ് മഴയെമാത്രം ആശ്രയിച്ചാണ് ഇവിടുത്തെ കുടിവെള്ള പ്രശ്നം നിലനിൽക്കുന്നത്. പുഴയോ വറ്റാത്തതോടോ ഈ ഗ്രാമത്തിൽ ഇല്ല. പണിപൂർത്തീകരിക്കാത്ത ഒരു ഇറിഗേഷൻ കനാൽ മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കുമാരമംഗലം ഭാഗത്തുകൂടി കടന്നു പോകുന്നുണ്ട്.

കുന്നും കുഴിയും നിറഞ്ഞ ഭൂപ്രകൃതി നിലനില്ക്കുന്ന പഞ്ചായത്തിൽ പാറക്കെട്ടുകൾ മൊത്തം വിസ്തീർണ്ണത്തിന്റെ 20% എങ്കിലും വരും ഭൂരിഭാഗം സ്ഥലത്തും ആറുമാസക്കാലം കൊടിയജലക്ഷാമം നിലനില്ക്കുന്നു. ഒരു കിലോമീറ്ററിൽ അധികം സഞ്ചരിച്ച് വെള്ളംകൊണ്ടുവരുന്ന ധാരാളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. കിണറുകളെയാണ് ഇതിനായി ജനങ്ങൾ ആശ്രയിക്കുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ മാത്രമാണ് വേനൽക്കാലത്ത് ജലം ലഭിക്കുന്നത്.

പഞ്ചായത്തിന്റെ വിസതൃതിയിൽ ഏതാണ് 60% ശതമാനം സ്ഥലത്തും ജലക്ഷാമമുണ്ട് വാട്ടർ അതോറിട്ടിയുടെ ശ്രമഫലമായി കുറെ കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യം വച്ച് നോക്കുമ്പോൾ അവ പര്യാതങ്ങളല്ല. ഡിപ്പാർട്ടുമെൻറിന്റെ അനാസ്ഥ മൂലം പലകുഴൽ കിണറുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കൂടാതെ പാറത്തലയ്ക്കൽ പാറ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതി പ്രകാരം കുമാര മംഗലം പാറ പ്രദേശങ്ങളിൽ കുറെ ഭാഗത്ത് ജലവിതരണം നടക്കുന്നുണ്ട്. എന്നാൽ ഇവിടെയും പലപ്പോഴും വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്.

ജല വിതരണം നിർദ്ദേശങ്ങൾ

1. കുമാരമംഗലം, കോടിക്കുളം, കല്ലൂർക്കാട് പഞ്ചായത്തുകളെ ഉൾപ്പെടുത്തി നിർമ്മാണത്തിലിരിക്കുന്ന കല്ലൂർപദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തണം.

2. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളിൽ ഒന്നായ രണ്ടാം വാർഡിൽ ഒരു മിനിവാട്ടർ സപ്ലൈസ്കീം നടപ്പിലാക്കണം.

3. മൂന്നാം വാർഡിൽ നിർമ്മാണത്തിൽ ഇരിക്കുന്ന പദ്ധതിയുടെ പണി പൂർത്തിയാക്കണം. പുതിയ പദ്ധതികൾ ആരംഭിക്കണം.

4. ഏറെ ജനങ്ങൾ കഷ്ടപ്പെടുന്ന വാർഡുകളിൽ ഒന്നായ നാലാം വാർഡിൽ നിലവിലുള്ള ഉരിയരിക്കുന്ന് പദ്ധിതി എത്രയുംവേഗം പൂർത്തിയാക്കണം.അതു പോലെതന്നെ തൊടുപുഴ പുഴയിൽ നിന്നോ മാട്ടുപാറ പദ്ധതിയിൽ നിന്നോ വെള്ളം പമ്പ് ചെയ്ത് വലിയ പാറയിൽ ടാങ്ക് പണിത് പുലിയപ്പാറ, പാമ്പൂരം പാറ, നടുവത്തുപാറ എന്നിവടിടങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കണം. നടുവത്തുപാറയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കണം.

5. മൂവാറ്റുപുഴ നദീതടപദ്ധതിയുടെ വലതു കര കനാൽ കടന്നുപോകുന്നത് ഈ പഞ്ചായത്തിൽ കൂടിയാണ്. പദ്ധതി പൂർത്തിയാകുമ്പോൾ അതിന്റെ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തിയാൽ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

6. പഞ്ചായത്തിൽ ആവശ്യമുള്ള സഥലങ്ങളിൽ എല്ലാം കുഴൽ കിണർസ്ഥാപിച്ചാൽ കുടിവെള്ളക്ഷാമത്തിന് ഒരളവുവരെ പരിഹാരം കാണുവാൻ സാധിക്കും.

പട്ടിക 1

ജലസേജചനം കുടിവെള്ളം

വിവരങ്ങൾ എണ്ണത്തിൽ

പൊതുജനാരോഗ്യം

കുമാരമംഗലം ഗ്രാമപഞ്ചായത്ത് 1 മുതൽ 8 വരെയുള്ള വാർഡുകളിലെ വിവരങ്ങൾ

ശുചീകരണ ജീവനക്കാർ	മൂത്രപ്പുരകൾ	കക്കൂസുകൾ	പൊതുടാപ്പുകൾ	ഹൗസ് കണക്ഷനുകൾ	പൊതുകുഴൽ കിണർ	പൊതുകിണർ	കുളിക്കടവുകൾ	ശ്മശാനങ്ങൾ	അറവുശാലകൾ	[illegible]
ഇല്ല	ഇല്ല	ഇല്ല	59	68	8	9	ഇല്ല	ഇല്ല	5	ഇല്ല

കുമാരമംഗലം പഞ്ചായത്തിൽ നിലവിലുള്ള കിണറുകളും പൊതു ടാപ്പുകളും നല്ല നിലയിൽ പ്രവർത്തിക്കുന്നതല്ല. ഉപഭോക്താക്കളുടെ ഉപയോഗക്രമത്തിലുള്ള കുഴപ്പങ്ങളാണ് ഇതിന് കാരണം. ഇതിന് പരിഹാരമായി ഇക്കാര്യങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

ടാപ്പുകൾ കേടായവ നന്നാക്കുന്നതിന്, പൈപ്പുകൾ നന്നാക്കുന്നതിനും പഞ്ചായത്തു തലത്തിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കണം.

ശുചീകരണത്തിന് ആവശ്യമായ ഉദ്യോഗസ്ഥൻമാരെ നിയമിക്കണം.

പൊതു കക്കൂസുകളും പൊതു മൂത്രപ്പുരകളും പ്രധാനകേന്ദ്രങ്ങളിൽ സ്ഥാപിക്കണം. ഇതിനുവേണ്ടി പഞ്ചായത്ത് വാർഡു പ്രതിനിധികൾ മുൻകൈ എടുക്കണം.

ആരോഗ്യം

ഈ പഞ്ചാത്തിലെ ആരോഗ്യ രംഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആയൂർ വേദ ചികിതംസാരംഗത്ത് പ്രസിദ്ധിരായ ഭിഷഗ്വരൻമാർ ഉണ്ടായിരുന്ന ഒരു പ്രദേശമാണ് ഇത്. രോഗം വന്നാൽ മന്ത്രവാദവും വഴിപാടും പ്രാർത്ഥനയും മറ്റും നടത്തുന്ന സമ്പ്രദായം ഇപ്പോഴും കുറയൊക്കെ ഇവിടെയും നിലനിൽക്കുന്നുണ്ട്. ആയൂർ വേദ രംഗത്ത് അമൂല്യ സംഭാവന നല്കിയ ചേന്നാൽ വൈദ്യനും, വാര്യർ വൈദ്യനും വെമ്പിളി വൈദ്യനും ഈ ഗ്രാമത്തിന്റെ അഭിമാനങ്ങളായിരുന്നു.

പൈങ്കുളത്തു സ്ഥിതിചെയ്യുന്ന മാനസിക ചികിത്സാ കേന്ദ്രം കേരളത്തിലേത്തന്നെ എണ്ണപ്പെട്ട ചികിത്സാ കേന്ദ്രമാണ്. അതൊഴിച്ച് എടുത്തുപറയാവുന്ന അലോപ്പതി ആശുപത്രികൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല, കുമാരമംഗലത്ത് ഒരു പ്രൈമറി ഹെൽത്ത് സെൻററും ഏഴല്ലൂരിൽ ഒരു ആയൂർ വേദ ആശുപത്രിയുമാണ് ഗവ. മേഖലയിൽ ഉള്ളത്. എന്നാൽ സ്വകാര്യ മേഖലയിൽ മൂന്ന് ആയൂർ വേദ ഡിസ്പൻറിയും രണ്ടു ഹോമിയോ ഡിസ്പൻസറിയുമുണ്ട്. മൂന്ന് പി. എച്ച്. സി. സബ്സെൻററുകളും. ഇവിടെ പ്രവർത്തിക്കുന്നുണ്ട് എന്നാൽ പി. എച്ച്. സി. സെൻററിന്റെയും ആയൂർവേദ ഡിസ്പൻസറിയുടേയും പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിന്റെ പൊതുആരോഗ്യ പരിരാലനത്തിൽ ഈ സ്ഥാപനങ്ങൾ കാര്യമായ പങ്ക് വഹിക്കുന്നില്ല.


ആയൂർവേദ ഡിസ്പൻസറി സ്ഥിതിവിവരം

വർഷം	ഇൻപേഷ്യൻറ്	ഔട്ട്പേഷ്യൻറ്	ത്വക്രോഗം	വാതരോഗം	പകർച്ച വ്യാധികൾ	വിഷചികിത്സ	മറ്റ് രോഗങ്ങൾ	ആകെ
92-93	-	16377	4122	9468	765	ഇല്ല	2022	16377
93-94	-	18506	4272	10112	794	-	3328	18506
94-95	-	18522	4295	10221	821	-	3185	18522
95-96	-	18120	4153	9975	795	-	3792	18715
ആകെ	-	72120	16842	39776	3175	-	12327	72120

ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രി സ്വകാര്യമേഖലയിലുള്ള മെൻറൽ ആശുപത്രിയാണ്. അവിടെ ഡോക്ടർ ഉൾപ്പെടെ 137 ജീവനക്കാർ പ്രവർത്തിക്കുന്നു.

വർഷം	ഇൻപേഷ്യൻറ്	ഔട്ട്പേഷ്യൻറ്(മനോരോഗം)
92-93	3235	34975
93-94	3089	28640
94-95	3511	23476
95-96	3040	24837
ആകെ	12875	111928

പൈങ്കുളം മാനസിക ചികിത്സാ കേന്ദ്രം



കുമാരമംഗലം ഗ്രാമപഞ്ചായത്ത്

കുട്ടുകളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	15	17	6	6	2	2	Nil	Nil
1-3 വയസ്സ്	45	44	12	12	7	6	Nil	Nil
3-6 വയസ്സ്	30	32	10	14	4	4	Nil	Nil

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

കുമാരമംഗലം ഗ്രാമപഞ്ചായത്ത്

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പ്

കുട്ടികൾ	ബിസിജി	ഡി.പി.റ്റി.				പോളിയോ				ഡി.റ്റ.				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽതാഴെ	44	42	41	40	47	42	41	40	47				47	
1-3 വയസ്സ്	88	88	88	85	88	88	88	88	85	Nil	Nil	Nil	Nil	39
3-6 വയസ്സ്	94	94	94	94	94	94	94	94	94				52	

ടെറ്റലസ് ടോക്ഡോയിസ് (TT)

ഗർഭിണികൾ	1D	2D	BD	Total
	176	160	9	345

ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 39

ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 185

വിറ്റാമിൻ A തുള്ളി മരുന്ന് ലഭിച്ച കുട്ടികൾ 195

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 39

1. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മുഴുവൻ സമയം ഡോക്ടർ ഇല്ല.
2. ആവശ്യത്തിന് മരുന്നോ ജീവനക്കാരോ ഇല്ല. ഉള്ളവർതന്നെ പൂർണ്ണമായും ജോലി ചെയ്യുന്നില്ല
3. രോഗികൾക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഇല്ല.
4. ശുചിത്വമുള്ളതും പണിതീർന്നതുമായ ഒരു റോഡ് ആശുപത്രിയിലേക്കില്ല.
5. പൊതുജനാരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത.
6. സമ്പന്ന വിഭാഗവും സാധാരണക്കാരും നല്ല ചികിത്സാ പ്രതീക്ഷിച്ച് പട്ടണങ്ങളെ അഭയം പ്രാപിക്കുന്നു.
7. നല്ല ചികിൽസ സഹായം ലഭിക്കാത്തതാണ് ഈ ആളുകൾ പുറത്തുപോകാൻ കാരണം.
8. ജീവനക്കാർ അധികവും ഫീൽഡുവർക്കുമായി പുറത്തുപോകുന്നു. എന്നാൽ പലരും വേണ്ടത്രജോലി ചെയ്യുന്നില്ല.
9. നാട്ടിൽ നിന്നും അന്യം നിന്നു പോയെന്ന് വിധിയെഴുതിയ പലരോഗങ്ങളും തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. ആരോഗ്യരംഗത്ത് ഒരു പുനഃചിന്തനം ആവശ്യമാണ്.
10. പേവിഷബാധയ്ക്കും സർപ്പ വിഷബാധയ്ക്കും നല്ലരീതിയിലുള്ള ചികിൽസാ ആശുപത്രിയിൽ ലഭ്യമാക്കേണ്ടതാണ്
11. ഗൈനോക്കളജിസ്റ്റിന്റെ സേവനം ആശുപത്രിയിൽ ഉണ്ടാകണം. സാധാരക്കാരെ സംബന്ധിച്ച് ഇത് വലിയെരു അനുഗ്രഹമായിരിക്കും.
12. ആയുർവേദാശുപത്രിയിലെ ഡോക്ടർമാർക്കും നേഴ്സുകൾക്കും താമസിക്കാനുള്ള കോർട്ടേഴ്സ് ആശുപത്രിക്ക് സമീപം നിർമ്മിച്ച് കൊടുക്കണം.

ആരോഗ്യ പരിപാലനത്തിന്

കുടിവെള്ളവും ശുചിത്വവുമാണ് ആരോഗ്യത്തിന്റെ രണ്ട് പ്രധാന ഘടകങ്ങൾ. വെള്ളത്തിൽകൂടിയാണ് പല സാംക്രമിക രോഗങ്ങളും ഉണ്ടാകുന്നത്. പരിസരശുചിത്വംപാലിക്കുവാൻ ഒന്നാമതായിവേണ്ടതാണ് കക്കൂസ്. വെളിമ്പ്രദേശങ്ങളിൽ മലമൂത്രവിസർജനം നടത്താതിരിക്കുകയാണെങ്കിൽ അനവധിരോഗങ്ങളിൽ നിന്നും രക്ഷനേടാൻ കഴിയും. ഈ പഞ്ചായത്തിലെ 2610 വീടുകളിൽ കക്കൂസുകൾ ഉണ്ട്. ശേഷിക്കുന്ന വീടുകളിൽ കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ പന്നി വളർത്തൽ പരിസരമലിനീകരണത്തിന് കാരണമാകുന്നുണ്ട് സാധാരണക്കാർക്ക് വരുമാനമുണ്ടാക്കുന്ന ഒരു തൊഴിലാണ് ഇത് എന്നാൽ വേണ്ട ക്രമീകരണങ്ങളിൽ കൂടി അവയെ വളർത്താൻ ഉള്ള സാമ്പത്തീകശേഷി അവർക്കില്ല.

പരിഹാരം

1. കക്കൂസ് നിർമ്മിക്കാൻ സർക്കാർ സാമ്പത്തീകസഹായം നൽകുക.
2. കോളനികളിൽ പൊതുകക്കൂസ് നിർമ്മിച്ചുകൊടുക്കുക
3. കുടിവെള്ളക്ഷാമം സ്ഥിരമായി പരിഹരിക്കുക.
4. പരിസരശുചിത്വത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുക.
5. കിണറുകളിൽ ക്ലോറിനേഷൻ നടത്തുക.

പരിസരമലിനീകരണം

1. വ്യവസായവൽക്കരണം കുറഞ്ഞസ്ഥലമായതുകൊണ്ട് ഇവിടെ പരിസരമലീകരണം ഗുരുതരമായി അനുഭവപ്പെടുന്നില്ല. എന്നാൽ പഞ്ചായത്തിൽ ചില സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അറവുശാലകൾ പരിസര മലിനീകരണം ഉണ്ടാക്കുന്നുണ്ട്. മൃഗങ്ങളുടെ അവശിഷ്ടങ്ങൾ വേണ്ട വണ്ണം സൂക്ഷിക്കാത്തതുകൊണ്ട് പഞ്ചായത്തിന്റെ പലവാർഡുകളിലും പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്.
2. പൊതു നിരത്തുകളിൽ ചെറുഹോട്ടലുകളും ചായക്കടകളും പ്രവർത്തിക്കുന്നുണ്ട്. അവശിഷ്ടങ്ങൾ പലതും പൊതു നിരത്തിൽ നിക്ഷേപിക്കുന്ന പ്രവണതയുണ്ട്. പഞ്ചായത്ത് സമിതി അത് തടയാൻ ഉള്ള നടപടികൾ സ്വീകരിക്കുകയും പഞ്ചായത്തിൽ പൊതു നിരത്തുകൾ വൃത്തിയാക്കുന്നതിന് ഏതാനും ജീവനക്കാരെ പ്രത്യേകം നിയമിക്കുകയും ചെയ്യുക.
3. മൂന്ന് മാതൃശിശുസംരക്ഷണകേന്ദ്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. എല്ലാവാർഡുകളിലും മാതൃശിശു സംരക്ഷണകേന്ദ്രം ആരംഭിക്കണം.

4. പൊതു ശ്മശാനങ്ങൾ എല്ലാ വാർഡുകളിലും പ്രത്യേകിച്ച് കോളനികൾ കേന്ദ്രീകരിച്ച് നിർമ്മിക്കുക.

5. പ്രായമായവരുടെ ശാരീരികവും മാനസീകവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് പഞ്ചായത്തിൽ ഒരു വായോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുക.

6. ആരോഗ്യരംഗത്ത് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാൻ ഉതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പിലാക്കുക.

7. ആയുർവേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സഹകരണ അടിസ്ഥാനത്തിൽ ഔഷധസസ്യ സൊസൈറ്റികൾ സ്ഥാപിക്കുക.

8. പഞ്ചായത്തിലെ സൗകര്യപ്രധമായ സ്ഥലങ്ങളിൽ കളി സ്ഥലങ്ങൾ നിർമ്മിക്കുക. മാനസീകവും ശാരീരികവുമായ ആരോഗ്യത്തിന് വളരെ ഉപകരിക്കുന്നതാണിത്.

9. മയക്കുമരുന്ന് സേവ, പുകവലി, മദ്യപാനം, മുറിക്ക് എന്നിവ മൂലമുണ്ടുകുന്ന രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തി അവയെ നിയന്ത്രിക്കുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്യുക. സന്നദ്ധ പ്രവർത്തകരെ ഈ ക്യാരത്തിൽ പഞ്ചായത്ത് സമിതി സഹായിക്കുക.

10. രക്തദാനത്തെക്കുറിച്ച് ജനങ്ങൾക്കുള്ള ഭയാശങ്കകൾ ദൂരീകരിക്കുക.

11. നേത്യദാനത്തിന്റെ മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ത്യാഗമനസ്ഥിതിയും ജീവകാരുണ്യ മനോഭാവവും ഗ്രാമവാസികളിൽ വ്യാപകമാക്കുക. അതിനുതകുന്ന കർമ്മപരിപാടികൾ നടപ്പിലാക്കുക.

നിലവിൽ ഉള്ള സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയും പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തിയും ആരോഗ്യരംഗത്തെ സ്ഥാപങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ ആരോഗ്യരംഗത്ത് ഇനിയും ഏറെ മുന്നേറാൻ നമുക്ക് കഴിയും ശുചിത്വവും ആരോഗ്യവും ഉള്ള ഗ്രാമം എന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ കഴിയും നന്മതുടിക്കുന്ന മനസും കർമ്മ ബദ്ധവുമായ കരവും നമുക്ക് ഉണ്ടാകണം എന്ന് മാത്രം.

പട്ടിക 1

ഈരാരോഗ്യസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ

വർഷം	ഇൻ പേഷ്യന്റ് എണ്ണം.	ഔട്ട് പേഷ്യന്റ് എണ്ണം.	തുക്ക് രോഗം	ഇതര രോഗം എല്ലാ വിഭാഗവും	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-1993	5	20763	870	210	1290	Nill	18398	20768
1993-1994	Nill	15316	810	140	627	Nill	13739	15316
1994-1995	Nill	9213	580	110	703	Nill	7820	9213
1995-1996	Nill	5258	698	170	373	Nill	4017	5258
	5	50550	2958	630	2993	Nill	43974	5055

പട്ടിക 2

പകർച്ചവ്യാധിവിവരങ്ങൾ

വർഷം	ജനജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	220	16	1	Nill
1994-95	250	6	Nill	Nill
1995-96	300	6	3	Nill
Total	770	28	4	Nill

പട്ടിക 3

ആരോഗ്യസ്ഥിതി വിവരം

ജന സംഖ്യ	അമ്മമാരുടെ എണ്ണം	ഒരു കുട്ടി ഉള്ളവർ	2 കുട്ടികൾ ഉള്ളവർ	2 ൽ കൂടുതൽ കുട്ടികൾ ഉള്ളവർ	ആകെ ഗർഭിണികൾ	1 വയസ്സിന് താഴെയുള്ള കുട്ടികൾ
13728	2334	527	972	640	186	186

6.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഒരു നാടിന്റെ വികസനം ആരംഭിക്കുന്നത് ആ നാട്ടിലെ ഗതാഗതത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ പഞ്ചായത്തിൽ വെങ്ങലൂർ മുതൽ കലൂർ വരെ നീണ്ടുപോകുന്ന നടപ്പാത ഒരു റോഡായി രൂപാന്തരപ്പെട്ടിട്ട് 70 വർഷത്തോളമായി.

1953 ൽ ആണ് ഈ പഞ്ചായത്ത് രൂപീകൃതമായത്. 1948 കാലത്താണ് ഈ പ്രദേശത്തുകൂടി ആദ്യമായി ഒരു ബസ്സ് സർവ്വീസ് ആരംഭിച്ചത്. 1950 ൽ ഈ റോഡു ഗവൺമെൻറിൽനിന്നും മെറ്റൽ ചെയ്തു. ടാറിംഗിനുവേണ്ടി പിന്നേയും വർഷങ്ങളെടുത്തു. ഇതിനു ശേഷമാണ് തൊടുപുഴ ഏഴല്ലൂർ റോഡ്, ഏഴല്ലൂർ പെരുമാങ്കണ്ടം റോഡ്, ഏഴല്ലൂർ കിഴക്കൻ കലൂർ റോഡ്, പെരുമാങ്കണ്ടം കോടിക്കുളം റോഡ് തുടങ്ങി ഇന്നു കാണുന്ന മറ്റു റോഡുകൾ ഉണ്ടായത്. ഈ പഞ്ചായത്തിൽ 65.7 കി.മി. ടാറിട്ട റോഡും 38.5 കി.മി. മെറ്റൽ റോഡും ഉണ്ട്. പഞ്ചായത്തിൽ ഗതാഗത സൗകര്യം പൂർത്തീകരിക്കണമെങ്കിൽ ഒട്ടേറെ റോഡുകൾ ഇനിയും നിലവിൽ വരേണ്ടതുണ്ട്. കാളിയാർ പുഴയുടെ ഒരു ഭാഗം പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായതുകൊണ്ട് അവിടവിടെ ചെറിയ ചെറിയ കലുങ്കുകളല്ലാതെ വലിയ പാലങ്ങളൊന്നും ഈ പഞ്ചായത്തിൽഇല്ല. വണ്ടമറ്റത്തു നിന്നും കോടിക്കുളം വഴി ഒഴുകി വരുന്ന വലിയ തോട്ടിൽ ഒരു പാലം നിർമ്മിച്ചാൽ കോടിക്കുളം പഞ്ചായത്തുമായുള്ള ഗതാഗതം ആ പ്രദേശത്തു സാധ്യമാകും.

നമ്പർ	പേര്	നീളം	വീതി	ഇനം
1.	തൊടുപുഴ-ഏഴല്ലൂർ റോഡ് (പുതിച്ചിറ)	4.5	6.5	ടാർ
2.	പെരുമ്പിള്ളിച്ചിറ-കല്ലുമാരി	1.3	8	ടാർ
3.	പെരുമ്പിള്ളിച്ചിറ-കല്ലുമാരി ക്രോസ് റോഡ്	.7	5	മണ്ണ്
4.	പെരുമ്പിള്ളിച്ചിറ-പാറത്തല ക്കപ്പാറ	1.8	8	ടാർ
5.	കറുക - കുമാരമംഗലം	1.9	8	ടാർ
6.	കറുക - പത്താഴപ്പാറ	1	8	ടാർ
7.	കടുവക്കുഴി - ഉരിയരിക്കുന്ന്	3	4	ചരൽ
8.	മളികപ്പടി - പത്താഴപ്പാറ	2	4	ചരൽ
9.	കുറ്റിയാട്ട് - നെല്ലിക്കുഴി	1	4	ചരൽ
10.	ഏഴല്ലൂർ - കാരുപ്പാറ	2.3	7	ടാർ
11.	ഏഴല്ലൂർ - പ്ലാന്റേഷൻ - കലൂർ	5	6	ടാർ
12.	ഏഴല്ലൂർ - പെരുമാങ്കണ്ടം	2.7	7	ടാർ
13.	നെരകുഴി - ഉരിയരിക്കുന്ന്	3.4	4	ചരൽ
14.	നെരകുഴി - കലൂർ ചർച്ച് റോഡ് പ്ലാന്റേഷൻ	2.5	6	മിറ്റൽ
15.	ഏഴല്ലൂർ - ശാസ്താവ്	1.25	8	ടാർ

നമ്പർ	പേര്	നീളം	വീതി	ഇനം
16.	ഏഴല്ലൂർ - ഹരിജൻ കോളനി മദ്രസ റോഡ്	3	6	ചരൽ
17.	തൊടുപുഴ - കലൂർ *(പള്ളിപ്പീടിക മുതൽ)*	7	7	ടാർ
18.	പള്ളിപ്പീടിക-മൈലക്കൊമ്പ്	1.2	5	ചരൽ
19.	പാറ - വാര്യംറോഡ്	.7	4	ചരൽ
20.	പാറ - മൈലക്കൊമ്പ്	1	5	ചരൽ
21.	പാറ - നാഗപ്പുഴ (പാലക്കുഴി *വരെ*)	2.5	8	ടാർ
22.	മൈലക്കൊമ്പ് കവല-മാട്ടുപ്പാറ	1.5	8	ടാർ
23.	മൈലക്കൊമ്പ് - പൈങ്കുളം ക്രോസ്സ് റോഡ്	.9	8	ടാർ
24.	വാഴേപ്പീടിക - പൈങ്കുളം	1	8	ടാർ
25.	താഴത്തേടത്തുപടി - പൈങ്കുളം	1.2	5	ചരൽ
26.	കുമാരമംഗലം - നാഗപ്പുഴ	1	8	ടാർ
27.	വർങ്ങലപീടിക- മണിയന്ത്രം	1.5	4	ചരൽ
28.	വർങ്ങലപീടിക- ഇടയ്ക്കാട്ടു കയറ്റം	.5	4	ചരൽ
29.	മൈലക്കൊമ്പ് -പള്ളിത്താഴം ക്രോസ്റോഡ്	.6	4	ചരൽ

നമ്പർ	പേര്	നീളം	വീതി	ഇനം
30.	മാളികപ്പടി- പാലക്കുഴിപാടം	1.5	4	ചരൽ
31.	കളരിയാനിക്കൽ- തണ്ടാൻറോഡ്	1.3	6	ചരൽ
32.	കുടകശ്ശേരിപ്പാറ റോഡ്	.3	8	ചരൽ
33.	തൈമറ്റം- നാഗപ്പുഴ റോഡ്	.5	7	ടാർ
34.	തഴുവംകുന്ന്- കോടിക്കുളം (*കോട്ടറോഡ്*)	1.5	8	ടാർ
35.	കലൂർ- പയ്യാവ് റോഡ്	2.5	8	ടാർ
36.	കല്ലംപിള്ളിക്കവല - വാഴക്കാല	1.3	7	ടാർ
37.	പയ്യാവ് - കോട്ടക്കവല	1.5	7	ടാർ
38.	കലൂർ - പാറപ്പുഴ	1.5	8	ടാർ
39.	പയ്യാവ് - വാഴക്കാലക്രോസ്	2	8	ചരൽ
40.	മധുരപ്പാറ - വാര്യംറോഡ്	.5	4	ചരൽ
41.	പെരുമ്പള്ളിച്ചിറ - മധുരപ്പാറ	.7	4	ചരൽ
42.	പെരുമ്പള്ളിച്ചിറ - ലക്ഷംവീട്	.5	4	ചരൽ
43.	പെരുമ്പള്ളിച്ചിറ (പള്ളിത്താഴം) പാലമല - പത്താഴപ്പാറ	2'4	4	ചരൽ
44.	M.V.I.P. കനാൽ റോഡ്	3	200	ചരൽ
45.	പെരുമ്പള്ളിച്ചിറ പമ്പ്ഹൗസ് - നീറണാൽ പടി റോഡ്	7	3	ചരൽ
46.	ഉരിയരിക്കുന്ന് - ഏഴല്ലൂർ	2	8	ടാർ
47.	ഉരിയരിക്കുന്ന് - കരിങ്കുളം (ഏഴല്ലൂർ റോഡിൽ നിന്നും)	1.5	8	ചരൽ
48.	ഏഴല്ലൂർ - പേഴുംകണ്ടം	1	5	ചരൽ
49.	വലിയപാറ - നെരകുഴി	1	3	ചരൽ
50.	കോതാനതണ്ട് - കോളനിറോഡ്	2	8	ചരൽ
51.	ഉരിയരിക്കുന്ന് - പുളിക്കത്തൊട്ടി	1	8	ചരൽ
52.	പെരുമ്പള്ളിച്ചിറ-കുമാരമംഗലം	1.8	8	ടാർ
53.	ഏഴല്ലൂർ - പ്ലാന്റേഷൻ	1.5	6	ടാർ
54.	ഏഴല്ലൂർ - കാരുപ്പാറ	1.5	5.5	ടാർ
55.	ഏഴല്ലൂർ - കലൂർ	3	7	ടാർ
56.	കലൂർ - പയ്യാവ്	1	6	ടാർ
57.	കുറ്റിയാട്ട് - നെല്ലിക്കുഴി	1	4	ചരൽ
58.	പൂതാളിമറ്റം - പയ്യാവ്	2	8	ടാർ
59.	കുമാരമംഗലം - നാഗപ്പുഴ	1	8	ടാർ
60.	പെരുമ്പിള്ളിച്ചിറ-മൈലക്കൊമ്പ്	2	8	ടാർ
61.	പയ്യാവ് - ക്രോസ് റോഡ്	1.5	5	ടാർ
62.	മൈലക്കൊമ്പ് - ചേറായി ടെമ്പിൾ റോഡ്	.6	4	ടാർ
63.	കുമാരമംഗലം - പൈങ്കുളം	1	8	ടാർ
64.	കറുക - പഴുക്കാകുളം	1	8	ടാർ

അറ്റകുറ്റപ്പണി യഥാസമയം ചെയ്യാത്തതു കൊണ്ട് റോഡ് സഞ്ചാരയോഗ്യമല്ലാതായിരിക്കുന്നു. ഓടകളുടെ അഭാവമാണ് റോഡ് പെട്ടെന്ന് കേടാവാൻ മുഖ്യകാരണം. കൂടാതെ ടെലഫോൺ കേബിൾ ഇടുന്നതിനുവേണ്ടി നിരന്തരം റോഡ് കുഴിക്കുന്നു. ഇതു മൂലവും റോഡ് കേടാകുന്നു. റോഡ് നന്നാക്കുവാൻ ഫണ്ടില്ലായ്മയും ഉള്ള ഫണ്ട് വിനിയോഗിക്കുന്നതിലെ ക്രമക്കേടും ഒരളവുവരെ റോഡ് കേടാകുന്നതിന് കാരണമാകുന്നു.

റോഡു വികസനം

പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്നത് റോഡുകൾക്കാണ്. ചുരുങ്ങിയത് 10 അടി വീതി എങ്കിലുമുള്ള വഴികളെ റോഡുകൾ എന്ന് വിളിക്കാം. വീതിയുടെ അടിസ്ഥാനത്തിൽ റോഡുകളെ തരംതിരിക്കുന്നത് നന്നായിരിക്കും. 8 മീറ്റൽ വീതി റോഡു വികസനത്തിന് ആവശ്യമാണ് എന്ന സർക്കാർ നിയമം റോഡുകളുടെ വികസനത്തിന് തടസ്സം നിൽക്കുന്നു.

റോഡു ഗതാഗതം മെച്ചപ്പെടുത്തൽ

റോഡുഗതാഗതം മെച്ചപ്പെടുത്തുവാൻ ഗ്രാമസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. റോഡുകളുടെ വളവുകൾ പരമാവധി നിവർത്താൻ കഴിയുമെങ്കിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുവാൻ കഴിയും.
2. കൂടുതൽ വാഹനങ്ങൾ ഓടുന്ന റോഡുകളുടെ വൂതി കൂട്ടുക. റോഡു പുറമ്പോക്കിൽ താമസ്സിക്കു ന്നവരെ പുനരധിവസിപ്പിക്കുക.
3. ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ, തുടങ്ങിയവ ചുരുങ്ങിയത് 5 അടി എങ്കിലും അകലെ മാറ്റി സ്ഥാപിക്കുക.

ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം.

പഞ്ചായത്ത് അനുവദിക്കുന്ന ഫണ്ടിന്റെ മൂന്നിലൊന്ന് ഭാഗമെങ്കിലും ജനങ്ങൾ ശ്രമദാനമായി നടത്തേണ്ടതാണ്. കഴിഞ്ഞകാലങ്ങളിൽ നടന്ന വികസന പ്രവർത്തനങ്ങളിൽ ഒന്നും ഈ പ്രവണത ഇല്ലായിരുന്നു. എല്ലാം സർക്കാരിന്റെ കടമ എന്ന നിലയിലായിരുന്നു ജനങ്ങൾ കണ്ടിരുന്നത്. അധികാരം ജനങ്ങളിലേക്ക് എത്തുമ്പോൾ സ്വാഭാവികമായും ഇത് എന്റേതാണ് എന്ന ആത്മബോധം ഉണ്ടാകും. ഇത്തരത്തിൽ ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കുവാൻ കഴിയുന്ന നിരവധി റോഡുകൾ ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഉദാഹരിക്കുന്നം - ടാങ്ക് റോഡ് ഇത്തരത്തിൽ നിർമ്മിക്കുവാൻ ആ റോഡിന്റെ ഗുണഭോക്താക്കൾ ഗ്രാമസഭയിൽ അറിയിച്ചിരുന്നു. അത്തരത്തിൽ എതാനും പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടാൽ ജനപങ്കാളിത്തത്തോടെ നിരവധി പരിപാടികൾ ആരംഭിക്കുവാൻ കഴിയും.

ഊർജ്ജം

കേരളത്തിന്റെ സമസ്തമേഖലയേയും പ്രതിസന്ധിയിൽ എത്തിക്കുന്ന ഒരു പ്രതിഭാസമാണ് ഊർജ്ജ പ്രതിസന്ധി. വായുവും വെള്ളവും പോലെ പ്രധാന്യമുള്ളതാണ് വൈദ്യുതി. ഈ പഞ്ചായത്തിൽ വൈദ്യുതി കടന്നുവന്നിട്ട് വർഷങ്ങൾ പലതായെങ്കിലും എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. ഉപഭോക്താക്കൾ വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ 3 മുതൽ 20 വരെ കിലോമീറ്റർ അകലെയുള്ള തൊടുപുഴയിൽ പോകേണ്ടിവരുന്നു. ഇവിടെയുള്ള വൈദ്യുതി ഉപഭോക്താക്കളിൽ 95% വും ഗാർഹിക ഉപഭോക്താക്കളാണ്. എന്നാൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തകരാറുകളും നിമിത്തം ഗാർഹിക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ബുദ്ധിമുട്ടുകയാണ്. പഞ്ചായത്ത് പ്രദേശത്ത് ആകെ മൂന്നര കിലോമീറ്റർ 210 K.V. ലൈനും, 50 കിലോമീറ്റർ 3 ഫ്യൂസ് ലൈനും, 85 കി.മി. സിംഗിൾ ഫ്യൂസ് ലൈനും ഉണ്ട്. പഞ്ചായത്തിൽ ആകെ 25 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. പഞ്ചായത്തിന് വെളിയിലാണ് വൈദ്യുതി ബോർഡിന്റെ ഓഫിസുകൾ പ്രവർത്തിക്കുന്നത്. ഉപഭോക്താക്കൾക്ക് വൈദ്യുതി ഓഫിസുമായി ബന്ധപ്പെടുവാൻ ബഹുദീരം സഞ്ചരിക്കേണ്ടിവരുന്നു.
3. മരച്ചില്ലകളും മറ്റും യഥാസമയം മുറിച്ചു നിർത്തുന്നതുകൊണ്ട് പലപ്പോഴും വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടുന്നു.
4. കോളനികൾ പോലുള്ള പാവപ്പെട്ട ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല.
5. പൊതുസ്ഥലത്തിന് ആവശ്യത്തിന് തെരുവുവിളക്കുകൾ ഇല്ല.
6. ബോർഡു ജീവനക്കാരുടെ അനാസ്ഥമൂലം ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കാലതാമസ്സം നേരിടുന്നു.
7. ശുദ്ധജല വിതരണം പോലും വോൾട്ടേജ് ക്ഷാമം മൂലും തടസ്സപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിനുള്ളിൽ വൈദ്യുതിബോർഡിന്റെ ഒരു ഓഫിസ് തുറന്ന് പ്രവർത്തിക്കണം.
2. ഉത്തരവാദിത്വബോധമുള്ള ജീവനക്കാരുടെ സേവനം ലഭ്യമാകുക.
3. വൈദ്യുതി എത്താത്ത മേഖലയിൽ യുദ്ധ കാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.
4. വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.
5. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
6. വൈദ്യുതിയുടെ അനാവശ്യ ഉപഭോഗം നിയന്ത്രിക്കണം.
7. ഉദിയരിക്കുന്നു ശുദ്ധജലപദ്ധതിക്കു പ്രയോജനപ്പെടുന്ന രീതിയിൽ വടക്കേതൊട്ടി ഭാഗത്ത് ട്രാൻഫോർമർ സ്ഥാപിക്കണം.
8. കോളനികളിൽ ടി.വി. പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതി എത്രയും വേഗം എത്തിക്കണം.
9. മിനി ജലവൈദ്യുത പദ്ധതിയുടെ സാധ്യത ആരായണം.

മാർക്കറ്റ്

തൊടുപുഴ പട്ടണത്തിൽ നിന്നും അധികം ദൂരയല്ലാതെ സ്ഥിതിചെയ്യിന്ന ഈ പഞ്ചായത്തിൽ എതെങ്കിലും സാധനങ്ങൾ വാങ്ങുകയേ വിൽക്കുകയോ ചെയ്യുന്ന ഒരു മാർക്കറ്റ് നിലവിലില്ല. കൃഷി മുഖ്യ വരുമാനമായി സ്വീകരിച്ചിരിക്കുന്ന ഈ പ്രദേശത്ത് നാണ്യ വിളകളാണ് പ്രധാനം. അവിടവിടെ റബർ വാങ്ങുന്ന ഏതാനും ചെറു കടകളല്ലാതെ മറ്റൊരു മാർക്കറ്റ് ഇവിടില്ല.

നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണന കേന്ദ്രങ്ങൾ നാം ആഗ്രഹിച്ചാൽ ഈ പഞ്ചായത്തിനുള്ളിൽ തന്നെ നമുക്ക് സാധിച്ചെടുക്കാം. അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ നമ്മുടെ പഞ്ചായത്തിന് തന്നെ ലഭിക്കുന്നതാണ്. നിലവിലുള്ള പ്രകൃതി വിഭവങ്ങളും കാർഷിക വിഭവങ്ങളും ജന ജീവിതവുമായി കോർത്തിണക്കി സ്വയാശ്രയ ചിന്ത നമുക്ക് വളർത്തിയെടുക്കാൻ കഴിയും.


റബർ, നാളികേരം, ഇഞ്ചി, കുരുമുളക് തുടങ്ങിയവയാണ് നമ്മുടെ പ്രധാന വിളകൾ. ഇപ്പോൾ കന്നാര കൃഷിയും വ്യാപിച്ചിട്ടുണ്ട്. ഇന്ന് വാഴക്കുളമാണ് നമ്മുടെ മാർക്കറ്റ്. എന്തുകൊണ്ട് ഈ പഞ്ചായത്തിൽ അതിനൊരു മാർക്കറ്റ് നമുക്കുണ്ടാക്കിക്കൂടാ. അതുപോലെ പച്ചക്കറിക്കു നാം അന്യനാടുകളെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽതന്നെ അതിനുള്ള മാർഗ്ഗം നാം കണ്ടെത്തണം. പച്ചക്കറികൃഷിയിൽ സ്വയം പര്യാപ്തത നേടുകയും പഞ്ചായത്ത് അതിനെ ഉദ്ധരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

പ്രശ്നങ്ങൾ ഒട്ടേറെ

1. കമ്പോളങ്ങൾ വളരെ കുറവാണ്.
2. മാവേലി സ്റ്റോർ ഈ പഞ്ചായത്തിലില്ല.
3. സഹകരണസംഘം ഓണച്ചന്ത നടത്തും. ഫലത്തിൽ സംഘത്തിന് കുറെനഷ്ടം ആ കച്ചവടത്തിൽ ഉണ്ടായാലും സാധനവില തൽക്കാലം നിയന്ത്രിക്കാൻ കഴിയുന്നു.
4. തൊടുപുഴ ടൗൺ അടുത്തു സ്ഥിതി ചെയ്യുന്നു. മറ്റാവശ്യങ്ങൾക്കു പോകുമ്പോൾ പല കാര്യങ്ങളും അവിടെനിന്നു സാധിക്കുന്നു.
5. അളുകൾ ഏതെങ്കിലും കാര്യത്തിന് കേന്ദ്രീകരിക്കുന്ന പ്രാദേശമല്ല കുമാരമംഗലം.
6. പ്രദേശങ്ങൾ പലതും ഒറ്റപ്പെട്ടു കിടക്കുന്നു.

പരിഹാരമാർഗ്ഗം

1. കൺസ്യൂമർ സ്റ്റോർ തുടങ്ങുക
2. സഹകരണ ബാങ്കുവഴിയോ, പഞ്ചായത്ത് സഹായിച്ചോ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുക
3. ആഴ്ചചന്തകൾ പ്രധാന കേന്ദ്രങ്ങളായ പാറ, ഈസ്റ്റ് കല്ലൂർ, കുമാരമംഗലം ഏഴല്ലൂർ ഭാഗങ്ങളിൽ സ്ഥാപിക്കുക
4. വിപണന മേളകൾ പഞ്ചായത്തു തലത്തിൽ സ്ഥാപക്കുക
5. കുമാരമംഗലത്തും ഏഴല്ലൂരും പഞ്ചായത്ത് ഓരോ പൊതു മാർക്കറ്റുകൾ സംഘടിപ്പിക്കുക.
6. പഞ്ചായത്തു മാർക്കറ്റിൽ നിന്നും ആദായകരമായ തോതിൽ സാധനങ്ങൾ വാങ്ങാൻ കഴിയുമെന്ന് ജനങ്ങൾക്ക് അനുഭവത്തിൽ ബോധ്യപ്പെടണം. അതായത് ലാഭം കുറച്ച് വിപണനം നടത്തണം.



6.7 സംസ്കാരം

ഉജ്ജ്വലമായ ഒരു സാംസ്കാരിക പാരമ്പര്യം അവകാശപ്പെടുന്നതാണ് കുമാരമംഗലം ഗ്രാമ പഴയ തിരുവിതാംകൂറിൽ ഉൾപ്പെട്ടിരുന്ന കാരിക്കോട് രാജവംശത്തിൻ കീഴിലായിരുന്നു ഈ പ്രദേശം രാജവാഴ്ചയുടെയും വൈദേശിക മേധാവിത്വത്തിന്റെയും ജന്മി ഭൂപ്രഭു ആധിപത്യത്തിന്റേയും രുചി ഓരോരോ കാലങ്ങളായി അനുഭവിച്ചറിഞ്ഞവരാണ് ഈ ഗ്രാമത്തിലെ അടിസ്ഥാന വർഗ്ഗം കാലത്തിന്റെ അനസ്യൂതമായ പ്രവാഹത്തിലൂടെ ഉടലെടുത്ത ചരിത്രബോധം ഈ ഗ്രാമജനതയുടെ സാംസ്കാരിക പാരമ്പര്യത്തെ സമ്പന്നമാക്കിയിരിക്കുന്നു.

സവർണ്ണ ജന്മി നാടുവാഴിവർഗ്ഗങ്ങളുടെ അമിധിക്കാര പ്രവണതയ്ക്ക് എതിരെ ചെറുത്തുനിൽപ്പിന്റെയും പോരാട്ടത്തിന്റേയുമായ സമരചരിത്രം ഗ്രാമപ്പഴമയായി ഇന്നും കേൾക്കാൻ കഴിയും ബ്രട്ടീഷ് സാമ്രാജ്യമേധാവിത്വത്തിനെതിരായുള്ള ദേശീയ പ്രക്ഷോഭത്തിൽ ഈ ഗ്രാമീണജനതയും കർമ്മോദ്സുതരായി സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന് സമരാവേശമിളക്കിവിട്ട ഒരു യുവ നേതൃത്വനിര ആ ഗ്രാമത്തിൽ ഉണ്ടായിരുന്നു. അപ്രതിരോധമായ സ്വാതന്ത്ര്യവാഞ്ജ ആത്മാവിൽ ഉൾക്കൊണ്ടവർ അതിന് പ്രേരകമായി വർത്തിച്ചിട്ടുണ്ടാകാം.

സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് പ്രേരകമായി വിദ്യാഭ്യസ സാംസ്കാരിക പ്രവർത്തനം നടത്തിയ രാമച്ചനാശാൻ, വള്ളിക്കുന്നേൽ ഗോപാലൻ നായർ, കെ. എൻ കുമാര മംഗലം, ആർ, രാമചന്ദ്രൻ നായർ, പണിക്കർ സാർ എന്നീ ഗുരു സ്ഥാനിയരുടെ വീരോജ്ജ്വല ജീവിതം ഗ്രാമസംസ്കൃതിയെ ആവേശം കൊള്ളിക്കുന്നു. ഏകദേശം 70 വർഷം മുൻപ് രാമച്ചനാശാന്റെ നേതൃത്വത്തിൽ രൂപകൊണ്ട നാടക സമിതി നല്ല തങ്കൾ, സത്തതമ തുടങ്ങിയനാടകകാവ്യങ്ങളിലൂടെ അന്യദേശത്തുപോലും ഏറെ ജനശ്രദ്ധാകർഷിച്ചവയാണ്. ശ്രീ. ആർ. രാമചന്ദ്രൻ നായർ തുടക്കമിട്ട ദേശസേവിനി ഗ്രന്ഥാലയം ഉയർച്ചയിൽ നിന്നും താഴ്ചയിലേക്ക് എത്തിനിൽക്കുന്നു. ഈഗ്രാമത്തിൽ രണ്ട് ഹൈസ്കൂളുകളും 6 എൽ പി. യൂപി. സ്കൂളുകളും ഈ ഗ്രാമീണമേഖലയിൽ അറിവിന്റെ കൈത്തിരി വെട്ടം പരത്തുന്നു. 1917 ൽ രൂപംകൊണ്ട സർക്കാർ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കമിട്ടും ഒരു കാലത്ത് ഈ ഗ്രാമഭംഗിയെ സമ്പന്നമാക്കിയിരുന്ന എം. കെ. എൻ. എം. ഹൈസ്കൂൾ ഇന്ന് നഷ്ടപ്രതാപങ്ങളുടെ കഥയുമായി നിലകൊള്ളുന്നത് നമ്മുടെ സാംസ്കാരിക യശ്ശസിന് കളങ്കം ചാർത്തുന്നുണ്ടോഎന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മൈലക്കൊമ്പിലെ സെൻറ് തോമസ് ദേവാലയത്തിന് ഏകദേശം 900 വർഷത്തെ പഴക്കമുണ്ടെന്ന് പഴമക്കാർ പറയുന്നു. ഏഴ് ഇല്ലങ്ങളുടെ നാടാണ് ഏഴല്ലൂർ. ഏഴല്ലൂർ ശാസ്ത്രാക്ഷേത്രം ഒരു ക്ഷേത്രസമുച്ചയമായിരുന്നുവെന്ന് പറയപ്പെടുന്നു. ശൈവവൈഷ്ണവമതങ്ങൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിനായി മതസൗഹാർദ്ദത്തിന്റെ പ്രതീകമായിട്ടാണ് ശാസ്ത്രാപ്രതിഷ്ട നടത്തിയിട്ടുള്ളതെന്നാണ് ഐതിക്യം. എല്ലാ മതവിഭാഗങ്ങളും നിവസിക്കുന്ന ഈ ഗ്രാമത്തിൽ മതവൈരം കേട്ടുകേൾവിപോലുമില്ലാ.

ഇന്നു നാം എത്തിനിൽക്കുന്നിടത്തുനിന്നും തിരഞ്ഞുനോക്കുമ്പോൾ വൈവിധ്യങ്ങളായ ഉടവിഭവങ്ങൾ ഈ ഗ്രാമ സംസ്കൃതിയുടെ പോഷകങ്ങളായും പരിണമിച്ചിട്ടുള്ളത് കണ്ടെത്താനാകും അതിൽ പ്രഥമഗണനിയം ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന് വളരെ മുൻപ് തന്നെ ഇവിടെ വ്യാപകമായി പ്രചാരത്തിലിരുന്നു കുടിപ്പള്ളിക്കൂടങ്ങളാണ്. കോൽക്കളി, പരിശമുട്ടുകളി, കാളകളിഗരുഢൻതൂക്കം, മുടിയേറ്റ് തുടങ്ങിയനാടൻകലകളും ഈ ഗ്രാമഭംഗിയുടെ തിലകക്കുറികളാണ്. ഭാരതത്തിന്റെതായ ചികിൽസാരീതിയായ ആയുർവേദത്തിന് അമൂല്യസംഭാവനകൾ നല്കിയ പല ഭിക്ഷഗ്വരൻമാരും ഈ ഗ്രാമത്തിനു കിട്ടിയ വരപ്രസാദങ്ങളായിരുന്നു.

സാംസ്കാരിക നവോത്ഥാമത്തിന് വീഥിയൊരുക്കുന്ന കലാസമിതികളും, സാമൂഹ്യസംഘടന കളും ഈ ഗ്രാമത്തിൽ ഇന്ന് നിലനിൽക്കുന്നില്ലെന്ന് വേണം പറയാൻ. എങ്കിലും ഒറ്റപ്പെട്ടപ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ട് പാറത്തലയ്ക്കൽ പാറയിൽ സാരംഗി ക്ലബ് തനതായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ ഗ്രാമത്തിന്റെ ഏറ്റവും വലിയ പോരായ്മ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഗ്രന്ഥശാലയും ഈപഞ്ചായത്തിൽ ഇല്ല എന്നുള്ളതാണ്.

നിർദ്ദേശങ്ങൾ

1. ആവശ്യമായ സ്ഥലങ്ങളിലെല്ലാം ഗ്രന്ഥശാലകൾ സ്ഥാപിക്കുക

2. സാസ്കാരിക നിലയം സ്ഥാപിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുക.

3. പുരാണ സംസകൃതിയുടെ നിദർശനങ്ങളായ പ്രാചീനകലാരൂപങ്ങളെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

4. സാക്ഷരതാ പ്രസ്ഥാനത്തെ പുനരുജ്ജീ വിപ്പിക്കുക.

5. ഓണാഘോഷം, കേരള ഉൽസവം തുടങ്ങിയ പരിപാടികൾ ജനപങ്കാളിത്തതോടെ നടത്തുക.

6. ഗ്രാമത്തിലെ മുഴുവൻ ജനങ്ങളെയും പങ്കാളികളാക്കി സാംസ്കാരിക പ്രസ്ഥാന ത്തിന് രൂപം നൽകുക.

7. സാംസ്കാരിക പ്രവർത്തകർക്ക് പ്രോത് സാഹനം നൽകുക.

8. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ തുടങ്ങുക.

കായിക രംഗം

കായികപരമായി വളരെയധികം പ്രാധാന്യമുള്ള ഒരു നൂറ്റാണ്ടിലാണ് നാം എത്തിനിൽക്കുന്നത്. എന്നിരുന്നാലും കുമാര മംഗലം പഞ്ചായത്തിൽ ഇക്കാര്യങ്ങൾ വളരെ പിന്നിലാണ്. പരിഗണനയും പ്രോത്സാഹനവും നൽകിയാൽ നല്ല നിലവാരമുള്ള കായിക താരങ്ങളെ സംഭാവനചെയ്യുവാൻ നമുക്ക് കഴിയും. മുൻകാല ചരിത്രം പരിശോധിച്ചാൽ ചില ഒറ്റപ്പെട്ട നേട്ടങ്ങൾ കാണാം അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതിരിന്നിട്ടുപോലും ഈ മുന്നേറ്റത്തിൽ നിന്നും മനസിലാവുന്നത് അനുകൂലസാഹചര്യങ്ങൾ കിട്ടിയാൽ നല്ലകായികതാരങ്ങളെ സംഭാവനചെയ്യു വാൻ കഴിയും എന്നാണ്. ദേശീയ നിലവാരം പുലർത്തുന്ന ചുരുക്കം ചില കായിക താരങ്ങളെ സംഭാവന ചെയ്ത ചരിത്രവും ഈ പഞ്ചായത്തിനുണ്ട്. ദേശീയ വോളീബോൾ ചാമ്പ്യനായ ബിനുജോസ് നെടുംങ്കല്ലേൽ ഈ നാടിൻെറ അഭിമാനമാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുക.

2. കായിക താരങ്ങൾക്ക് പരിശീലനം നൽകുവാൻ ഒരു വിദഗ്ദൻെറ സേവനം ലഭ്യമാക്കുക.

3. പരിശീലനത്തിനാവശ്യമായ ആധുനിക പകരണങ്ങൾ നൽകുക.

4. സ്കൂളുകളിൽ നിർബന്ധമായും ഫിസിക്കൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് നടത്തുക വിമുക്തഭടന്മാരുടെ സേവനം ഇതിന് ലഭ്യമാക്കുക.

5. കായിക താരങ്ങളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുക.

6. പഞ്ചായത്തുതലത്തിൽ കായിക മൽസരങ്ങൾ സംഘടിപ്പിക്കുക.

7. ജനപങ്കാളിത്തം ഉറപ്പുവരുത്തി ആവശ്യമായ ബോധവൽക്കരണം നടത്തുക.

8. സ്കൂളുകളിൽ കായിക കലാ അദ്ധ്യാപകരെ നിയമിക്കുക.

9. കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുക.

പരിവർത്തനത്തിൻേറതെന്ന് പ്രശംസിക്കപ്പെടുന്ന കാലവും ലോകവും മൂല്യാപചയത്തിൻെറ ആഗാധഗർത്തിലേയ്ക്ക് അനുപദം നീങ്ങുകയാണ് കുമാരമംഗലം ഇതിൽ നിന്നും ഭിന്നമല്ല. ജീവിതത്തിൻെറ നാനാമേഖലകളിലും ഗുണപരപായ മാറ്റം വരുത്തുവാൻ സാംസ്കാരികരംഗത്തെ ഉയർത്തെഴുന്നേൽപുകൊണ്ട് നമുക്ക് കഴിയും പ്രധിരോധനിര പടുത്തുയർത്തി പ്രതിലോമ ശക്തികളെ ചെറുത്തു തോല്പിക്കാം. ഇതാണ് നമ്മുടെ ചരിത്രപരമായ കർത്ത്യവ്യം.

6.8 സഹകരണ പ്രസ്ഥാനം

സഹകരണാടിസ്ഥാനത്തിൽ ഒരു സമൂഹത്തിന്റെ കൂട്ടായ പ്രശ്നങ്ങൾക്ക് എങ്ങിനെ പരിഹാരം കാണാം എന്നതിന് ഉത്തമോദാഹരണമാണ് സഹകരണപ്രസ്ഥാനം. ഒരു കൂട്ടം ആളുകൾ സഹകരണാടിസ്ഥാനത്തിൽ അവരുടെ മൂലധനവും പ്രയത്നവും ലാഭേച്ച കൂടാതെ സംഘത്തിനുവേണ്ടി ചിലവാക്കിയാൽ ഇടത്തട്ടുകാരേയും ലാഭംമാത്രം കൊതിക്കുന്ന വ്യാപാരികളെയും ഒഴിവാക്കാമെന്ന ആശയമാണ് ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. ലാഭത്തിന്റെ വിഹിതം ഉപഭോക്താക്കൾക്കും തന്നെ നൽകുകയെന്നതും ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാണ്. റോബർട്ട് ഓവാൻ ആണ് പ്രസ്ഥാനം ആദ്യമായി 1821 ൽ ഇംഗ്ലണ്ടിൽ ആരംഭിച്ചത്. ഈ പരീക്ഷണം വിജയച്ചിതിനെ തുടർന്ന് സഹകരണ പ്രസ്ഥാനം ലോകത്തെല്ലായിടത്തും പ്രചാരത്തിൽ വന്നു. ഓരോരുത്തരും എല്ലാവർക്കും എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്നതാണ് സഹകരണതത്വം.

കടക്കെണിയിൽ പെട്ട കർഷകസമൂഹത്തെ രക്ഷിക്കുക എന്നലക്ഷ്യത്തോടെ 1904 ൽ ഇൻഡ്യാഗവൺമെൻറ് പാസാക്കിയ സഹകരണ സംഘങ്ങളെ നിയന്ത്രിക്കാൻ ഉദ്ദേശിച്ചുള്ള "സഹകരണ സംഘനിയമ"ത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനം ഇൻഡ്യയിൽ വേരുറപ്പിച്ചു. കർഷകർക്കാണ് സഹകരണ സംഘം കൊണ്ട് ഏറ്റവും പ്രയോജനം ലഭിക്കുന്നത്. കൃഷിക്കർക്കും മറ്റ് വിഗ്ദപണിക്കാർക്കും ഇന്ന് ഹൃസ്യകാല ദീർഘകാല അടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കിവരുന്നു. അമിതമായ പലിശയ്ക്ക് പണം കടംകൊടുത്ത് കൊള്ളലാഭം ഉണ്ടാക്കുന്നവരുടെ പിടിയിൽ നിന്നും ഗ്രാമീണ ജനതയെ രക്ഷിക്കുകക. സഹകാരികളിൽ മിതവ്യയശീലം വളർത്തുക തുടങ്ങിയവയും സഹകരണപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളാണ്. നമ്മുടെ സംസ്ഥാനമായ കേരളത്തിലും സഹകരണസംഘങ്ങൾ, കൈത്തറി, കശുവണ്ടി, ക്ഷീരവ്യവസായം തുടങ്ങി ഒട്ടനവധി മേഖലകളിൽ മെച്ചപ്പെട്ടരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇന്നുനിലവിൽ ഉള്ള സഹകരണസംഘങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് മുൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാം വിലയിരുത്തേണ്ടിയിരുക്കുന്നു.

1957 ജൂലൈ മാസം 7 ാം തീയതി കുമാരമംഗലം സർവ്വീസ് സഹകരണബാങ്ക് ക്ളിപ്തം നമ്പർ 4122 പ്രവർത്തമാരംഭിച്ചതോടെയാണ് സഹകരണമേഖലയിൽ കുമാരമംഗലം പഞ്ചായത്തിൽ സഹകരണപ്രസ്ഥാനനത്തിന് തുടക്കം കുറിച്ചത്. ആരംഭഘട്ടത്തിൽ 150 പേരുടെ സഹകരണത്തോടെ ആരംഭിച്ച ഈ പ്രസ്ഥാനം എൻ. ഇ. എസ്. വിവിദോദ്ദേശ സഹകരണസംഘം (N. E. S. Multy purpose Co-operative society) എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. 1960 ൽ ഇത് ഒരു സർവ്വീസ് സഹകരണസംഘമായി മാറുകയും ചെറിയ അയ്പ് കാട്ടാംകോട്ടിൽ ഈ സംഘത്തിന്റെ ആദ്യകാല പ്രസിഡൻറ് ആയി സേവനം അനുഷ്ടിക്കുകയും ചെയ്തു. 1962 ൽ ഈ സംഹകരണസംഘം ഒരു സഹകരണബാങ്ക് എന്നനിലയിൽ പ്രവർത്തിച്ചുതുടങ്ങി.

കാർഷിക മേഖലയുടെ വിലപ്പെട്ട പുരോഗതിയ്ക്ക് സംഭാവനകൾ നല്കിയിട്ടുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തന പരിധി കുമാരമംഗലം വില്ലേജ് ആണ്. ഈ ബാങ്കിന് 3 ബ്രാഞ്ചുകളും 5 ഡിപ്പോകളും ഉണ്ട്. ഇപ്പോൾ 8353 അംഗങ്ങൾ ഉള്ള ഈ സംഘത്തിന്റെ ഓഹരി മൂലധനം 20250000 രൂപയാണ്. മൂന്നരക്കോടിയിൽ ശിഷ്ടം രൂപ പൊതു ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ചിട്ടുള്ള ഈ ബാങ്ക് അത്രയും തന്നെ തുകയ്ക്കുള്ള വായ്പകളും സഹകാരികൾക്ക് നല്കിവരുന്നു. 2500 ഓളം കുടുംബങ്ങൾ അധിവസിക്കുന്ന ഈ മേഖലയിൽ കാർഷിക വികസനത്തിന് ബാങ്ക് ഹ്രസ്യകാല ദീർഘകാല വായ്പകൾ നൽകുന്നുണ്ട്. എന്നാൽ ഈ പ്രദേശത്തെ മുഴുവൻ കർഷകരും ഇന്ന് ഈ സംഘത്തിലെ അംഗങ്ങളല്ല. കൃത്യസമയത്ത് വായ്പകൾ തിരിച്ച് അടയ്ക്കുവാൻ സഹകാരികൾക്ക് സാധിക്കാതെ വരുന്നത് ബാങ്കിന്റെ സുഗുമമായ പ്രവർത്തനങ്ങ ക്ക് തടസ്സമാകുന്നുണ്ട്. സഹകാരികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ സംഘം ആരംഭിച്ചിട്ടുള്ള മറ്റൊരു സംരംഭമാണ് ചിട്ടികളുടെ നടത്തിപ്പ്. ഈ സംഘത്തിന്റെ കീഴിൽ ഇന്ന് 23 ഓളം ചിട്ടികൾ നടന്നുവരുന്നു. കർഷകർക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടയാണ് പലചരക്കും വ്യാപാരവും, വളം, കീടനാശിനി തുടങ്ങിയവയുടെ വിതരണവും സംഘം നടത്തിവരുന്നത്. ഈ പ്രദേശത്തെ ഏറ്റവും പ്രധാന നാണ്യവിളയാണ് റബർ. റബറിന് ഉയർന്ന വില

കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംഘം റബ്ബർ വ്യാപാരം ആരംഭിച്ചിട്ടുള്ളത്.

സംഘത്തിന് വിവിധ മേഖലകളിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ.

1. എല്ലാകർഷകരെയും അംഗങ്ങളായി ചേർത്ത്. ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

2,. നിക്ഷേപസമാഹരണം നടത്തി കുടിശികത്തുകകൾ പിരിച്ചെടുത്തും ബാങ്കിന്റെ മൂലധനം വർദ്ധിപ്പിക്കാം.

3. കാർഷികമേഖലയുടെ വികസനത്തിന് ബാങ്കുവഴി ചിലവഴിക്കപ്പെടുന്ന പണം കാർഷിക വികസനത്തിനു വേണ്ടി തന്നെയാണ് ചിലവഴിക്കപ്പെട്ടിരിക്കുന്നത് എന്ന് ബാങ്ക് ഇടയ്ക്കിടെ പരിശോധിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യാം. അതുപോലെ തന്നെ വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തുക.

4. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് "കീലോൺ" അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

5. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ കുമാരമംഗലം പഞ്ചായത്തിലെ പാടശേഖരങ്ങൾ തോട്ടങ്ങളായി മാറുന്ന ഒരവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. നെൽകൃഷിയെ രക്ഷിക്കേണ്ടതിന് "ഗ്രൂപ്പ് ഫാമിംഗ്" സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും ടാക്ടർ, ടില്ലർ, കൊയ്ത്ത് മെതിയന്ത്രങ്ങൾ മറ്റ് കാർഷിക ഉപകരണങ്ങൾ എന്നിവയ്ക്ക് സഹകരണസംഘം വഴി സബ്സിഡികൾ അനുവദിച്ചുകൊണ്ട് വായ്പകൾ വിതരണം ചെയ്യാവുന്നതാണ്.

6. കാർഷിക മേഖലയുടെ സംമഗ്രവികസനം ലക്ഷ്യംവച്ച് മൃഗപരിപാലനം, മൽസ്യകൃഷി, പച്ചക്കറികൃഷി തുടങ്ങിയ മേഖലകളിൽ പദ്ധതികൾ തയ്യാറാക്കി സഹകാരികൾക്ക് വായ്പകൾ ലഭ്യമാക്കുക.

7. പഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ അറ്റകുറ്റ പണികൾ നീർത്തടപദ്ധതികൾ എറ്റെടുത്തുകൊണ്ടുള്ള ജലസേചനം തുടങ്ങിയവയും ബാങ്കുകൾക്ക് കടന്നു ചെല്ലാവുന്ന മേഖലകളാണ്.

കുമാരമംഗലം പഞ്ചായത്ത് മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും എന്നാൽ നാമമാത്രമായി മാത്രം പ്രവർത്തിക്കുന്നതുമായ ഒട്ടനവധി സംഘങ്ങളും ഇന്ന് നിലവിലുണ്ടെന്നകാര്യം ഇവിടെ വിസ്മരിക്കുന്നില്ല. മിൽമയുടെ കീഴിൽ കുമാരമംഗലത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ക്ഷീരോൽപാദക സഹകരണസംഘം ഇന്ന് പ്രവർത്തന ക്ഷമമല്ല. മിൽമായുടെ കീഴിൽ തന്നെയുള്ള മറ്റൊരു സംഘമാണ് മൂന്നാം വാർഡിൽ ഏഴല്ലൂര് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇവിടെ വേണ്ടത്ര പാൽ ലഭ്യമല്ല. കോതമംഗലം ഡയറി സൊസൈറ്റിയുടെ കീഴിൽ രണ്ടാം വാർഡിൽ കിഴക്കൻ കലൂര് മറ്റൊരു ക്ഷീരോൽപാദന സഹകരസംഘവും പ്രവർത്തിച്ചു വരുന്നു. വേണ്ടത്രപാൽ ലഭ്യമല്ലാത്തതിനാൽ ഇതിന്റെ പ്രവർത്തനവും തൃപ്തികരമല്ല. വേണ്ടത്ര കാര്യക്ഷമമല്ലാത്തരീതിയിൽ പ്രവർത്തിക്കുന്നമറ്റ് സംഘങ്ങളാണ്. റബ്ബർ ഉൽല്പാദകസഹകരണസംഘം ഏഴല്ലൂർ, റബ്ബർ ഉൽപാദക സഹകരണസംഘം കിഴക്കൻ കല്ലൂർ, റബ്ബർ ഉൽല്പാദകസഹകരണസംഘം പെരുമ്പിള്ളിച്ചിറ, പൈനാപ്പിൾ സഹരകരണസംഘം ഏഴല്ലൂർ, കൺസ്യൂമർ സഹകരണസംഘം, കുമാരമംഗലം നെല്ല് ഉൽപാദകസഹകരണസംഘം, കേരവികസനസമിതി കുരുമുളക് വികസന സമിതി തുടങ്ങിയവ.

വേണ്ടത്ര ഫണ്ടുകൾ സ്വരൂപിച്ചും ടി സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കിയും പുനർജീവിപ്പിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ അവ ജനോപകരാപ്രദമാവുകയുള്ളു

ഈ പഞ്ചായത്തിലെ ഏകസഹകരണസംഘമായ കുമാരമംഗലം സർവ്വീസ് സഹകരണബാങ്കിന്റെ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തന പുരോഗതിയെകാണിക്കുന്ന സ്റ്റേറ്റ്മെൻറ് ചുവടെ ചേർക്കുന്നു.

കഴിഞ്ഞ 10 വർഷത്തെ പ്രവർത്തന പുരോഗതിയെ കാണിക്കുന്ന സ്റ്റേറ്റ്മെൻറ്

വർഷം	അംഗങ്ങൾ	ഓഹരിത്തുക രൂപാ. സ.	നിക്ഷേപം രൂപാ. സ.	ബാങ്ക് വായ്പകൾ രൂപാ. സ.	ബാങ്ക് നൽകിയ വായ്പകൾ രൂപാ. സ.	ആഡിറ്റു പ്രകാരം			ക്ലാസ്സ് തിരിവ്
						ഫണ്ട് രൂപാ. സ.	ലാഭം രൂപാ. സ.	നഷ്ടം രൂപാ. സ.	
30-6-1987	5113	881110	647234272	66695934	1200201189	551314.76	104542.11		B
30-6-1988	5679	972965	763022803	786311364	1311311905	709850.48		26820.32	B
30-61989	6104	1026620	702988307	830927774	1331505821	818791.38		23839.79	B
30-6-190	6916	1111570	960980113	834893150	1529928981	968508.03		525736.66	C
30-6-1991	6988	1188265	12711071	89142105	1648673290	1177404.85		667445.09	B
30-61992	7279	1269305	1569239995	796140435	1910464035	2949642.61		2 082189.39	C
30-6-93	7470	1373740	2102990783	902555735	2095907265	2950393.61	508583.29		
30-6-94	7604	1624665	2568088737	919692865	2290968	2950877.64			
30-6-95	7687	1728085	3355773754	941163765	2253994	2952428.64			
30-6-96	8539	2127725	3086441159	819153267	3881706.2	2932636.64			

6.9 പാർപ്പിടവും സാമൂഹ്യ ക്ഷേമവും



പാർപ്പിടം.

എല്ലാ രംഗത്തും വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കുമാരമംഗലം. ഭൂപ്രകൃതിയുടെ കിടപ്പുകൊണ്ട് പഞ്ചായത്തിന്റെ ഒരു വാർഡിൽ നിന്നും മറ്റു വാർഡുകളിലേക്കും ഓഫീസ് സ്ഥിതിചെയ്യുന്ന കുമാരമംഗലത്തും എത്തിച്ചേരുവാൻ വളരെ ദുഷ്ക്കരമാണ്. പട്ടികജാതി വിഭാഗത്തിലുള്ള ആളുകൾ ഏറെയുള്ള ഒരു പഞ്ചായത്താണിത്. ഭവനനിർമാണ രംഗത്ത് ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ 3036 വീടുകളിൽ 501 വീടുകൾ ഭേദപ്പെട്ടതും 2124 വീടുകൾ ഇടത്തരവും ബാക്കി 411 വീടുകൾ കുടിലുകളോ ഓലമേഞ്ഞതോ ആണ്.

വില്ലേജുകളുടെ വിവരം

വാർഡ്	ഓട്	ടെറസ്	ഓല	ടെറസ്ഓട്	ഇരുനില	കുടിൽ	ആകെ
I	230	60	42	7	6	3	348
II	235	31	50	4	5	-	325
III	328	51	93	5	4	2	483
IV	180	40	60	5	3	2	290
V	321	28	30	5	1	-	385
VI	270	65	50	5	4	2	396
VII	335	199	40	6	3	-	503
VIII	225	35	32	5	4	5	308
ആകെ	2124	429	397	42	30	14	3036

വിവിധ ഡിപ്പാർട്ട്മെൻറുകൾ വഴി ഭവനനിർമ്മാണത്തിന് വായ്പയും മുഴുവൻ ഗ്രാൻറും നൽകിവരുന്നുണ്ട് .

ഭവന ലഭ്യത

പഞ്ചായത്തിൽ വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപ്പട്ടിക.

വർഷം	RLEGP	NREP	IAY	MWS	TRY
1985-86	15	10	-	-	-
1986-87	10	7	-	-	-
1987-88	8	7	-	-	-
1989-90	20	19	-	-	-
1992-93	-	-	-	3	-
1993-94	-	-	1	-	4
1994-95	-	-	-	-	5
1995-96	-	-	9	-	3
ആകെ	53	43	10	3	12

ഭവന നിർമാണരംഗത്തെ പ്രശ്നങ്ങൾ

സ്ഥലത്തിൻെറ ലഭ്യത ഒരു പ്രധാന പ്രശ്നമാണ്. ഭൂമിയുടെ വില അൽഭുതപൂർവ്വമായി വർദ്ധിച്ചിരിക്കുന്നു. സാധാരണക്കാരന് വില കൊടുത്തു വാങ്ങുവാൻ വയ്യാത്തവിധം ഭൂമിയുടെ വില കുത്തനെ ഉയർന്നിരിക്കുന്നു. കൈവശത്തുള്ള ഭൂമിയാണെങ്കിൽ ചെറിയ പ്ളോട്ടുകളായിരിക്കും. ചിലയിടങ്ങളിൽ ഇത്തരം പ്ളോട്ടുകളിൽ വീടുനിർമ്മാണം പ്രയാസമായിരിക്കും.

കൈവശഭൂമിക്ക് പട്ടയം ഇല്ല എന്നുള്ളത് ഈ പഞ്ചായത്തിലെ ചില മേഖലകളിൽ കാണുന്ന ഗുരുതരമായ പ്രശനമാണ്. വളരെക്കാലമായി അവർ ഇതിനുവേണ്ടി മുറവിളി കൂട്ടികൊണ്ടിരിക്കുന്നു. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ഒരു വീട് സ്വന്തമായി നിർമ്മിക്കുവാനോ ബാങ്കിൽ നിന്ന് വായ്പ എടുക്കുവാനോ സാധിക്കാതെ വരുന്നു.

കുറെ ആളുകൾ ഇപ്പോഴും പുറംമ്പോക്കിൽ താമസിക്കുന്നുണ്ട്. പ്രത്യേകിച്ച് റോഡ് പുറംമ്പോക്കിൽ താമസിക്കുന്നവർക്ക് അത് പതിച്ചു കിട്ടുവാൻ നിർവ്വാഹമില്ല. ഇവർക്ക് വീട് നിർമ്മിക്കുവാൻ വളരെയധികം പ്രയാസം നേരിടുന്നു. രേഖകൾ ഇല്ലാത്തതിനാൽ ഭവനനിർമ്മാണ വായ്പലഭിക്കില്ല.

ആവശ്യക്കാരുടെ എണ്ണമനുസരിച്ച് വീടുനിർമ്മിക്കുന്നതിനുള്ള പണം സമയാസമയങ്ങളിൽ ലഭിക്കുന്നില്ല. ധനസഹായത്തിനായി കാത്തിരിക്കുന്നവർ നിരവധിയാണ്. ഭവനനിർമ്മാണം ചില ആളുകൾക്ക് ഒരു സ്വപ്നമായി അവശേഷിക്കുന്നു.

ഭവന നിർമ്മാണ സാമഗ്രഹികളുടെ അമിതമായ വിലക്കയറ്റം ഈ രംഗത്ത് ജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. കെട്ടിട നിർമ്മാണ സാമഗ്രഹികളായ സിമിൻറിന് 87-88 കാലഘട്ടത്തിൽ 70 രൂപയും 89 -ൽ 100 രൂപയും 93-94 -ൽ 150 രൂപയും 95-96 വർഷങ്ങളിൽ 180 രൂപയും എത്തിനിൽക്കുന്നു. 87-88 -ൽ ഒരു ലോഡ് കല്ലിന് 125 രൂപയായിരുന്നത് 95-96 ൽ 800 രൂപയായി ഉയർന്നു. 87-88 -ൽ ഒരു കിലോഗ്രാം കമ്പിക്ക് 13 രൂപയായിരുന്നത് 96-ൽ 16.50 രൂപയിൽ എത്തിനിൽക്കുന്നു. തടിയുടെ വിലയും ഇതേ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 1985 നല്ല ഓടിന് ഒരു രൂപയായിരുന്നു. 1995 ൽ 3 രൂപ വരെയെത്തി നിൽക്കുന്നു.

കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് വീടുനിർമ്മിക്കാൻ ഇറങ്ങിതിരിച്ചിരിക്കുന്നവർക്ക് വല്ലാത്ത ബുദ്ധിമുട്ടുണ്ടാക്കുന്നു. 1985 -86 ൽ ഒരു മരയാശാരിക്കോ, കൽപണിക്കാരനോ 35 രൂപ കൂലികിട്ടിക്കൊണ്ടിരുന്നെങ്കിൽ 1995-96 ൽ ആ നിരക്ക് 150 രൂപയിൽ എത്തിനിൽക്കുന്നു. അതുപേലെ മറ്റു അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്കിലും ക്രമാതീത വർദ്ധനവുണ്ടായിട്ടുണ്ട്.

ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിന് ചില ഏജൻസികൾ വളരെയധികം നിബന്ധനകൾ വയ്ക്കുന്നു. ഇതെല്ലാം പാലിക്കുന്നതിന് ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു.

ഭവന നിർമ്മാണത്തിന് സഹായവും വായ്പയും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. സാങ്കേതിക തടസ്സങ്ങളും ഉണ്ടാകുന്നു.

വീടിൻെറ നിർമ്മാണ ചിലവിന് അനുസരണമായി വീടിനുള്ള തുക ലഭിക്കുന്നില്ല. ചില സ്ഥലങ്ങളിൽ വീടുകൾ പണിയുന്നതിന് സാമഗ്രഹികൾ എത്തിക്കുവാൻ വാഹന സൗകര്യമുള്ള തായിരിക്കും. അങ്ങനെയുള്ള സ്ഥലങ്ങളിൽ സാമഗ്രഹികൾ എത്തിക്കുന്നതിന് ചിലവ് കുറഞ്ഞിരിക്കും. വാഹന സൗകര്യം ഇല്ലാത്തിടങ്ങളിൽ സാധനങ്ങൾ

തലച്ചുമടായി സൈറ്റിൽ എത്തിക്കുന്നതു മൂലം ചിലവ് ക്രമാതീതമായി വർദ്ധി ക്കുന്നു.

വിദഗ്ധരായ തൊഴിലാളികളുടെ ലഭ്യതക്കുറവാണ്. കൽപ്പണിക്കാരും മരപ്പണിക്കാരും എണ്ണത്തിൽ കുറവാണ്. ഉള്ളവർക്കാണെങ്കിൽ തന്നെ നിന്നു തിരിയുവാൻ സമയമില്ല. ഗൾഫ് മേഖല ഇവരെ കൈനീട്ടി വിളിക്കുന്നു. സമയത്ത് ഇവരെ കിട്ടാതെ വരുമ്പോൾ നിശ്ചിത സമയത്ത് പണിതുടങ്ങുവാനോ പൂർത്തിയാക്കുവാനോ കഴിയാതെ വരുന്നു.

പരിഹാരങ്ങൾ

1. ഭൂമിയുടെ വില നിയന്ത്രിച്ചു നിർത്തുക. സാധാരണക്കാരന് 5 സെൻറ് ഭൂമിയെങ്കിലും വാങ്ങുവാൻ കഴിയത്തക്കവിധം ഭൂമിയുടെ വില നിയന്ത്രിക്കുക.
2. കൈവശഭൂമിക്ക് പട്ടയം ലഭിക്കുവാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുക.
3. റോഡ് പുറമ്പോക്കിൽ താമസിക്കു ന്നവരെ പുനരധിവസിപ്പിച്ച് വീടുപണിയുന്നതിന് അവർക്കും സൗകര്യം ചെയ്ത് കൊടുക്കുക.
4. ആവശ്യക്കാരുടെ എണ്ണം അനുസരിച്ച് ഭവന നിർമ്മാണത്തിനുള്ള സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കുക.
5. ഭവന നിർമ്മാണ സാമഗ്രഹികളുടെ അമിത വിലക്കയറ്റം തടയുക. അതോടൊപ്പം ചിലവ് കുറഞ്ഞ വീടുനിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.
6. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന വായ്പാ തുകയും സഹായ ധനവും നിലവിലുള്ള തുകയേക്കാൾ വർദ്ധിപ്പിക്കുക.
7. വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.
8. വിവിധ വകുപ്പുകളിൽ നൽകുന്ന ഭവന നിർമ്മാണ വായ്പകളും സഹായ പദ്ധതികളും ഏകോപിപ്പിക്കുക.

സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിന് ഉള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും അഭ്യസ്ഥവിദ്യരായ യുവതി യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധിതി (EMRY) സംഘടിത അസംഘിടിത തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പദ്ധതികളും വിവിധതരം പെൻഷൻ പദ്ധതികളുമാണ് പ്രധാനമായും നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര- സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികളും ഉണ്ട്.

ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനും പട്ടികജാതി വികസന കോർപ്പറേഷനം ജില്ലകൾതോറും പട്ടികജാതി പട്ടികവർഗ്ഗ ഓഫിസുകളും ഉണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിൽ അല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതേക്കുറിച്ച് അറിയില്ലാ എന്നുള്ളതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അത്യാവശ്യമാണ് ഈ കോർപ്പറേഷനുകൾ എന്നാണ് പഞ്ചായത്തിലെ വിലയിരുത്തിയാൽ അറിയാൻ കഴിയും.

സാമൂഹ്യ ക്ഷേമ രംഗത്ത് കാര്യമായി പ്രവർത്തിച്ചു കൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കി കൊണ്ടിരിക്കുന്നത് തൊടുപുഴ ബ്ളോക്ക് ഡെവലപ്പുമെൻറ് ഓഫീസിനു താഴെയുള്ള ഈസ്റ്റ് കലൂർ, പെരുമ്പിള്ളിച്ചിറ എന്നീ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് സർക്കിൾ വഴിയാണ്.

രണ്ട് വി.ജ.ഒ. സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് താഴെ വിവരിക്കുന്നു.

ഐ. ആർ. ഡി. പി.

ദാരിദ്ര നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കാനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്ല്യ തോതിൽ ചിലവ് പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഐ. ആർ. ഡി.പി. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്രരേഖ തരണം ചെയ്യാൻ ദാരിദ്ര രേഖയ്ക്കു താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സമഗ്ര കുടുബ സർവ്വേ നടത്തി പഞ്ചായത്തിൽ വാർഷിക വരുമാനം 11000 രൂപയിൽ കുറവായവരെ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി ബാങ്കുകൾ മുഖേന ലോണും സബ്സിഡികളും നൽകുന്നു. പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് 50% സബ്സിഡി നൽകുന്നു. വാർഷിക വരുമാനപരിധി 1985 കാലയളവിൽ 3500 രൂപാ ആയിരുന്നു. വികസന ബ്ളോക്കുകൾ വഴി ഈ പദ്ധതി നടപ്പിലാക്കുന്നു. സ്ത്രീകൾക്ക് മുൻഗണന നൽകുന്നു. പദ്ധിതികൾ നിർദ്ദേശിക്കേണ്ടത് ഗുണഭോക്താക്കളാണ്. I.R.D.P വായ്പകൾക്ക് മറ്റു വായ്പകളേക്കാൾ പലിശ വളരെ കുറവാണ്. 25000 രൂപ വരെയുള്ള വായ്പകൾക്ക് 12% അതിനുമുകളിൽ 2 ലക്ഷം വരെയുള്ള വായ്പകൾക്ക് 14.5% ആണ് പലിശ. സ്ഥലത്തെ ദേശസാൽകൃതമോ അല്ലാത്തതോ ആയ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ മുഖേന പദ്ധിതികൾക്കുള്ള വായ്പയും സബ്സിഡിയും വിതരണം ചെയ്ത് നടപ്പിലാക്കണം.

സബ്സിഡി

കുടുംബത്തിന് അനുവദിക്കുന്ന സബ്സിഡിക്ക് പരിധിയുണ്ട്. ചെറുകിട കർഷകർക്ക് വായ്പയുടെ 25%. പരിമിതകർഷകർ, കർഷകതൊഴിലാളികൾ, ഗ്രാമീണ കൈതൊഴിലുകാർ തുടങ്ങിയവർക്ക് $33^1/_3$% സബ്സിഡി ലഭിക്കും. പരമാവധി സബ്സിഡി 4000 രൂപയായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും വികലാംഗർക്കും ആകെ നിക്ഷേപത്തുകയുടെ 50% പരമാവധി 6000 രൂപയിൽ കവിയാതെ സഹായധനമായി നൽകുന്നതാണ്.

ചെറുകിട വ്യവസായങ്ങൾ ഉൾപ്പെടെ ദ്വിതീയ മേഖല പദ്ധിതികൾക്കുമാണ് മുൻഗണന. കൃഷി ഉൾപ്പെടെ പ്രാധമിക മേഖല പദ്ധിതികൾക്ക് 40% അനുവദിക്കാവു എന്നുണ്ട്.

വായ്പ വഴി ലഭിക്കുന്ന കന്നുകാലികൾക്ക് ഇൻഷുറൻസ് സംരക്ഷണം ഉണ്ട്. 1-4-88 മുതൽ I.R.D.P ഗുണഭോക്താക്കൾക്കും സർക്കാർ ചിലവിൽ ഇൻുറൻസ് ഏർപ്പെടുത്തിയിരിക്കുന്നു.

I.R.D.P സർവ്വേ സഹായ ലഭ്യത കാണുക.

വർഷം	എണ്ണം	സബ്സിഡി	വായ്പ	പെർ ഫാമിലി ഇൻവെസ്റ്റ്മെന്റ്
92-93	56	84655	141995	4822
93-94	56	81766	187528	6732
94-95	36	44078	133657	5554
95-96	36	122320	369167	12937

പ്രശ്നങ്ങൾ

1. പദ്ധതികൾ അനുസരിച്ചുള്ള യൂണിറ്റ് കോസ്റ്റ് കാലോചിതമായി വർദ്ധിച്ചിട്ടില്ല. കന്നുകാലികൾ പദ്ധിതിയായി സ്വീകരിച്ചവർക്ക് അവരുടെ ഉല്പന്നമായ പാൽ നല്ല വിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനമില്ല. ഗ്രാമീണ തലത്തിൽ ഇതുമായി ബന്ധപ്പെട്ടിട്ടുള്ള കൂടുതൽ പദ്ധതികൾ ഉൾപ്പെട്ടിട്ടില്ല.
2. ധനകാര്യ സ്ഥാപനങ്ങളുടെ നിലപാട് സഹായകരമല്ല. പല നിബന്ധനകളും ബുദ്ധിമുട്ടിക്കുന്നു.
3. സർവ്വീസ് ഏരിയ വന്നതുകൊണ്ട് ജനങ്ങൾക്ക് ഒരു ബാങ്കിനെ തന്നെ ആശ്രയിക്കേണ്ടതായിവരുന്നു.
4. വായ്പ കുടിശിക വർദ്ധിക്കുന്നു.
5. കുടുബത്തിന്റെറ എടുക്കേണ്ട തുക ഇത്രവേണമെന്ന് നിഷ്ക്കർഷിക്കുന്നത് പലപ്പോഴും സാധാരണക്കാരിൽ പലർക്കും താങ്ങാൻ വയ്യാത്തതാണ്.
6. ആവശ്യക്കാർക്ക് അനുസരണമായി വായ്പ ലഭിക്കുന്നില്ല

പരിഹാരങ്ങൾ

1. പദ്ധതികൾക്ക് അനുവദിക്കുന്ന തുക അതാതു കാലഘട്ടത്തിൽ വരുന്ന വല വർദ്ധന അനുസരിച്ച് വർദ്ധിപ്പിക്കുക. ഉദ. മൃഗസംരക്ഷണം പദ്ധതിയായി സ്വീകരിക്കണം.
2. അവരുടെ പാൽ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
3. ഉല്പാദനത്തിനനുസരണമായി പാലിന് മെച്ചപ്പെട്ട വില ലഭ്യമാക്കുക.

4. പുതിയ പദ്ധതികൾ അതാതു പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ നടപ്പാക്കുക.
5. കൂടുതൽ ധനകാര്യ സ്ഥാപങ്ങൾ സ്ഥാപിക്കുക.
6. വായ്പ തിരിച്ചടക്കാനുള്ള മനോഭാവം ജനങ്ങളിൽ വളർത്തുക.
7. കുടുംബത്തിന് തിരിച്ചടക്കാൻ സാധ്യമായ തുക മാത്രം അനുവദിക്കുക.
8 ആവശ്യക്കാരുടെ എണ്ണം അനുസരിച്ച് വായ്പയും സബ്സിഡിയും വർദ്ധിപ്പിക്കുക.
9. ബോധവൽക്കരണ സെമിനാറുകൾ നടത്തുക.
10. സഹകരണസ്ഥാപനങ്ങൾ വഴി വായ്പ ലഭിക്കുന്നതിന് ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുക.

D.W.C.R.A സഹായ പദ്ധതി

I.R.D.P യുടെ അനുബന്ധമായി നടപ്പിലാക്കുന്ന D.W.C.R.A. 1983-84 കാലത്താണ് ഈ പരിപാടി ആരംഭിച്ചത്.

ഈ പരിപാടി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായ ധനവും നൽകുന്നു. വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ഇതിൽ ധനസഹായം.

യൂണിസെഫിന്റെ സഹായത്തോടെയാണ് പരിപാടി നടപ്പിലാക്കുന്നത്. ഗ്രൂപ്പുകളുടെ വായ്പ കൂട്ടായി സമാഹരിക്കുന്നതിനാൽ മെച്ചപ്പെട്ട സംരംഭങ്ങൾ ഏറ്റെടുക്കുവാൻ കഴിയും. വനിതകളുടെ സാമ്പത്തിക ഉന്നമനത്തോടെപ്പം തന്നെ അവരുടെ സാമൂഹ്യ ഉന്നമനത്തിനും ഇതുമൂലം സാധിക്കുന്നു.

ഓരോ ഗ്രൂപ്പിനും ഒരു ഗ്രൂപ്പ് ലീഡർ ഉണ്ടായിരിക്കും. ഒരു ട്രഷറർ ഉണ്ടായിരിക്കും. ഗ്രൂപ്പംഗങ്ങൾ ചർച്ച ചെയ്ത് അവർക്ക് ഏറ്റെടുക്കാവുന്ന പദ്ധിതി നിശ്ചയിക്കുന്നു. വായ്പ, ധനസഹായം എന്നിവക്കു പുറമേ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും യൂണി സെഫിന്റെയും തുല്ല്യമായ തുക 25000 രൂപ റിവോൾവിംഗ് ഫണ്ടായും നൽകി വരുന്നു.

D.W.C.R.A. സഹായ ലഭ്യത

വർഷം	സ്കീമുകളുടെ എണ്ണം	സബ്സിഡി Rs.	വായ്പ Rs.
1990-91	13	15166	30324
1991-92	6	8000	16000
1992-93	7	6733	6733
1993-94	9	13500	27000
1994-95	12	78234	101730

ഉദ്ദേശം

സ്ത്രീകളിൽ സഹകരണ മനോഭാവം വളർത്തുക വ്യത്യസ്ഥ കുടുംബങ്ങളിൽ കഴിയുന്നവരും വ്യത്യസ്ഥ സ്വഭാവക്കാരുമായ സ്ത്രീകളിൽ സഹകരണ മനോഭാവം വളർത്തുക. സ്ത്രീകളുടെ സാമ്പത്തികവും സാമൂഹ്യകവുമായ ഉന്നമനം സാധിക്കുക. സ്ത്രീകളെ സ്വന്തമായി കാര്യങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുക. അടുക്കളയിൽ മാത്രം കഴിയാതെ പൊതുരംഗങ്ങളിലും പ്രവർത്തിക്കാൻ പ്രാപ്തരാക്കുക. സ്വയം പര്യാപ്തതയും ആത്മാഭിമാനവും വളർത്തുക സാമൂഹ്യ രംഗത്ത് കൂടുതൽ ഭാഗഭാക്കാക്കുക.

പ്രശ്നങ്ങൾ

1. ഗ്രാമ പ്രദേശങ്ങളിൽ വീടുകൾ വളരെ അകലെ ആയതിനാൽ ഗ്രൂപ്പ് പ്രവർത്തനം തടസ്സമാകുന്നു.
2. പറ്റിയ പദ്ധതി കണ്ടെത്തുവാനുള്ള പ്രയാസം
3. ഉല്പന്നങ്ങളുടെ മാർക്കിറ്റിംഗിനുള്ള സൗകര്യമില്ലായ്മ.
4. താല്പര്യവും സേവന സന്നദ്ധരുമായ അംഗങ്ങളെ കിട്ടുവാനുള്ള ബുദ്ധിമുട്ട്.

പരിഹാരം

1. അനുയോജ്യമായ പദ്ധതിമാത്രം കണ്ടെത്തി നടത്തുക.
2. അനുയോജ്യമായ പ്രദേശത്തു മാത്രം നടപ്പിലാക്കുക. സാവകാശത്തിലും ചർച്ചചെയ്തും നടപ്പിലാക്കുക. സേവനസന്നദ്ധരായ അംഗങ്ങളെ മാത്രം ഉൾപ്പെടുത്തുക.

3. അടുത്തടുത്ത് വീടുകളുള്ളിടത്ത് തുടങ്ങുന്ന തായിരിക്കും പദ്ധതിയുടെ വിജയത്തിന്റെ അടിസ്ഥാനഘടകം. യോഗം വിളിച്ചുകൂട്ടുന്നതിനും അംഗങ്ങൾ തമ്മിൽ ആശയവിനിമയത്തിനും ഇതുമൂലം സൗകര്യം ലഭിക്കുന്നു.

4. മാർക്കറ്റിംഗ് സൗകര്യം സർക്കാർ തലത്തിൽ ഉണ്ടാക്കുക.

ട്രൈസം

I.R.D.P. ലക്ഷ്യവിഭാഗത്തിൽ 18നും 35നും മദ്ധ്യേപ്രായമുള്ളവർ പരിശീലനത്തിന് അർഹരാണ്. ചെറുകിട കുടിൽ വ്യവസായ സർവിസ്സ് മേഖലകളിൽ സ്വയംതെഴിൽ പരിശീലനം നൽകി അവർക്ക് ത'ഭ'ട'ഫ' യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കുവാനുദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. പരിശീലനത്തിനു തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ പരിശീലനാർത്ഥിക്ക് പ്രതിമാസ സ്റ്റൈറെഫൻറ് പദ്ധതിയുടെ ഭാഗമായി നൽകും

വർഷം	എണ്ണം
1992 - 93	7
1993 - 94	4
1994 - 95	4
1995 - 96	6
1996 - 97	13

വിവിധയിനം ട്രേഡുകളിൽ പരിശീലനം നൽകുന്നു. അതാതു പഞ്ചായത്തിലോ പഞ്ചായത്തിനു പുറത്തോ ഉള്ള സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നു.

പ്രതിവർഷം ഒരു ബേ്ളാക്കിൽ 40-ഓളം പേർക്ക് മാത്രമാണ് ഈ പരിപാടിപ്രകാരം പരിശീലനം ലഭ്യനാക്കുന്നത്. ഐ. ടി. ഐ. പോളിടെക്നിക്ക് മറ്റു സാങ്കേതിക സ്ഥാപനങ്ങളിലും പരിശീലനം നൽകുന്നു.

പ്രശ്നങ്ങൾ

1. ആവശ്യക്കാരുടെ അനുസരണം പരിശീലനം നൽകാൻ തിരഞ്ഞെടുക്കേണ്ടവരുടെ എണ്ണം കൂട്ടിയിട്ടില്ല.
2. ചിലസ്ഥാപനങ്ങൾ നൽകുന്ന പരിശീലനം തൃപ്തികരമല്ല.
3. ട്രെഡുകളുടെ പഠനകാലാവധി അപര്യാപ്തമാണ്. കൂടുതൽ ട്രെഡുകൾ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തുക.
4. ട്രെഡുകളുടെ പഠനകാലാവധി വർദ്ധിപ്പിക്കുക
5. സ്റ്റൈറെഫൻറ് കാലോചിതമായി പരിഷ്കരിക്കുക.

ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ഇത്.

മരപ്പണി, ഇരുമ്പുപണി, സ്വർണപ്പണി എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

ഒരാൾക്ക് ശരാശരി 2000 രൂപാവരെയുള്ള സഹായമാണ് ഇതിൻ പ്രകാരം ലഭിക്കുക. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളാണെങ്കിൽ 4500 രൂപ വരെ വിലവരുന്നവ സബ്സിഡിയോടെ വിതരണം ചെയ്യുന്നു. ഗുണഭോക്താവിന്റെ അഭിഷ്ടപ്രകാരമുള്ള ആധുനിക തൊഴിലുപകരണങ്ങളാണ് നൽകുന്നത്. ഉപകരണത്തിന്റെ വിലയുടെ 10% ഗുണഭോക്താവ് നൽകണം

ഗാമീണ മേഖലയിലുള്ള ബാർബർ മുതലായ കൈത്തെഴിലുകാരെ കൂടി ഈ പദ്ധതിയിലുൾ പ്പെടുത്തണം.

ഈ പദ്ധതിയെപ്പറ്റിയുള്ള സെമിനാറുകൾ നടത്തണം.

ടൂൾകിറ്റ് കൊടുത്തത്

വർഷം	എണ്ണം	തുക
1992 - 93	-	-
1993 - 94	5	Rs. 10,000/-
1994 - 95	13	Rs. 26,000/-
1995 - 96	24	Rs. 64,000/-

C.R.S.P.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ്. C. R. S. P. ഒരെണ്ണത്തിന് 2500 രൂപ ചിലവ് വരും ഇതിൽ 500 രൂപ ഗുണഭോക്താവിന്റെ വിഹിതമായിരിക്കും.

വർഷം	എണ്ണം	മറ്റുള്ളവർ	S.C	S.T.	തുക. Rs.
1992 - 93	-	-	-	-	-
1993 - 94	7	2	5	-	14,000
1994 - 95	17	14	3	-	34,000
1995 - 96	28	16	11	1	56,000
ആകെ	52	32	19	1	1,04,000

പ്രശ്നങ്ങൾ

1. ഇതിനനുവദിക്കുന്ന തുക സാധന സാമഗ്രികളുടെ വില വച്ച് നോക്കുമ്പോൾ തീരെ അപര്യാപ്തമാണ്. ഒരു പഞ്ചായത്തിൽ അനുവദിക്കുന്നവയുടെ എണ്ണം തീരെ കുറവാണ്.

2. പാറയുള്ള പ്രദേശങ്ങളിൽ കുഴികുഴിച്ച് പണിയുവാൻ ബുദ്ധിമുട്ടുണ്ട്.
3. ഇപ്പോൾ നിർമിക്കുന്ന കക്കുസുകൾക്ക് 2 കുഴിവേണമെന്ന് ആവശ്യപ്പെടുന്നു.
4. ചെലവുകുറഞ്ഞ രീതിയിൽ പണിയുന്നതിനാണെങ്കിലും ആളുകൾ ആഴത്തിലുള്ള കുഴി കുഴിച്ച് പണിയുവാൻ താൽപര്യപ്പെടുന്നു.

പരിഹാരങ്ങൾ

1. സാധനങ്ങളുടെ വിലവർദ്ധനവും വിദഗ്ധതൊഴിലാളികളുടെ കൂലി വർദ്ധനയും കണക്കിലെടുത്ത് അനുവദിക്കുന്ന 2000 രൂപ ഗണ്യമായി വർദ്ധിപ്പിക്കുക.
2. ആവശ്യക്കാരുടെ എണ്ണമനുസരിച്ച് അനുവദിക്കുന്നവയുടെ എണ്ണവും വർദ്ധിപ്പിക്കുക.
3. പാറപ്രദേശങ്ങളിൽ പ്രത്യേക പദ്ധതികൾ കണ്ടെത്തുക. ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.
4. രണ്ടു കുഴികൾ വേണോ ഒറ്റകുഴി മതിയോ എന്നത് അതത് പ്രദേശങ്ങളിലെ സാഹചര്യങ്ങളും ആളുകളുടെ താൽപര്യങ്ങളും കണക്കിലെടുത്ത് നടപ്പിലാക്കുക.

കർഷകത്തൊഴിലാളി പെൻഷൻ

ജീവിതത്തിന്റെ വസന്തകാലം മുഴുവൻ മറ്റുള്ളവരുടെ ക്ഷേമത്തിനായി സ്വന്തം അദ്ധ്വാനവും, വിയർപ്പും, രക്തവും സമർപ്പിച്ച് കർഷകത്തൊഴിലാളികൾക്കു് 1980 മുതൽ കേരള-സർക്കാർ നൽകിവരുന്ന ആശ്വാസനടപടി ആരംഭത്തിൽ പ്രതിമാസം 60 രൂപ ആയിരുന്നു നൽകിയിരുന്നത്. പിന്നീട് 70 രൂപ ആക്കി ഇപ്പോൾ അത് വീണ്ടും വർദ്ധിപ്പിക്കുവാൻ സർക്കാർ സജീവമായി ആലോചിച്ചുവരുന്നു.

ശുപാർശ ചെയ്യപ്പെട്ട കർഷകതൊഴിലാളികൾ

വർഷം	എണ്ണം
1982-83	200
1983-84	20
1984-85	8
1985-86	9
1986-87	16
1987-88	38
1989-90	19
1990-91	31
1991-92	1
1992-93	26
1993-94	7
1995-96	10

കർഷകത്തൊഴിലാളി ക്ഷേമനിധി

1992-ൽ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. ഒരു കൃഷിക്കാരന്റെ കീഴിൽ ചുരുങ്ങിയത് 3 വർഷമെങ്കിലും ജോലി ചെയ്തിട്ടുള്ള തൊഴിലാളിക്ക് ഇതിൽ ചേരാവുന്നതാണ്. പ്രസ്തുതതൊഴിലാളി 2 രൂപ വച്ചു കർഷകൻ 8 രൂപ വച്ചം മാസം തോറും ക്ഷേമനിധിയിൽ അടയ്ക്കണം. തൊഴിലാളിയുടെ വിഹിതം പിരിക്കാൻ തുടങ്ങികഴിഞ്ഞു കർഷകരുടെ വിഹിതം പിരിക്കുവാൻ ആരംഭിച്ചിട്ടില്ല. ക്ഷേമനിധി ഓഫീസു് വാഴത്തോപ്പിൽ സ്ഥിതി ചെയ്യുന്നു.

വിധവാ പെൻഷൻ

പ്രതിമാസ കുടുംബ വരുമാനം 200 രൂപയിൽ കവിയാൻ പാടില്ല. 1996 വരെ മൊത്തം 6 പേർക്ക്. ഈ പഞ്ചായത്തിൽ നിന്നും പെൻഷൻ കൊടിത്തിട്ടുണ്ട്. ഭർത്താവിന്റെ മരണം മൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് സർക്കാർ നൽകുന്ന ആശ്വാസധനം പ്രതിമാസം 70 രൂപ വച്ച് നൽകിയിരുന്ന പെൻഷൻ വീണ്ടും വർദ്ധിപ്പിച്ചതായി കാണുന്നു.

വാർദ്ധക്യകാല പെൻഷൻ

ആൺ മക്കൾ ആരും ഇല്ലാത്തതും പരിപാലിക്കുവാൻ ആരും ഇല്ലാത്തതുമായ വൃദ്ധ ദമ്പതികൾക്ക് നൽകി വരുന്ന സഹായ പദ്ധതി പ്രതിമാസം 70 രൂപ വീതം നൽകിവരുന്നു. ഇത് വീണ്ടും വർദ്ധിപ്പിച്ചതായി കാണുന്നു.

അവശകലാകാരൻമാർക്കും ആശ്രിതർക്കും ഉള്ള പെൻഷൻ

അപേക്ഷകന്റെ വാർഷിക വരുമാനം 3600 രൂപയിൽ കവിയരുത്.

കരകൗശല പണിക്കാർക്ക് ഉള്ള വാർദ്ധക്യകാല പെൻഷൻ

അപേക്ഷകന്റെ വാർഷിക വരുമാനം 1800 രൂപയിൽ കവിയരുത്.

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

വാർഷിക വരുമാനം 5000 രൂപയിലും വധുവിന്റെ ആഭരണവും വസ്ത്രവും ഉൾപ്പടെ സമ്പത്ത് 6000 രൂപയിൽ കവിയാത്തതും ആയിരിക്കണം.

പ്രകൃതി ക്ഷോഭങ്ങൾക്ക് ഇര യായവർക്ക് ധനസഹായം

(പ്രകൃതി ക്ഷോഭം, തീപിടുത്തം, ഇടിമിന്നൽ, കൊടുങ്കാറ്റ്, കടലാക്രമണം)

പ്രതിമാസ കുടുംബ വരുമാനം 1250 രൂപ വരെ.

അവശകലാകാരൻമാർക്കും എഴുത്തുകാർക്കും കേന്ദ്ര സാംസ്കാരിക വകുപ്പിൽ നിന്നുള്ള ധനസഹായം

പ്രതിമാസ വരുമാനം 1000 രൂപയിൽ കവിയാൻ പാടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

വാർഷിക വരുമാനം 20000 രൂപയ്ക്കു താഴെ.

ക്ഷേമ പദ്ധതി

വിധവാ വിവാഹ ധനസഹായം

വാർഷിക വരുമാനം 8000 രൂപയ്ക്കുതാഴെ.

ക്ഷയരോഗചികിൽസക്കുള്ള ധനസഹായം

കുടുംബ വാർഷിക വരുമാനം 2400 രൂപയിൽ താഴെ.


കുഷ്ഠരോഗചികിൽസക്കുള്ള ധനസഹായം

അമ്മ, അച്ഛൻ, ഭർത്താവ് എന്നിവരിൽ ആരെങ്കിലും പ്രതിമാസവരുമാനം 200 രൂപ കവിയരുത്.

കാൻസർ ചികിത്സക്കുള്ള ധനസഹായം

അമ്മ, ഭർത്താവ്, മകൻ ഇവരിൽ ആർക്കെങ്കിലും പ്രതിമാസ വരുമാനം 200 രൂപയിൽ കവിയരുത്

മുകളിൽ പറഞ്ഞ പദ്ധതികളിൽ കർഷക തൊഴിലാളി പെൻഷൻ ഒഴികെ മറ്റു പെൻഷൻ പദ്ധതികളെക്കുറിച്ച് ഇന്നും സാധാരണ ജനങ്ങൾ അജ്ഞരാണ്. വാർദ്ധക്യകാലപെൻഷൻ കിട്ടുന്നതിന് ആൺ മക്കൾ ഉള്ളത് അയോഗ്യതയായി കണക്കാക്കുന്നതുകൊണ്ട് അർഹരായ പലർക്കും കിട്ടാതെ വരുന്നു. നിയമങ്ങൾ ലഘൂകരിക്കാത്തതുകൊണ്ട് പാവപ്പെട്ടവരും നിരക്ഷരുമായ പലർക്കും ഇത് കിട്ടാതെ പോകുന്നു. പെൻഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നു.



6.10 വനിതാരംഗം

ലോകത്താകെ വനിതാവിമോചന പ്രസ്ഥാനം ശക്തി പ്രാപിച്ചു കൊണ്ടിരിക്കുന്ന ഇക്കാലത്തും സ്ത്രീകൾ അധികം പേരും ഇതൊന്നുമറിയാതെ വീടുകളിൽ ഒതുങ്ങിക്കൂടുന്ന പ്രവണതയാണ് സാധാരണ കണ്ടുവരുന്നതു്. ജനസംഖ്യയിൽ മുമ്പന്തിയിൽ നിൽക്കുന്ന ഈ വിഭാഗം ഉണർന്നു പ്രവർച്ചാലേ നാം ആഗ്രഹിക്കുന്ന പുരോഗതി കൈവരിക്കാനാകു. പൊതു രംഗത്തുനിന്നും സ്ത്രീകളുടെ ഒളിച്ചോട്ടം കുമാരമംഗലം പഞ്ചായത്തിലും വ്യത്യസ്തമല്ല.

സമുദായത്തിന്റെ എല്ലാ നിയന്ത്രണങ്ങൾക്കും സ്ത്രീകൾ വിധേയരായിരുന്നു. വിദ്യാഭ്യാസം പോലും സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. ആഘോഷങ്ങളിലും പൊതു പരിപാടികളിലും പൊതുവെ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. സ്ത്രീകളുടെ പൊതുസ്ഥിതി ഇതായിരുന്നെങ്കിലും കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒട്ടേറെ പുരോഗതി ഉണ്ടായട്ടുണ്ട്. സ്ത്രീവിദ്യാഭ്യാ സത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാ ണെങ്കിലും സാമൂഹ്യ പ്രവർത്തന രംഗത്ത് ഇനിയും മുന്നേറ്റമുണ്ടാകണം. 33% സംവരണമെന്ന ഭരണഘടനാ വാക്ദാനം ഒരു കുതിച്ചുചാട്ട തന്നെ ഈ രംഗത്ത് ഉണ്ടാക്കിയിട്ടുണ്ട്.

സാമൂഹ്യരംഗത്തെ ജീർണതകളിൽ സ്ത്രീ അറിഞ്ഞോ അറിയാതേയോ ചെന്നുചേരുന്നു. ഒരു കച്ചവടവസ്തുവായി സ്ത്രീയെ മുതലാളിത്ത സംസ്കാരം കാണുന്നു. സൗന്ദര്യ മത്സരവും പരസ്യ കമ്പനികളുടേയും ഉള്ളിലിരിപ്പ് മറ്റൊന്നല്ല. തങ്ങളുടെ ലാഭം എങ്ങനെ ഉണ്ടാക്കാം എന്നു മാത്രമാണ് അവർ ചിന്തിക്കുന്നത്.

കുടുബത്തിന് ഒരുഭാരമായി പെൺകുട്ടി മാറുന്നു. സ്ത്രീധനപീഡനം ഒരു നിത്യ സംഭവമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് സ്ത്രീ വിമോചന പ്രസ്ഥാനത്തിനു മാത്രമേ ഭലപ്രദമായ ചെരുത്തു നില്പ് ഈ രംഗത്ത് സ്രഷ്ടിക്കാൻ കഴിയൂ.

നമ്മുടെ തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ഉയരുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഉയർന്ന മാർക്ക് നേടുന്നവർ സ്ത്രീകളാണ്. അദ്ധ്യാപനരംഗത്ത് സ്ത്രീകളാണ് ഭൂരിപക്ഷം. കേരളത്തിലെ സ്ത്രീകളുടെ മുന്നേറ്റമാണിത് കാണിക്കുന്നത്.

1995-ലെ സെൻസസ് പ്രകാരം കുമാരമംഗലം പഞ്ചായത്തിലെ ആകെ ജനസംഖ്യ 13728 ആണ്. അതിൽ പുരുഷൻമാർ 7047, സ്ത്രീകൾ 6681 മാണ്. 56 പുരുഷൻമാർ കൂടുതലാണ്

തൊഴിൽ രംഗത്ത് അവഗണന അനുഭവിക്കുന്ന വിഭാഗമാണ് സ്ത്രീകൾ. കൂലിയുടെ കാര്യം തന്നെ നോക്കുക. കാർഷിക രംഗത്ത് 100 രൂപ പുരുഷനു കിട്ടുമ്പോൾ 75 രൂപയാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. ചുമടെടുക്കുമ്പോഴും നിർമ്മാണ മേഖലയിലും എല്ലായിടത്തും തന്നെ രണ്ടാം നിരക്കാരാണ് സ്ത്രീകൾ. ഒരു പക്ഷേ പുരുഷനേക്കാൾ നന്നായി ജോലി ചെയ്താലും ഫലം അതു തന്നെ. ഈ പ്രവണത എല്ലായിടത്തും ഒന്നു തന്നെ.

മഹിളാ സംഘടനകൾ പേരിനു മാത്രമുണ്ടെങ്കിലും സജീവ പ്രവർത്തകരായി ഈ രംഗത്ത് വിരലിൽ എണ്ണാവുന്നവർ വരെ ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ ഗ്രമ പഞ്ചായത്തിൽ 3-ഉം ബ്ലോക്കു പഞ്ചായത്തിൽ ഒന്നും മെമ്പർമാർ സ്ത്രീകളാണെന്നുള്ളത് ഈ പഞ്ചായത്തിനഭിമാനിക്കാം. ഒരു വനിത പ്രസിഡൻറായിരിക്കുന്ന പഞ്ചായത്താണിത്.

തൊഴിൽ രംഗം

തൊഴിൽ രംഗത്ത് താരതമ്മ്യേന സ്ത്രീ പങ്കാളിത്തം കുറവാണ്. ഉള്ളതു തന്നെ വിവിധ രംഗങ്ങളിൽ ചിതറിക്കിടക്കുന്നു. സംഘടിത തൊഴിൽ മേഖല ഈ പഞ്ചായത്തിൽ ഇല്ല. മഹിളാ സംഘടനകൾ വളർച പ്രാപിക്കാത്തതിന് പ്രധാനകാരണവും ഇതുതന്നെ. പ്ലാൻറേഷൻ മേഖലയും കുറവാണ്. ചെറിയ ചെറിയ പേളാട്ടുകളായി ഒരോരുത്തർ കൈവശം വച്ചിരിക്കുന്നു. ഫാക്ടറികൾ ഒന്നും തന്നെ എടുത്തു പറയാവുന്നതായില്ല.

സ്ത്രീകൾക്കു നേരേയുള്ള അക്രമങ്ങൾ താരതമ്യേന കുറവാണിവിടെ. കുടുബകലഹങ്ങളിൽ അധികപങ്കും പാവപ്പെട്ടവരുടെ ഇടയിലാണ്. മദ്യപാനം കുടുബ കലഹങ്ങൾക്കും ദാരിദ്ര്യത്തിനും വഴിവയ്ക്കുന്നുണ്ട്. ചാരായനിരോധനം നിലനിന്നാൽ സാമൂഹിക രംഗത്ത് കുറേക്കൂടി മെച്ചപ്പെട്ട നില കൈവരിക്കാൻ കഴിയും.

'ധന്യാ' ക്ഷീരോത്പാദന യൂണിറ്റും ആമ്പൽ ഗാർമെൻറ് യൂണിറ്റും ആണ് വനിതകൾ നടത്തുന്ന 2 ചെറു സംരംഭങ്ങൾ. പ്രവർത്തന രംഗത്തു വലിയ പ്രതിസന്ധിയാണ് ഈ സ്ഥാപനങ്ങൾ നേരിടുന്നത്. ഏഴല്ലൂർ

പ്രദേശത്തെ ജനങ്ങളും പഞ്ചായത്തും അകമഴിഞ്ഞു സഹായിച്ചാലേ മുന്നോട്ടുപോകാനാകൂ.

പ്രശ്നങ്ങൾ

1. തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് കൂലി കുറവാണ്. എല്ലാ തൊഴിലും ചെയ്യാൻ സ്ത്രീ മുന്നോട്ടു വന്നാലെ ഇതിനൊരു പരിഹാരമുണ്ടാകൂ. അല്ലെങ്കിൽ തുല്യ്യത അംഗീകരിക്കുന്ന ഒരു സംസ്കാരം വളർന്നു വരണം.
2. സാമൂഹ്യ രംഗത്ത് സ്ത്രീകളെ ബോധപൂർവ്വം മുന്നോട്ടു കൊണ്ടു വരണം.
3. ഉത്തരവാദിത്തമുള്ള ജോലികൾ ഏറ്റെടുക്കാൻ സ്ത്രീകൾ വിമുഖത കാട്ടുന്നു. മാത്രമല്ല ഉത്തവാദിത്ത്വം ഏൽപ്പിക്കാൻ പുരുഷൻമാർ വിമുഖത കാണിക്കുന്നു.
4. പൗരാണിക ഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കും തുല്ല്യ സ്ഥാനം കൽപ്പിച്ചിരുന്നു. പുരുഷൻ സ്ത്രീയെ ആദരിച്ചിരുന്നു. ഈ വസ്തുതകൾ ഒന്നും സ്ത്രീ അറിയുന്നില്ല. അവളെ അറിയിക്കുന്നുമില്ല.
5. അവകാശബോധമുളളവരായി സമരരംഗത്തു വന്നപ്പോഴോക്കെയാണ് നേട്ടമുണ്ടായിട്ടുള്ളത്. സ്ത്രീകൾക്ക് ഈ തിരിച്ചറിവുണ്ടാകേണ്ടതുണ്ട്.
6. സ്ത്രീകൾ സ്വയം തൊഴിൽ രംഗത്ത് വേണ്ടത്ര മുന്നോട്ടു വരുന്നില്ല.
7. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിഞ്ജാനമില്ല. അവർക്ക് പരിശീലനം കൊടുക്കുന്നു മില്ല.
8. സാമ്പത്തിക ഞെരുക്കം തൊഴിൽ സംരംഭങ്ങൾക്ക് തടസമായി നിൽക്കുന്നു.
9. ഭൂരിഭാഗം സ്ത്രീകളും വീട്ടമ്മയായി കഴിയാനാണ് ആഗ്രഹിക്കുന്നത്. പുതിയ തലമുറയിൽ മാറ്റം വന്നിട്ടുണ്ട്.
10. സർക്കാർ പല പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും വ്യക്തമായ അറിവ് അവർക്ക് കിട്ടുന്നില്ല.
11. അംഗൻവാടികളിലെ അദ്ധ്യാപികമാർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു.
12. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സ്ത്രീകൾ മുൻപന്തിയിലാണ്. അതു മാറണം.
13. ഗ്രഹജോലിയിൽ മാത്രം ഏർപ്പെടുന്ന വനിതകൾക്കും ക്ഷേമപദ്ധതികൾ നടപ്പിലാക്കണം.

പരിഹാരമാർഗ്ഗം

1. സാമൂഹ്യരംഗങ്ങളിലെ മൂല്യച്യുതിയാണ് സ്ത്രീകൾ പിൻതള്ളപ്പെടുവാൻ കാരണം. അതുമാറണം
2. സ്ത്രീകൾക്ക് സമൂഹത്തിന്റെ ഗതിമാറ്റിമറിക്കാനും തിരിച്ചു വിടാനും കഴിയും അവരെ അതിന് പ്രാപ്തരാക്കണം.
3. സ്ത്രീകളിൽ സ്വാശ്രയത്വവും ആത്മവിശ്വാസവും വളർത്തണം.
4. സാമൂഹനൻമയ്ക്കു പ്രവർത്തിക്കുവാൻ സ്ത്രീകളെ സജ്ജരാക്കുക.
5. സാമൂഹനൻമയ്ക്കല്ലാതെ പൊതുരംഗത്തിറങ്ങുവരെ നിരുത്സാഹപ്പെടുത്തുക.
6. അർപ്പണമനോഭാവത്തോടെ രംഗത്തുവരുന്നവർക്ക് പ്രോത്സാഹനം നൽകുക.
7. കൂടുതൽ ഉത്തരവാദിത്വമുള്ള ജോലികൾ അവരെ ഏൽപ്പിക്കുക.
8. ഉന്നത സ്ഥാനങ്ങളാൽ നയരൂപീകരണത്തിൽ അവരെ പങ്കാളികളാക്കുക.
9. അവർക്കുകിട്ടുന്ന അംഗീകാരം സമൂഹത്തെ ബോധ്യപ്പെടുത്തുക.
10. നേതൃനിരയിലേക്ക് ഉയർന്നു വരുന്നവരെ അംഗീകരിക്കുകയും മാനിക്കുകയും ചെയ്യുക.
11. മിശ്രവിവാഹ ദമ്പതികൾക്ക് സാമ്പത്തിക സഹായം നൽകുക.
12. വനിതകൾക്ക് നിയമ സംരക്ഷണം ഉറപ്പാക്കുക.
13. വനിതാ ഉന്നമനത്തിനുള്ള ഐ.സി.ഡി. എസ്. പ്രോജക്ടുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
14. ഉദ്യാനകൃഷി ചെയ്യാൻ വനിതകൾക്ക് പ്രത്യേക ആനുകൂല്യം കൊടുക്കുക.
15. മഹിളാ സമാജങ്ങളെ പ്രേത്സാഹിപ്പിഹിപ്പിക്കുക.

പുരുഷൻൻമാരെ അപേഷിച്ച് സമൂഹത്തിലെ തിൻമകളുടെയും ക്ളേശങ്ങളുടെയും തിക്തഫലങ്ങൾ കൂടുതൽ അനുഭവിക്കുന്നത് സ്ത്രീകളാണ്. ഗ്രാമീണ ജീവിതത്തെ അടുത്തറിയുന്നവരാണിവർ. സ്ത്രീകളെ അധികാര സ്ഥാനങ്ങളിലേക്ക് കൊണ്ടുവരുന്നതു വഴി അവർക്കു നേരെയുള്ള അതിക്രമങ്ങളും സ്ത്രീ പീഡനങ്ങളും, ആത്മഹത്യയും, പെൺ ശിശുഹത്യയും കുറയ്ക്കാൻ കഴിയും. സ്ത്രീ വിമോചനമാണ് സാമൂഹ്യ പരിവർത്തനത്തിനും ജനകീയാസൂത്രണത്തിന്റെ വിജയത്തിനും ഇടയാക്കുന്ന ഒരു പ്രധാന സംഗതി.

6.11 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

വിദ്യാഭ്യാസ സാമൂഹ്യമേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും പിന്നോക്ക ജനവിഭാഗങ്ങൾക്ക് ആ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിക്കഴുഞ്ഞിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പല പദ്ധതികളെസംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും അവ ഫലപ്രദമായി ഉപയോഗ പ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. താരതമ്യേന കോളനി നിവാസികൾക്കാണ് കൂടുതൽ സഹായം ലഭിച്ചിട്ടുള്ളത്, ഈ പഞ്ചായത്തിൽ ഏഴല്ലൂർ അംബദ്ക്കർ കോളനിമാത്രമാണ് കോളനിയായി അംഗീകരിച്ചിട്ടുള്ളത്. കൂടാതെ കുമാരമംഗലം, പെരുമ്പിള്ളിച്ചിറ, ഉരിയരിക്കുന്ന് എന്നിവിടങ്ങളിൽ മാത്രമാണ് മറ്റു കോളനികൾ നിലവിലുള്ളത്.

വിദ്യാഭ്യാസരംഗം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. S.S.L.C. ക്കു ശേഷം തുടർന്നു പഠിക്കുന്നവരുടെ എണ്ണം മുൻകാല ങ്ങളേക്കാൾ വർദ്ധിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെ അനാസ്ഥയും കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടി വരുന്നതുകൊണ്ടും സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടും പലരും പഠനം നിർത്തുന്നു.

തൊഴിൽ

പട്ടികജാതികുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നു. എന്നാൽ കാർഷികമേഖലക്ക് വന്നു കൊണ്ടിരിക്കുന്ന തകർച്ച ഇവരെ മറ്റു മേഖലകളിലേക്ക് തിരിച്ചുവിടാൻ ഇടയായിട്ടുണ്ട്. നിർമാണ രംഗത്ത് പുരുഷന് 125/- രൂപയും സ്ത്രീക്ക് 100/- രൂപയും ലഭിക്കുന്നു. കാർഷികരംഗത്ത് പുരുഷന് 100/- രൂപയും സ്ത്രീക്ക് 75/- രൂപയും കൂലിയുണ്ട്. കാർഷികരംഗത്ത് തൊഴിലാളികളെ വേണ്ടത്ര ലഭിക്കാത്തുകൊണ്ട്; പ്രത്യേകിച്ച് കൊയ്ത്ത്കാലം കർഷകരെ സംബന്ധിച്ച് നല്ല കാലത്തിനുപകരം കഷ്ടകാലം എന്ന നിലയിലാണ് അനുഭവപ്പെടുന്നത്. കൃഷി ആകർഷകവും ആദായകരവും ആയെങ്കിൽ മാത്രമേ ഈ മേഖലയെ സംരക്ഷിച്ച് നിർത്താൻ കഴിയൂ.

പാർപ്പിടം

ഈ വിഭാഗത്തിന്റെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പിലാക്കിവരുന്ന വായ്പ എടുത്ത് കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുമുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ.

ആരോഗ്യരംഗത്ത് ഏറ്റവും അപകടകരമാണ് പരിസരമലിനീകരണം. കോളനികളിലും വീടുകളിലും കക്കൂസ് നിർബന്ധമായും നിർമിച്ചുകൊടുക്കേണ്ടതാണ്. കുടിവെള്ളപ്രശ്നവും ഏറെപ്രധാനപ്പെട്ടതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല.
2. നിരക്ഷരത നിലനിൽക്കുന്നു.
3. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.
4. ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
5. എല്ലാവർക്കും സ്വന്തമായി വീടില്ല, വീടുവയ്ക്കാൻ സ്ഥലമില്ല, പ്രാഥമികസൗകര്യങ്ങൾ ഇല്ല.

6. കോളനികളിൽ കുടിവെളളവും വൈദ്യുതിയും ആവശ്യത്തിനില്ല.

7. പൊതുശ്മശാനമില്ല.

8. കൈവശഭൂമിക്ക് പട്ടയമില്ല.

9. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.

10. നിർധനകുടുബത്തിലെ അംഗങ്ങളുടെ ചികിൽസക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

11. I.R.D.P. പദ്ധതിയും മറ്റുപദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

12. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമ വകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

13. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള അറിവ് അവർക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

[illegible]

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

2. കരകൗശല ഉൽപ്പന്നങ്ങൾ വ്യവസായ സഹകരണ സംഘം വഴിയോ സ്വയംതൊഴിൽ പ്രകാരമോ നടപ്പിലാക്കുക.

3. കുടിവെള്ളപ്രശ്നം പരിഹരിക്കുക.

4. സഹകരണമേഖലയിൽ ഹോളോ ബ്രിക്ക്സ്, സിമിൻറിഷ്ടിക ഇവ നിർമിക്കുന്നതിന് യൂണിറ്റ് ആരംഭിക്കുക.

5. വ്യവസായ പരിശീലനം നൽകുകയും വ്യവസായം തുടങ്ങാനുള്ള വായ്പ പൂർണ്ണമായി അനുവദിക്കുകയും വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുക.

6. പട്ടികജാതി സഹകരണസംഘം സ്ഥാപിക്കുക.

7. പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി പഞ്ചായത്തു വാങ്ങി പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് മാർക്കറ്റ് സ്ഥാപിക്കുകയും ചെയ്യുക. കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപ്പാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

8. ഭവന നിർമ്മാണസഹായം വർദ്ധിപ്പിക്കുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് അനുവാദം കൊടുക്കുക.

9. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

10 ലക്ഷംവീടുകോളനിയിൽ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടായി മാറ്റുക.

11. വീട്പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപണി കൾക്കും പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ തടപ്പിലാക്കുക.

12. കോളനികളിൽ ബോധനൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

13. വായനശാലകൾ സ്ഥാപിക്കുക.

14. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൾ T.V. സെറ്റുകൾ സ്ഥാപിക്കുക. വായനശാലകൾ നിർമിക്കുക.

6.12 വിഭവസമാഹരണം.

നമ്മുടെ ഗ്രാമം നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് കാർഷിക മേഖലയിലെ തളർച്ചയാണ്. പൊതുവേ കൃഷിയോട് ജനങ്ങൾക്ക് താൽപര്യം കുറഞ്ഞുവരുന്നു. അതിന് പലകാരണങ്ങൾ ഉണ്ട്. ജലസേചനത്തിൽ ആവശ്യത്തിന് ജലംലഭിക്കുന്നില്ല. പല സ്ഥലങ്ങളിലും കുടിവെള്ളത്തിന് തന്നെ നന്നേ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. പ്രത്യേകിച്ച് വേനൽക്കാലങ്ങളിൽ പലയിടത്തും വിദ്യുത്ഛക്തിയുടെ അഭാവം. കറണ്ട് ലഭിക്കുന്നിടങ്ങളിൽ വോൾട്ടേജ് ക്ഷാമം മഴയെ ആശ്രയിച്ചാണ് നമ്മുടെ ഗ്രാമത്തിലെ കൃഷി അത്രയും നടക്കുന്നത്. കൃഷിപ്പണികൾക്ക് ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു നെൽകൃഷിയുടെ വിളവെടുപ്പ് കാലം വേണ്ടത്ര തൊഴിലാളികളെ ലഭിക്കാതെ കൃഷിക്കാർ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. കൃഷിക്കാർ കർഷക തൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇപ്പോൾ നമ്മുടെ ഗ്രാമത്തിൽ ഉള്ളത്. നെൽപാടങ്ങൾ നെല്ലിതര കൃഷിസ്ഥലങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഭാഗീകമായി നെൽപ്പാടങ്ങൾ നികത്തപ്പെടുന്നു. കൃഷിക്കാർക്ക് ആവശ്യമായ പ്രോത്സാഹനങ്ങളും സഹായങ്ങളും ബോധവൽക്കരണവും ചെയ്തു കൊടുത്താൽ കൂടുതൽ വിഭവ സമാഹരണത്തിന് കാർഷിക മേഖല യോജിച്ചതായിത്തീരും അമിതമായി രാസവളങ്ങൾ കീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നതു മൂലമുള്ള ദേഷഫലങ്ങൾ ഒഴിവാക്കാൻ ജൈവവള പ്രയോഗത്തിന് പ്രാധാന്യം നൽകണം കൃഷിക്കാരിൽ അതിനുള്ള മനോഭാവം വളർത്തിയെടുക്കണം.

വ്യവസായിക രംഗത്ത് തളർച്ചയും മുരടിപ്പുമാണ് നമ്മുടെ ഗ്രാമത്തിൽ അനുഭവപ്പെടുന്നത്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ ഗ്രാമത്തിൽ ഇല്ല. ചെറുകിട വ്യവസായങ്ങൾ പേരിനുമാത്രമുണ്ട്. നമ്മുടെ ഗ്രാമത്തിലെ ഊർജ്ജപ്രതിസന്ധി ഇതിന് മുഖ്യകാരണമാണ്. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട്, വോൾട്ടേജ് ക്ഷമാം, ലോഡ്ഷെഡിംഗ് എന്നീ കാരണങ്ങളാൽ ഈ രംഗത്തേക്ക് കടന്നുവരാൻ ജനം മടിക്കുന്നു. മേൽപ്പറഞ്ഞകാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കിക്കൊണ്ട് ശരിയായ രീതിയിൽ ബോധവത്ക്കരണം നടത്തിയാൽ മാത്രമേ ഈ രംഗത്ത് കടന്നു കയറ്റത്തിന് സാധിക്കുകയുള്ളു.

ഈ രണ്ട് മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഏറെ താമസിയാതെ ഗുണഫലങ്ങൾ ദർശിക്കാൻ കഴിയും.

ജനസംഖ്യാ, ദാരദ്രരേഖയ്ക്കിടയിലെ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം, കുട്ടികളുടെ എണ്ണം എന്നിങ്ങനെ ജനസംഖ്യാനുപാധികമായി ഗ്രാൻറുകൾ വിതരണം ചെയ്യപ്പെട്ടാൽ കൂടുതൽ നീതി പൂർവ്വമായാൽ വിതരണത്തിന് ഉപകരിക്കും

പട്ടിക 1

95 - 96 ലെ വരുമാനം കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

	1.	2.	3.	4
1.	കെട്ടിടനികുതി	145883.50	133632.50	11888
2.	ലൈബ്രറിസെസ്	7264.53	6977.50	627.15
3.	തൊഴിൽ നികുത	86245	81847	3950
4.	ലൈസെൻസ് ഫീസ്	7492	7492	Nil
5.	വസ്തു കൈമാറ്റ നികുതി 75%	224724	224724	Nil
6.	വസ്തു കൈമാറ്റ നികുതി 25%	150000	150000	Nil
7.	മറ്റുള്ളവ	501302.40	501302.40	Nil
8.	ആകെ	1122941.05	1105975.48	16465.15
9.				
10.	ലൈബ്രറീസസ് കൂടുതൽ പിരിച്ചത്	310.60		

പട്ടിക 2

95-96 ലെ ചിലവിന്റെ പട്ടിക.

നമ്പർ	ഇനം	തുക.
1.	ഭരണം	505742
2.	പൊതുമരാമത്ത്	393192
3.	വിദ്യാഭ്യാസം	1790
4.	ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	23698
5.	തെരുവ് വിളക്കുകൾ കത്തിക്കുന്നത്	10716
6.	മറ്റുള്ളവ	12972
7.	ആകെ	948110

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ അനുവധിച്ചതുക സംബന്ധിച്ചവിവരങ്ങൾ

വകുപ്പ്	തുക പദ്ധതിവിഹിതം		തുക പദ്ധതിയേതരവിഹിതം	ആകെ
1	2		3	4
മൃഗസംരക്ഷണം	1720			
	1870			
	500			
	1400			5490
ആരോഗ്യം	1800	700	-	
	8000	5000	-	
	11000	5000	-	
	26800	2000	-	
	2000	1750	-	64050
കൃഷി	164473		-	
	3494		-	
	11850		-	
	5620		-	
	14400		-	199787
P. W. D	8400		-	
	4036		-	
	10080		-	22516
ഹരിജനക്ഷേമം	2000		-	
	3000		-	
	8400		-	
	2000		-	15400
മറ്റുള്ളവ	2000		-	
	1330		-	3330
ആകെ				310573

നമ്മുടെ പഞ്ചായത്തിൽ കച്ചവടകാരിൽ നിന്നും ലൈസെൻസ് ഫീസ് ഈടാക്കുന്നവരായി വളരെ കുറച്ച് പേർമാത്രമേ ഉള്ളൂ. ഈ ഇനത്തിൽ കഴിഞ്ഞവർഷം 6867 രൂപ പിരിഞ്ഞുകിട്ടി. മുഴുവൻ കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കാവുന്നതാണ്.

കാർഷികവും അല്ലാത്തതുമായ മറ്റു പലതരം കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ ഒരു വിഭാഗം പേർ. നമ്മുടെ പഞ്ചായത്തിൽ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തി ജനങ്ങളെ നികുതി കൊടുക്കാൻ താൽപര്യമുള്ളവരാക്കണം. നികുതി കൊടുക്കുന്നതുവഴി വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കുകയാണ് ചെയ്യുന്നത് എന്ന് ജനം മനസിലാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. നികുതികൾ യുക്തിസഹമാക്കിത്തീർക്കുന്നതും ആവശ്യമാണ്. ഈ കാര്യങ്ങൾക്കായി വാർഡുവികസന സമിതികൾക്കും വാർഡുമെമ്പർമാർക്കും ഒട്ടേറെകാര്യങ്ങൾ ചെയ്യാൻ കഴിയണം.

ചില നിർദ്ദേശങ്ങൾ

1. വിലക്കയറ്റത്തിന്റെ ഈ കാലഘട്ടത്തിൽ നികുതി ജനങ്ങൾക്ക് ഒരു ഭാരമാകാതെ പ്രത്യേകം ശ്രദ്ധിക്കണം വരുമാനത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമേ നികുതിയായി ഈടാക്കാൻ പാടുള്ളു.
2. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കാൻ കഴിയണം,. അതിന് തക്കവിധത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.
3. നികുതി കൊടുക്കൽ വഴി ജനങ്ങളും വികസനപ്രവർത്തനങ്ങളിൽ പങ്കുകാരാവുകയാണെന്ന് അവരെ മനസ്സിലാക്കണം. അതുകൊണ്ട് തന്നെ ചിലവിന്റെ കാര്യത്തിൽ ജനങ്ങളുടെ അറിവിലേയ്ക്കായി സുതാര്യതപാലിക്കണം.
4. നികുതി പിരിക്കാൻ വാർഡുപ്രതിനിധികളും വാർഡ് വികസന സമിതികളും തയ്യാറാകണം. ഇതു വികസന പ്രവർത്തനത്തിന്റെ ഭാഗമാണെന്ന് ജനങ്ങളും നേതാക്കളും മനസിലാക്കണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അതു ജനങ്ങളെ ബോധ്യപ്പെടുത്താനും ഉള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാകണം.

കെട്ടിടനികുതി

കെട്ടിടനികുതി കൂടുതൽ ശാസ്ത്രീയമാക്കുക. എല്ലാകെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തുക. വാടക കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക. പ്രധാന റോഡരുകിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾക്ക് അല്പം കൂടുതൽ നികുതി വസൂലാക്കുക. നികുതി പിരിക്കുന്ന മാനദണ്ഡം ജനങ്ങളെ ബോധ്യപ്പെടുത്തുക.

തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിൽ നിന്നും ജോലി ചെയ്യുന്നവരിൽ നിന്നും കുറെകൃഷിക്കാരിൽ നിന്നു മാത്രമാണ് ഇപ്പോൾ തൊഴിൽ നികുതി ഈടാക്കുന്നത്. ആ രീതിയ്ക്ക് മാറ്റം വരുത്തണം. ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന എല്ലാ ജനങ്ങളിൽ നിന്നും എല്ലാ കുടുംബങ്ങളിൽ നിന്നും തൊഴിൽ നികുതി ചെറിയതോതിൽ എങ്കിലും ഈടാക്കണം.

മറ്റ് ധനാഗമമാർഗ്ഗങ്ങൾ

1. മണൽ

നമ്മുടെ പഞ്ചായത്തിൽ മണൽ ലേലത്തിൽ നിന്നും നല്ലൊരു തുക വരുമാനമായി കിട്ടുന്നുണ്ട്. ഇപ്പോൾ ലേലം ചെയ്യുന്ന രീതി മാറ്റി രണ്ടു ഭാഗങ്ങളായി തിരിച്ച് ലേലം ചെയ്താൽ കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ കഴിയും

2. പുഴക്കല്ല് ലേലം

നമ്മുടെ പഞ്ചായത്തിന്റെ പുഴ അതിർത്തിക്കുള്ളിലെ പുഴക്കല്ല് ലേലം ചെയ്തുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

3. ഭൂമി ലീസ് കൊടുത്തു പതിച്ചുകൊടുത്തു വരുമാനം ഉണ്ടാക്കാം.

നമ്മുടെ പഞ്ചായത്തിലെ പുഴയുടെയും തോടിന്റെയും തീരങ്ങളിലുള്ള പഞ്ചായത്തുവക സ്ഥലങ്ങൾ കൈവശം വെച്ച് അനുഭവിച്ച് വരുന്നവർക്ക് ലീസ് കൊടുക്കുകയോ അല്ലങ്കിൽ ഇപ്പോഴുള്ള മാർക്കറ്റു വിലയുടെ 30% വസൂലാക്കി പതിച്ചുകൊടുക്കാനുള്ള നടപടിക്കോ തയ്യാറായൽ പഞ്ചായത്തിന് ഗണ്യമായ വരുമാനം ഉണ്ടാക്കാൻ കഴിയും.

4. പാറപൊട്ടിക്കൽ

പഞ്ചായത്തുവക വ്യക്തികളുടെ കൈവശം ഇരിക്കുന്നതും പാറയായിട്ടുള്ളതുമായ സ്ഥലങ്ങൾ പാറപൊട്ടിക്കാനും കോറിയുണ്ടാക്കാനും വിട്ടുകൊടുക്കുന്നതുവഴി പഞ്ചായത്തിന് വരുമാനം കണ്ടെത്താൻ കഴിയും

5. മരം മുറിക്കാൻ കൊടുക്കൽ

പഞ്ചായത്തുവകയും ജനങ്ങളുടെ കൈവശമിരിക്കുന്നതുമായ സ്ഥലങ്ങളിൽ നിൽക്കുന്ന കനമരങ്ങൾ, പാഴ്മരങ്ങൾ മാർക്കറ്റുവിലയുടെ 25% ശതമാനം വില ഈടാക്കി കൈവശക്കാർക്ക് വെട്ടി എടുക്കാൻ വിട്ടു കൊടുത്താൽ പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കാൻ കഴിയും

6. പഞ്ചായത്തിലെ ജലാശങ്ങളിൽ മൽസ്യകൃഷി നടത്തി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

7. മാർക്കറ്റ് ഗ്രാമചന്ത

മാർക്കറ്റും ഗ്രാമചന്തയും തുടങ്ങുന്നതിൽ നിന്നും പഞ്ചായത്തിന് പുതിയ വരുമാനം കണ്ടെത്താൻ കഴിയും നേഴ്സറി കൃഷി മുഖ്യതൊഴിലായ നമ്മുടെ ഗ്രാമത്തിൽ നാണ്യവിളതൈകൾ ധാരാളമായികിട്ടാൻ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് റബ്ബർ, തെങ്ങ്. കമുക്, കശുമാവ്, കൊടി തുടങ്ങിയ തൈകൾ ഉൽപാദിപ്പിക്കുന്ന ഒരു നേഴ്സറി പഞ്ചായത്തിന്റെ കീഴിൽ തുടങ്ങിയാൽ വരുമാനം ഉണ്ടാക്കുവാൻ കഴിയും നിലവിലുള്ള റബ്ബർ നേഴ്സറി കൊണ്ട് പഞ്ചായത്തിലെ കൃഷിക്കാരുടെ ആവശ്യം പൂർണ്ണമായി നിറവേറ്റപ്പെടുന്നില്ല അതുകൊണ്ട് ഒരു റബ്ബർ നേഴ്സറിക്ക് ഏറെ സാധ്യതയുണ്ട്

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചയാത്തിൽ പ്രധാനമായി ഒരു സഹകരണബാങ്കും അതിന്റെ മൂന്നു ബ്രാഞ്ചുകളും കൂടാതെ യൂണിയൻ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു. ചില്ലറ സ്വകാര്യപണമിടപാടും കാരും പഞ്ചായത്തിൽ ഒട്ടാകെ ഇല്ലാതില്ല. ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 90% ആ പഞ്ചായത്തിൽ കൃഷിക്കാർക്ക് ലോണായി കൊടുത്താൽ കൂടുതൽ പുരോഗതി ഉണ്ടാകും പഞ്ചായത്തുകൾക്ക് വായ്പ എടുക്കുവാനുള്ള സാധ്യത പുതിയപഞ്ചായത്ത് ആക്റ്റിൽ ഉണ്ട്. ഗ്രാമസഭകളും പഞ്ചായത്തും അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ സന്നദ്ധരാകുന്ന നിയമ ഭേതഗതി ഉണ്ടാകേണ്ടിയിരിക്കുന്നു.

ചെലവുകൾ

വളരെ വരുമാനം കുറഞ്ഞ നമ്മുടെ പഞ്ചായത്തിൽ ചിലവുകൾ കൂടുതൽ പ്രത്യുൽപാദന പരമാക്കാൻ ശ്രമിക്കണം. പലപ്പോഴും റോഡ്, കുളങ്ങൾ എന്നിവയുടെ മെയിറ്റനൻസ് വേണ്ടി ചിലവാക്കുന്നതുക പാഴായ് പോകുന്നു. ഈമാതിരികാര്യങ്ങൾ ജനപങ്കാളിത്വത്തോടെ കുറഞ്ഞചെലവിൽ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

പൊതുമരാമത്ത് ഭരണച്ചിലവ്

വിദ്യാഭ്യാസം സാമൂഹ്യക്ഷേമം റോഡുനിർമ്മാണം എന്നിവയ്ക്കാണ് ഫണ്ട് മുഖ്യമായും വിനിയോഗിക്കുന്നത് റോഡ് മെയിറ്റൻനസ്സ് വേണ്ടി പഴയറോഡിൽ മണ്ണിടുന്നത് മഴക്കാലത്ത് ഒഴിച്ചുപോകുകയും റോഡ് തോടായിമാറി നഷ്ടം സംഭവിക്കുകയും പഴയസ്ഥിതിയിൽ ആവുകയും ചെയ്യും ഇമ്മാതിരി റിപ്പയർ വർക്കുകൾ ഒരു ഗുണവും ചെയ്യുന്നില്ല എന്നു മാത്രമല്ല പഞ്ചായത്തുഫണ്ട് പാഴായിപോവുകയും ചെയ്യും. പഞ്ചായത്തിന്റെ വിഭവച്ചോർച്ച തടയന്നതിന് റോഡ് സംരക്ഷണം അനിവാര്യമായിത്തീരുന്നു. മഴക്കാലത്തിന് മുമ്പായി റോഡരികിലെ കാനകൾ ജനപങ്കാളിത്വത്തോടെ ശ്രമദാനമായി തെളിച്ച് വൃത്തിയാക്കി വെള്ളം ഒഴുകാൻ സൗകര്യത്തിലാക്കിത്തീർക്കണം.

നികുതി

ഭൂനികുതി ചിലതത്വങ്ങളെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അത് പിരിച്ചെടുക്കുന തിനും പഞ്ചായത്തുകളെ ഏൽപ്പിക്കാം ഇപ്പോൾ നിലവ ലുള്ള നിരക്ക് 20 രൂപയാണ് കൽകെട്ട് കൂടുതൽ ഉള്ള സ്ഥലങ്ങളിലും ആദായം കുറവുള്ള സ്ഥലങ്ങളിലും ഇത് കുറയ്ക്കാവുന്നതാണ്. ഭൂമിയുടെ തരം അനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്താവുതാണ്. മണ്ണിട്ടുനിരത്തുന്ന നെൽപ്പാടങ്ങൾക്ക് കൂടുതൽ നികുതി ചുമത്താവുന്നതാണ്. നികുതി പിരിക്കുമ്പോൾ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കണം.

ടാക്സി സ്റ്റാൻഡ്

ഏഴല്ലൂരും പാറയിലും ടാക്സി സ്റ്റാൻഡ് ഉണ്ടാക്കാവുന്നതാണ് അതിൽ നിന്നും വരുമാനം പ്രതീക്ഷിക്കാം. ഈ സല്ഥലങ്ങളിൽ ഷോപ്പിംഗ് ഹൗസുകൾ ഉണ്ടാക്കാവുന്നതാണ്. ഈ ഇനത്തിലും വരുമാനം കണ്ടെത്താൻ കഴിയും.

ഗ്രാമചന്ത മൽസ്യമാർക്കറ്റ്.


ഇവ ഏഴല്ലൂർ, ഈസ്റ്റ് കലൂർ, പാറ, കുമാരമംഗലം എന്നീ സ്ഥലങ്ങളിൽ നടത്താൻ ഗ്രാമസഭകൾക്ക് തീരുമാനം എടുക്കാവുന്നതാണ് പച്ചക്കറി കൃഷി വികസിക്കുകയാണെങ്കിൽ ആഴ്ച, ചന്തകൾക്കും കൂടുതൽ സാധ്യത വർദ്ധിക്കും നമ്മുടെ ഗ്രാമത്തിലിപ്പോൾ കന്നാരകൃഷി അഭിവൃത്തി പ്രാപിച്ച് വരുകയാണ് ഏഴല്ലൂർ കേന്ദ്രീകരിച്ച് കന്നാര മാർക്കറ്റിന് കൂടുതൽ സാധ്യതയുണ്ട്.

കച്ചവട ലൈസെൻസ്

കച്ചവടം തുടങ്ങുന്നതിന് ഉള്ള ഫീസ് അല്പം വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ അത് ശരിയാവണ്ണം പിരിച്ചെടുക്കുന്നില്ല. വാർഡുതോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ശരിയാവണ്ണം പിരിച്ചെടുക്കുകയും വേണം.

നാഷണൽ സേവിങ്ങ്സ്കീം.

ഓരോപഞ്ചായത്തിൽ നിന്നും പിരച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രികയുടെ 15 % മുതൽ 25 ശതമാനം വരെ ആ പഞ്ചായത്തിൽ കിട്ടുന്ന വ്യവസ്ഥ ഇപ്പോഴുണ്ട് അതുപോലെ തന്നെ പോസ്റ്റാഫീസ് സേവിങ്ങ് സ്കീമിൽ മഹിളാ പ്രധാൻ ഏജൻറുമാരെ പ്രയോജനപ്പെടുത്താവുന്നതും ഇതിൻെറ വിഹിതം സർക്കാരിൽ നിന്നും നേടി എടുക്കാൻ ശ്രമിക്കാവുന്നതുമാണ്..



ഉപസംഹാരം

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതിയിലും ഒട്ടേറെ വികസനം രാജ്യത്ത് നടന്നിട്ടുണ്ടെങ്കിലും ഇതിൽ നിലനിന്നിരുന്ന അശാസ്ത്രീയവും ജനവിരുദ്ധവുമായ സമീപനം കൊണ്ടുതന്നെ പ്രതീക്ഷക്കൊത്ത് ഫലം തന്നിട്ടില്ല. റോഡും പാലവും കുടിവെള്ളവും മറ്റുമായാൽ വികസനമായി എന്നൊരു മിഥ്യാധാരണ നില നിന്നിരുന്നു. കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചയിലൂന്നിനിന്നുള്ള സമഗ്ര വികസനമാണ് ഇന്നത്തെ ലക്ഷ്യം.

മുകളിൽനിന്നും താഴെയ്ക്കുവരുന്ന വികസനതന്ത്രത്തിനുപകരം താഴെതലത്തിൽനിന്നും തിരിച്ചുംജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ ആഗ്രഹിക്കുന്ന വികസനസംസ്കാരമാണ് നാം വിഭാവനം ചെയ്യുന്നത് കേരളാമോഡൽ. ഗ്രാമസഭകളാണ് അതിന്റെ ആണിക്കല്ല്. ഗ്രാമപഞ്ചായത്തുകളാണ് അത് സംവിധാനം ചെയ്യുന്നത്.

പണമില്ലാതെ വികസനം സാധ്യമല്ല. ഫണ്ടു സമാഹരണത്തിന് പുതിയ പാതകൾ കണ്ടെത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നു. സർക്കാരേതര ഏജൻസികളെ കണ്ടെത്തിഫണ്ടുശേഖരിക്കാൻ വിഷമമില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ വന്നുചേരുന്നസമീപനം സ്വീകരിക്കുന്നു. പരമാവധി തർക്കം പരിഹരിച്ച് ഐക്യം വളർത്തുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായ ഒരു വികസന സംസ്കാരം രൂപപ്പെട്ടുവരുന്നു.

മുൻഗണനാക്രമത്തിൽ ജനകീയവും കാര്യക്ഷമവുമായ രീതിയിൽ പദ്ധതികൾ നടപ്പാക്കണം. വിദഗ്ദസമിതികളുടെ അഭിപ്രായങ്ങളും മാനിക്കപ്പെടുന്നു.

സർക്കാർ നൽകുന്ന നാൽപ്പതു ശതമാനം വിഹിതം തന്നെ മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട തുകയാണ്. അതിനോടു കൂടെ ഇരുപത്തഞ്ചു ശതമാനം ജനവിഹിതം കൂടി കൂട്ടുമ്പോൾ പ്രതിവർഷം ഒരു പഞ്ചായത്തിന് വികസനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിനുതന്നെ ഇതു കാരണമാകും. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശയെ ഉണർത്തിവിട്ട് ജനകീയ പദ്ധതികൾ വളരെ വേഗത്തിൽ നടപ്പാക്കാനുള്ള ഒരു സാമൂഹ്യായുധമാണ്.

അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനമെന്ന സമവാക്യം ടമാക്കി നാം ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ മുഴുകിയാൽ പാലാഴി മഥനത്തിൽനിന്നും അമൃതകുംഭം എന്നപോലെ യഥാർത്ഥ ജനകീയരാഷ്ട്രീയം ഉയർന്നുവരുമെന്നതു സ്വാഭാവികം മാത്രമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിൽ ഒരു ഒബ്ജിയേറ്റംതന്നെ സൃഷ്ടിക്കാൻ നമുക്കു കഴിയുന്നു.

മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ സമീപകാലത്തുതന്നെ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഈ വികസനരേഖ കുമാരമംഗലം ഗ്രാമപഞ്ചായത്ത് വികസനസമിനാറിനു മുമ്പാകെ വിശകലനത്തിനും ചർച്ചക്കും പരിഷ്കരണത്തിനും അംഗീകാരത്തിനും വേണ്ടി സമർപ്പിക്കുന്നു.

പ്രസിഡന്റ് ജീലാ ജോസഫ്

"ഭാരതാംബ നമ്മുടെ
ഗ്രാമ ജീവിതങ്ങളെ
ഭാവി ഭദ്രമാക്കാൻ
വിളിക്കുകയാണ് കൂട്ടരെ"

കുമാരമംഗലം പഞ്ചായത്തിന്റെ പ്രവർത്തന രേഖ

1995 ഒക്ടോബർ 2 -ാം തിയതി പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ബഹുജന സംഘടനകളുടേയും സാന്നിദ്ധ്യത്തിൽ പഞ്ചായത്തു കമ്യൂണിറ്റി ഹാളിൽ വച്ച് നിലവിലുള്ള കമ്മറ്റിയുടെ സത്യപ്രതിജ്ഞാ ചടങ്ങു നടന്നു. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിൽ ഈ കമ്മറ്റി സജീവമായി നിലകൊള്ളുമെന്ന് ആ യോഗത്തിൽ വച്ച് പഞ്ചായത്തു പ്രസിഡൻറ് ശ്രീമതി ഷീല ജോസഫ് പ്രഖ്യാപിച്ചു.

തുടർന്നുള്ള പ്രവർത്തനങ്ങളിൽ എടുത്തുപറയാവുന്ന ഒരു കാര്യം ഗ്രാമസഭകൾ വിളിച്ചു ചേർക്കലായിരുന്നു. ഡിസംബർ 9 -ാം തിയതി മുതൽ ഡിസംബർ 31 -ാം തിയതി വരെ ഗ്രാമസഭകൾ നടന്നു. ഒട്ടേറെ ജനകീയ പ്രശ്നങ്ങൾ ഉയർന്നു വന്നെങ്കിലും അവയിൽ ഏതാനും സംഗതികൾക്കു മാത്രമേ പരിഹാരം കാണാൻ നാളിതുവരെ കഴിഞ്ഞിട്ടുള്ളു.

പതിവു പോലെ ഓണാഘോഷവും ഗ്രാമീണ കലാമേളയും കഴിഞ്ഞവർഷവും നടത്തി. മുൻവർഷത്തെ അപേക്ഷിച്ച് നല്ല ജനപങ്കാളിത്തം ഈ പരിപാടിയിൽ ഉണ്ടായിരുന്നു. വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ജനകീയാസൂത്രണ പദ്ധതി.

1996 ഓഗസ്റ്റ് 16 മുതൽ 22 വരെ തൃശൂരിൽ വച്ച് നടന്ന K.R.P. ക്യാമ്പുമുതലാണ് ഈ പഞ്ചായത്തിൽ പുതിയ ആസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചത്. പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ഷീലാ ജോസഫും സാബു വർഗീസുമാണ് ഈ ക്യാമ്പിൽ പങ്കെടുത്തത്.

സെപ്റ്റബർ 11, 12, 13 തീയതികളിൽ തൊടുപുഴ ടൗൺ ഹാളിൽ വച്ച് D.R.P മാരുടെ മൂന്നു ദിവസത്തെ ക്യാമ്പു നടന്നു. ഈ പഞ്ചായത്തിൽ നിന്നും 11 പേർ പങ്കെടുത്തു. പഞ്ചായത്തിലെ DRP കൺവീനർ ശ്രീ. വി.പി. ഗോപാലനാണ്.

കുമാരമംഗലം പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടിക്ക് രൂപം കൊടുക്കുന്നത് അതിനു ശേഷമാണ്. പഞ്ചായത്തുതല LRP ക്യാമ്പ് 16-9-96 ൽ ആണ് നടന്നത്. 98 പുരുഷൻമാരും 13 സ്ത്രീകളും ഉൾപ്പെടെ 111 പേർ പങ്കെടുത്തു. ഒരു മുന്നേറ്റം തന്നെ ഈ പരിപാടിയിൽ അനുഭവപ്പെട്ടു.

ഗ്രാമസഭകൾ എങ്ങനെ വിജയിപ്പിക്കാം എന്നതായിരുന്നു പ്രധാന ചർച്ചാ വിഷയം. ഗ്രാമസഭകൾ സെപ്റ്റബർ 21, 22, 28, 29, ഒക്ടോബർ 2, 6 എന്നീ തിയതികളിൽ നടന്നു. ഗ്രാമസഭകളിൽ ചിലത് വിജയകരമായിരുന്നില്ല. പങ്കാളിത്തം കുറവായിരുന്നു. എങ്കിലും ഓരോ വാർഡിൽ നിന്നും ജനങ്ങളുടെ ആവശ്യങ്ങളുടെ ഒരു പ്രവാഹം തന്നെ അവിടെ ഉയർന്നു വന്നു.

ദ്വിതീയ വിവരശേഖരണവും വിഭവഭൂപട നിർമ്മാണം, പഠന പര്യടനം തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചു. ദ്വിതീയ വിവര ശേഖരണത്തിൽ ഓഫിസുകളിൽ നിന്നും മോശമല്ലാത്ത സഹകരണമുണ്ടായി.

എൽ. ആർ.പി. മാരുടെ രണ്ടാം ഘട്ടപരിശീലന ക്യാമ്പ് 23-11-96 നാണ് പഞ്ചായത്തിൽ നടന്നത്. 26 സ്ത്രീകളും 53 പുരുഷൻമാരുമുൾപ്പെടെ 79 പേർ പങ്കെടുത്തു.

ഒക്ടോബർ രണ്ട് പുനരർപ്പണദിനത്തിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പുതിയ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ജനകീയാസൂത്രണ പരിപാടിയിൽ ജില്ലാതല പ്രവർത്തകരുടെ സഹകരണമുണ്ടായിരുന്നു. എല്ലാ രംഗത്തും ബ്ലോക്കുമെമ്പർ ശ്രീമതി ഡെയ്സി ജോർജിന്റെ സഹകരണം. എടുത്തു പറയേണ്ടിയിരിക്കുന്നു.

ആസൂത്രണ രംഗത്ത് ഇന്നു നടന്നു, വരുന്ന പ്രവർത്തനങ്ങൾ ശാസ്ത്രീയവും സാമൂഹ്യനീതി ഉറപ്പാക്കുന്നതുമാണ്. ലളിതമായ പ്രവർത്തനമല്ലാ നാം ഏറ്റെടുക്കാൻ പോകുന്നത്. ബഹുജന സഹകരണത്തോടെ ഭരണ സമിതിയും വികസന സമിതിയും കൈകോർത്ത് പ്രവർത്തിച്ചാൽ ഭാവിയേകുറിച്ച് ആശങ്കയ്ക്ക് അവകാശമില്ല.

ഷീല ജോസഫ്

പഞ്ചായത്ത് പ്രസിഡൻറ്

വികസനരേഖ നിർമ്മാതാക്കൾ

വി.പി. ഗോപാലൻ

സാബു വർഗീസ്

എം.ടി. തങ്കച്ചൻ

ഷീലാ ജോസഫ്

ഡെയ്സി ജോർജ്ജ്

സ്കറിയാച്ചൻ പി. ജോർജ്ജ്

കെ. കൃഷ്ണമൂർത്തി

എ.ജെ. വർക്കി

സോണി സ്കറിയ

മേരി വർക്കി

കുഞ്ഞപ്പൻ ചാത്തൻ

പി.പി. ഷാജി

വി. എ. മുഹമ്മദ്

ടി.എം. ജോർജ്ജ് തൈമറ്റം

ടി.എം. ജോർജ്ജ് തെക്കുംതടം

എം.എം. മാത്യു

റ്റി.ആർ. ഗോപാലൻ കൃഷ്ണൻ നായർ

ജോസ് കിഴക്കേക്കര

എൽസി ജോസഫ്

അച്ചാമ്മാ സെബാസ്റ്റ്യൻ

ജോർജ്ജ് മാറാട്ടിൽ

സുലൈമാൻ പി.എം.

കരുണാകരൻ പി.കെ.

കെ.എസ്. രാമചന്ദ്രൻ

ഒ.എൻ. തങ്കപ്പൻ

മോഹനൻ പി.കെ.

ഐപ്പച്ചൻ കീരിക്കാട്ട്

വി.എം. മാധവൻ

വി.പി. സുകുമാരൻ

വി.പി. ഷാജു

രണദേവൻ കെ.എൻ.

കെ.എസ്. നാരായണൻ

എൻ.ജെ. കുഞ്ഞുമോൻ

നാട്ടറിവ് നൽകിയവർ

ഭാസ്കരൻ നായർ കോയിക്കൽ

എം.കെ. കേശവൻ

റ്റി.എം. സെയ്തു മുഹമ്മദ്

പി. നാരായണൻ നായർ

ജി. രവീന്ദ്രനാഥൻ നായർ

എസ്. രാഘവൻ നായർ

എം.ജെ. എബ്രാഹാം

TYPE SETTING **FINE D.T.P CENTER** *PRINTING* **FINE OFFSET**

ഒരു സന്ദേശം:-

അർപ്പിക്കുന്നീ വികസന നിശ്ചയാർ—
ട്ട് തിരമാലതൊടു പൊതുജനമദ്ധ്യ
അവികലമാണെന്നുള്ളൊരു ഭാവം
അവതാരകരാം ഞങ്ങൾക്കില്ല
കുറ്റം, കുറവുകൾ ചൂണ്ടിക്കാട്ടാൻ
ഉറ്റവർ നിങ്ങൾ മടിയ്ക്കരുതൊട്ടും
ചദ്ധതി ചലതുകഴിഞ്ഞിട്ടും ജന
മദ്ധ്യ ബോധമുദിച്ചിട്ടില്ല.
മുകളിലിരിയ്ക്കും ആസൂത്രികരുടെ
മികവുശരിക്കും ഫലിച്ചിട്ടില്ല.
വികസനമെവിടെ നടക്കണമെന്ന്
വികസന സമിതികൾ ചൂണ്ടിക്കാട്ടും.
വഴിയും, വൈദ്യുത ബൾബുകളും കൂടി—
വെള്ളവുമായാൽ വികസനമല്ല
വ്യക്തികൾ തന്നുടെ ജീവിതമാർഗ്ഗം
നിത്യമുയർത്താൻ ചദ്ധതി വേണം
തൊഴിലധിഷ്ഠിതമാക്കുക നമ്മുടെ
വിദ്യാഭ്യാസം സമയോചിതമായ
വ്യവസായത്തിനു മുന്നാലു നൽകി
തൊഴിലില്ലായ്മ കുറയ്ക്കണമിനി നാം
ചക്കക്കറികൾ നാട്ടുവളർത്തി
മെച്ചപ്പെട്ട വളങ്ങളുചെയ്താൽ
തുച്ഛവിലയ്ക്കു നമുക്ക് ലഭിക്കും
ഇരയ്ക്കൊരുത്താരു കറിയും കൂട്ടാം
വിത്തും വളവും സർക്കാർ നൽകും
ഒത്തു ശ്രമിക്കുക കർഷകരെല്ലാം
കാലി വളർത്തലു ശീലമതാക്കി
പാലു കറക്കുക വീടുകൾ തോറും
കർഷകരവരുടെ വിളകൾക്കെല്ലാം
കർശനമായ് സംരക്ഷണമേകൂ
അഴിമതികഴിവതുമൊഴിവാക്കാനായ്
വികസന സമിതികൾ സ്വദ്ധിക്കട്ടെ

കെ.ജി. ഇടക്കോലി

അനുബന്ധം

കൃഷിയും ജലസേചനവും

1. പച്ചക്കറി വിപണനം പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക
2. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ വിള ഇൻഷ്വർ ചെയ്യാത്തവർക്കും ബാധകമാക്കുക.
3. ഗ്രാമ സഭകൾക്കു പങ്കാളിത്തമുള്ള നഴ്സറികൾ പഞ്ചായത്തിൽ ആരംഭിക്കുക.
4. ജലസംഭരണക്കുഴികൾ നിർമ്മിക്കുക.
5. മണ്ണൊലിപ്പ് തടയാൻ രാമച്ചം നടുക.

മൃഗസംരക്ഷണം

1. സങ്കരയിനം പശുക്കൾ, ആടുകൾ, എരുമകൾ എന്നിവയെ പാൽ സൊസൈറ്റി മുഖാന്തിരം വിതരണം ചെയ്യുകയും സൊസൈറ്റിയിൽ തന്നെ പാൽ ഏൽപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

വ്യവസായം

1. പൈനാപ്പിൾ ഫാക്ടറി ആരംഭിക്കുക.
2. ക്രംബ് ഫാക്ടറി

പട്ടിക ജാതി പട്ടിക വർഗ്ഗം

1. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാൻ രണ്ടുവാർഡിന് ഒന്നു വീതം ട്യൂഷൻ സെൻറർ സ്ഥാപിക്കുക.
2. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് ബോധവൽക്കരണം നടത്തുക. കിർത്താസ് പോലുള്ള സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കുക.
3. S.C.S.T. കോളനികളിലേക്കുള്ള റോഡുകൾ വീതികൂട്ടി ടാർ ചെയ്യുക.
4. വീടുകളുടെ അറ്റകുറ്റപ്പണികൾ പഞ്ചായത്ത് യഥാസമയം നടത്തുക.
5. സർക്കാർ നൽകുന്ന സഹായങ്ങളെ ജനങ്ങളെ പറഞ്ഞ് ബോധ്യപ്പെടുത്തി അവരെ ആകർഷിക്കുക.

സഹകരണ മേഖല

1. പൈനാപ്പിൾ സഹകരണസംഘം സ്ഥാപിക്കുക.
2. പഞ്ചായത്തിൽ വോട്ടവകാശമുള്ള എല്ലാവരേയും സംഘത്തിൽ മെമ്പറാക്കുക. അങ്ങനെ ബാങ്കിൻെറ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുകയും ബാങ്കുമായി എല്ലാവർക്കും ബന്ധമുണ്ടാവുകയും ചെയ്യും.
3. വീട്ടമ്മമാരുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് വനിതാ കുടുംബ ഫണ്ട് പദ്ധതി നടപ്പിലാക്കുക.

പാർപ്പിടം ഭവന നിർമ്മാണം

1. ഭൂമിയില്ലാത്ത എല്ലാവർക്കും 5 സെൻറു ഭൂമി നൽകുവാൻ പഞ്ചായത്തു സമിതിക്കു കഴിയണം.
2. ഹൗസിംഗ് ബോർഡുമുഖാന്തിരം നടത്തുന്ന ഭവന നിർമ്മാണ വായ്പ സഹകരണ സംഘങ്ങൾ വഴിയും വിതരണം ചെയ്യുക.

വനിത.

1. മൊത്തം 14 അംഗൻവാടികളുണ്ട്.
2. കെട്ടിടം ഇല്ലാത്ത സ്ഥലത്ത് നല്ല കെട്ടിടം പണിതു കൊടുക്കുക.
3. ആഹാരം പാകം ചെയ്യാനുള്ള പാത്രങ്ങൾ വാങ്ങിക്കൊടുക്കുക.
4. കുട്ടികൾക്ക് കളിപ്പാട്ടങ്ങളും കളിസ്ഥലങ്ങളും നിർമ്മിച്ചു കൊടുക്കുക.
5. അംഗൻവാടികളിൽ കുടിവെള്ളം, കക്കൂസ് തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
6. വാർഡുകൾതോറും മഹിളാ സമാജങ്ങൾ രൂപീകരിക്കുക.
7. അംഗൻവാടികളിൽ ആവശ്യമായ ഫർണിച്ചറുകൾ നിർമ്മിച്ചു കൊടുക്കുക.
8. കുട്ടികൾക്ക് ആവശ്യമായ ബാലസാഹിത്യ കൃതികൾ, ചിത്രകഥകൾ, ഉൾപ്പെടെയുള്ള ലൈബ്രറിയും റ്റി.വി. സെറ്റും സ്ഥാപിക്കുക.

വിഭവ സമാഹരണം

1. സെയിൽടാക്സ് ഇനത്തിൽ പിരിക്കുന്ന തുകയുടെ അർഹമായ വിഹിതം പഞ്ചായത്തിനു നൽകുക.
2. പെരുമ്പിള്ളിച്ചിറയിൽ ടാക്സിസ്റ്റാൻറും മത്സ്യമാർക്കറ്റും ഗ്രാമചന്തയും സ്ഥാപിക്കണം.

സാംസ്ക്കാരിക രംഗം

1. പ്രശസ്ത വിവർത്തകനും ദേശബന്ധു പത്രാധിപരുമായിരുന്ന എം.എസ്. ചന്ദ്രശേഖര വാര്യർ
2. ഡോക്ടർ ജോർജ്ജ് തിരുവാങ്കുളം പ്രശസ്തനായ ഒരു എഴുത്തുകാരനാണ്.

പുതിയ റോഡുകൾ

1. ഇടപ്പാട്ടുകടയ്ക്കൽ നിന്നും തുടങ്ങുന്ന 1.5 കി.മീറ്റർ റോഡ്
2. റബ്ബർബാൻറു കമ്പനിപ്പടി റോഡ് 1 കി.മി.
3. പ്ലാൻേറഷൻ കമ്പനിപ്പടി റോഡ് 1.5 കി.മി.
4. പെരുമാംകണ്ടം വിലങ്ങുകല്ല് റോഡ് 1 കി.മീ.
5. പെരുമാംകണ്ടം റാത്തപ്പിള്ളി റോഡ് 1 കി.മീ.
6. പള്ളിത്താഴം വെള്ളാരം തണ്ട് റോഡ് 2 കി.മീ.
7. പ്ലാൻേറഷൻ കിഴക്കേ കോടിക്കുളം 2 കി.മീ.
8. കുമ്മായപ്പുര നടുവൊത്തപാറ റോഡ് 1 കി.മി.
9. കുമ്മായപ്പുര വലിയപാറ റോഡ് 1 കി.മീ.
10. കടുക - കുടിയിരിക്കൽ റോഡ് 1 കി.മീ.
11. പെരുമ്പിള്ളിച്ചിറ പാലമല പത്താഴപ്പാറ 2 കി.മീ.
12. ആശുപത്രിക്കവല മേക്കുന്നേൽപാടം റോഡ് 1 കി.മീ.
13. പെരുമ്പിള്ളിച്ചിറ മില്ലുംപടി 1 കി.മീ.
14. തോപ്പിൽപടി ഞാലിൽകോട്ട് റോഡ് 1 കി.മീ.
15. മതിരപ്പാറ പെരുമ്പിള്ളിച്ചിറ 1.5 കി.മീ.
16. കിഴക്കേ കൊല്ലംകുടി റോഡ് 800 മീ.
17. പാറ മൈലക്കൊമ്പ് റോഡ് 500 മീ.
18. പള്ളിപ്പീടിക മൈലക്കൊമ്പ്. 700 മീ.

ആശംസകൾ,

കെ. പി. വർക്കി & സൺസ്

കാക്കനാട്ട് ജൂവലേഴ്സ്





തൊടുപുഴ
✆ 22397

കോതമംഗലം
✆ 522365

അടിമാലി
✆ 22333

ആശംസകൾ,

പാണങ്കാട്ട് ഏജൻസീസ്

ഇടുക്കി റോഡ്, തൊടുപുഴ
✆ 24398 Res: 58320

DEALERS IN

STEEL -ALUMINIUM - MOULDED FURNITURE

ബ്രാഞ്ച് **പാണങ്കാട്ട് ട്രേഡേഴ്സ്**


മുതലക്കോടം റോഡ്, തൊടുപുഴ
✆ 257229

ആശംസകൾ,

രഞ്ജു എൻജിനീയറിംഗ് വർക്സ്

പാറ ജംഗ്ഷൻ
കുമാരമംഗലം





ഗയിറ്റ്, ഗ്രില്ല്, റോളിംഗ് ഷട്ടർ, കൊളാപ്സബിൾ ഷട്ടർ, ട്രസ്സ് വർക്ക് മുതലായവ ഉത്തരവാദിത്വപൂർവ്വം കൃത്യമായി ചെയ്തു കൊടുക്കപ്പെടും.

ആശംസകൾ,

തൊടുപുഴ ഓട്ടോസ്

മൂവാറ്റുപുഴ റോഡ്
(Near fire Station)
തൊടുപുഴ

ജീപ്പ്, അംബാസഡർ, റാറ്റാ 407, ഫിയറ്റ്
മുതലായ വാഹനങ്ങളുടെ സ്പെയർ പാർട്സുകൾ

ആശംസകൾ,

കർഷകരുടെ ശ്രദ്ധക്ക്

ഫോർമ്മിക്ക് ആസിഡ്, രാസ വളങ്ങൾ, കീടനാശിനികൾ, ആസ്പി സ്പ്രയറുകൾ, റെയിൻഗാർഡിങ്ങിന് ആവശ്യമായ പ്ലാസ്റ്റിക്ക് ഷേഡ്, പശ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

Rubber point

Market Road
Thodupuzha

Branch..
Pala Road
(Op.Pvt BusStand)
Thodupuzha

CERA®

REGAL SANITARY WARES

PALAI ROAD, THODUPUZHA - 685 584
PHONE : (04862) 23153

Stockists for : CERA® Sanitary wares, Glazed Tiles DIAMOND **Stainless Steel Kitchen Sinks**

Duralite® **Flushing Cisterns** REGENCY CERAMICS **and all kinds of water Supply Equipments**

KILA INSTITUTE OF LOCAL ADMINISTRATION LIBRARY THRISSUR-680581

93 A255

Best Compliments

✆ 22264

VARSHA UMBRELLAS

MANUFACTURERS ALL TYPE OF UMBRELLAS

MATHA SHOPPING ARCADE
THODUPUZHA

ആശംസകൾ,

✆ 26146

K.K Agencies

Thodupuzha East.

Dealers in , OIL & SPARES

ആശംസകൾ,

നെല്ലിക്കൽ സൈക്കിൾസ്

മാതാ ഷോപ്പിംഗ് ആർക്കേഡ്

✆ 25639

കുമാരമംഗലം സർവ്വീസ് സഹകരണ ബാങ്ക്

ക്ളിപ്തം നമ്പർ 4122

ഈസ്റ്റ് കലൂർ

തൊടുപുഴ

ഇടുക്കി ജില്ലയിലെ ഏറ്റവും നല്ല
സർവ്വീസ് സഹകരണ ബാങ്കുകളിൽ ഒന്ന്

ബ്രാഞ്ചുകൾ,	Phone:
കലൂർ	67238
ഏഴല്ലൂർ	48253
കുമാരമംഗലം	22714

എല്ലാവിധ ബാങ്കിടപാടുകൾക്കും പുറമേ
ചിട്ടികൾ, വളം, കീടനാശിനി എന്നിവയുടെ
വിതരണം കൺസ്യൂമർ സ്റ്റോർ,സേയ്ഫ്
ഡിപ്പോസിറ്റ് ലോക്കർ സൗകര്യം

ആകർഷകമായ പലിശ നിരക്കിൽ

നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

ടി. എൻ. സുശീലൻ നായർ
പ്രസിഡൻറ്

എ. ജെ. ജോർജ്ജ്,
സെക്രട്ടറി.

GOLD GOLD GOLD GOLD GOLD GOLD GOLD GOLD GOLD GOLD GOLD

മാറ്റു കൂട്ടുന്ന സ്വർണ്ണ സൗന്ദര്യം

കണ്ടിരിക്കൽ

ജ്വല്ലേഴ്സ്

തൊടുപുഴ
✆ : 22314

കോതമംഗലം
✆ : 522814

തൊടുപുഴ
✆ : 23020

GOLD GOLD GOLD GOLD GOLD GOLD GOLD GOLD GOLD GOLD GOLD